
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2021 ഫെബ്രുവരി
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**പഴമ മലയാളം**
(വൈജ്ഞാനികം)
**പള്ളിയറ ശ്രീധരൻ**
വില ₹90



**വടക്കൻപാട്ട് കഥകൾ**
(നാടോടിക്കഥകൾ)
**സജീവൻ മൊകേരി**
വില ₹550




**ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക്**
(ചരിത്രം)
വില ₹650



**കുട്ടികളുടെ ലോകം**
(വൈജ്ഞാനികം)
**ഡോ. എം ആർ തമ്പാൻ**
വില ₹40



**നമ്മുടെ എഴുത്തുകാർ**
(വൈജ്ഞാനികം)
**ശ്രീജിത് പെരുന്തച്ചൻ**
വില ₹150




**ഐതിഹ്യമാല കുട്ടികൾക്ക്**
(പുനരാഖ്യാനം)
**ജ്യോതി കെ ജി**
വില ₹400



**ഉൽപ്പത്തി കഥകൾ**
(പുനരാഖ്യാനം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹90



**സുമയ്യ**
(നോവൽ)
**തസ്മിൻ ഷിഹാബ്**
വില ₹90



**പച്ചപ്പനങ്കിളി**
(കവിത)
**ഡോ. എസ് രാജശേഖരൻ**
വില ₹45




**പനിനീർപ്പൂവ്**
(കവിത)
**ഹാജറ കെ എം**
വില ₹110



**ഇ എം എസിന്റെ ജീവിതകഥ** (ജീവചരിത്രം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹70

**കൂടുതൽ പുസ്തകങ്ങൾക്ക്** website : www.ksicl.org

**കോപ്പികൾക്ക്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്


പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

**ഫെബ്രുവരി 2021**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**


## ഉള്ളടക്കം

## ഈദു പെരുന്നാൾ

**6**

**പുനരാഖ്യാനം : റോസ്മേരി**

ഈദു ദിനത്തിൽ കൂട്ടുകാരോടൊപ്പം വലിയ പള്ളിയിൽ പോയതായിരുന്നു ഹമീദ്. കൂട്ടുകാരെല്ലാം കൈ നിറയെ പൈസയുമായി വന്നപ്പോൾ അവന്റെ കൈയിൽ മൂന്നു പൈസയായിരുന്നു ഉണ്ടായിരുന്നത്. കൂട്ടുകാർ കളിപ്പാട്ട ങ്ങളും മധുരപലഹാരങ്ങളും വാങ്ങി യപ്പോൾ കുഞ്ഞു ഹമീദ് എന്താണ് വാങ്ങിയതെന്ന് അറിയണ്ടേ?



## ലൂയി ബ്രെയ്‌ൽ

**14**

**ഗംഗാധരൻ ചെങ്ങാലൂർ**



കാഴ്ചയില്ലാത്തവരുടെ ജീവിതത്തിൽ വിജ്ഞാനത്തിന്റെ വെളിച്ചം പകർന്ന മനുഷ്യസ്നേഹിയാണ് ലൂയി ബ്രെയ്‌ൽ. അന്ധത ശാപമായി ഗണിക്കപ്പെട്ടിരുന്ന ഒരുകാലത്ത് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു നയിക്കാനും അന്തസ്സോടെ ജീവിക്കാനും അദ്ദേഹം നടത്തിയ പരിശ്രമത്തിന്റെ കഥ വായിക്കൂ...

## ശ്രീബുദ്ധൻ- വിപ്ലവകാരിയായ സ്വതന്ത്ര തത്ത്വചിന്തകൻ

**ജോസഫ് പനയ്ക്കൽ**

**30**

യുക്തിബോധമുള്ള ആദ്യ തത്ത്വ ചിന്തകനാണ് ശ്രീബുദ്ധൻ. ജാതി വ്യവസ്ഥയെയും അന്ധവിശ്വാസ ങ്ങളെയും അദ്ദേഹം എതിർത്തു. വിപ്ലവകരങ്ങളായിരുന്നു ബുദ്ധന്റെ ദർശനങ്ങൾ.




**എഡിറ്റോറിയൽ**..........4
പള്ളിയറ ശ്രീധരൻ
**കവിതാപരിചയം**..........12
വൈലോപ്പിള്ളി ശ്രീധരമേനോൻ
**അമ്മയ്ക്കാവില്ല!**..........13
രാജഗോപാലൻ നാട്ടുകൽ
**അമ്മേ നീ**..........21
തൊടുപുഴ കെ ശങ്കർ
**ഡിയഗോ - അനശ്വരതയിലേക്ക് ഡ്രിബിൾ ചെയ്തുകയറിയ ഇടംകാൽ**..........22
മിഥുൻ സുരേന്ദ്രൻ
**കമ്പിളിപ്പുഴുവേ..!**..........26
മധു ആലപ്പടമ്പ്
**സ്കൂൾഡെയ്സ്**..........27
എൻ ടി രാജീവ്
**ഉണ്ണിയുടെ വീട്**..........28
കെ കെ പല്ലശ്ശന
**മഴയിലൊരു പെൺകുട്ടി**..........29
അമൃത കേളകം
**വാഴപ്പെരുമ**..........34
അസുരമംഗലം വിജയകുമാർ
**കടപയാദി**..........35
പള്ളിയറ ശ്രീധരൻ
**കാഴ്ചകൾ, കൗതുകങ്ങൾ**..........36
വിജയൻ കോതമ്പത്ത്
**ടോം സോയറുടെ സാഹസിക ജീവിതം**..........42
പുനരാഖ്യാനം : ജോളി വർഗീസ്
**പഴമൊഴിപ്പത്തായം**..........45
രേഖ ആർ താങ്കൾ
**ഡിജിറ്റൽ ഗാഡ്ജറ്റുകൾ കുട്ടികൾക്ക് ഭീഷണിയാകുമോ?**..........46
ഡോ. അജീഷ് പി ടി
**പാതാള തവള**..........49
വി യു രാധാകൃഷ്ണൻ
**മഹാഭാരതം**..........50
സുഗതകുമാരി
**ഇളംതളിര്**..........52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**..........54



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ആദിത്യൻ ജെ സജി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: സചീന്ദ്രൻ കാറഡുക്ക



തളിര് വായനക്കാരായ പ്രിയപ്പെട്ട കുട്ടികളേ,

തളിര് മാസികയുടെ എല്ലാമെല്ലാമായിരുന്ന നമ്മുടെ പ്രിയപ്പെട്ട സുഗതകുമാരിടീച്ചർ ഇന്ന് നമ്മോടൊപ്പമില്ല. കേരളത്തിന്റെ സാമൂഹിക സാംസ്കാരികരംഗത്ത് നികത്താനാകാത്ത നഷ്ട മാണ് ടീച്ചറിന്റെ വിയോഗം സൃഷ്ടിച്ചിരിക്കു ന്നത്. ടീച്ചറുടെ മുഖപ്രസംഗം ഇല്ലാതെ പ്രസി ദ്ധീകരിക്കുന്ന ആദ്യ തളിര് മാസികയാണിത്. തളിര് മാസികയുടെ സ്ഥാപക പത്രാധിപയും മരണം വരെ ചീഫ് എഡിറ്ററും ആയിരുന്ന ടീച്ചറിന് ഈ മാസികയുമായുള്ള ആത്മബന്ധം വാക്കുകൾക്കതീതമാണ്. ടീച്ചറിന്റെ വേർപാട് എല്ലാവരെയും പോലെ തളിര് മാസികയ്ക്കും തീരാനഷ്ടമാണ്.

പക്ഷേ ഒരു കാര്യം കൂട്ടുകാർ ഓർക്കുക. നമ്മളെ വിട്ട് ടീച്ചർക്ക് ഒരിടത്തും പോകാൻ കഴിയില്ല. അദൃശ്യയായി ടീച്ചർ നമ്മളോടൊപ്പം ഉണ്ടാകും.

'മുൻമൊഴി' എന്ന പംക്തിയിലൂടെ ടീച്ചർ നിങ്ങൾക്ക് ഒരുപാട് നല്ല കാര്യങ്ങൾ പറഞ്ഞു തന്നിട്ടുണ്ട്. അതെല്ലാം കൂട്ടുകാർ ഓർക്കുന്നു ണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. വെളിച്ച ത്തിന്റെ ആ പാതയിലൂടെ നിങ്ങൾ സഞ്ചരിക്കണം.

ജീവിതവിജയം നിങ്ങളെ തേടി വരും.


ഒരു അധ്യയനവർഷം അതിന്റെ പരിസമാപ്തിയിലേക്ക് നീങ്ങുകയാണ്. ഓൺലൈൻ പഠനരീതിയുമായി പൂർണ്ണമായി പൊരുത്തപ്പെടാൻ ചിലർക്കെങ്കിലും പ്രയാസം തോന്നിയിട്ടുണ്ടാകും. ഇപ്പോൾ കുറച്ചു കൂട്ടുകാർക്കെങ്കിലും സ്കൂളിൽ പോയി പഠിക്കാൻ കഴിയുന്നുണ്ട്. കോവിഡ് എന്ന മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി കൂട്ടുകാർ ഇതിനെ കണ്ടാൽ മതി.

എല്ലാവരും നന്നായി പഠിക്കുക. അടുത്ത അധ്യയന വർഷം എല്ലാ കൂട്ടുകാർക്കും സ്കൂളിൽ പോയി പഠിക്കുവാനും കൂട്ടുകാരുമായി സമയം ചെലവഴിക്കാനും അവസരം കിട്ടട്ടെ.

നിർഭയരായി ജീവിക്കുക. നന്മ നിറഞ്ഞ, ദുരിതങ്ങൾ ഒഴിഞ്ഞ, ഐശ്വര്യപൂർണ്ണമായ ഒരു നല്ല നാളേക്കായി പ്രതീക്ഷയോടെ നമുക്കു കാത്തിരിക്കാം.

സ്നേഹത്തോടെ,
**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

ഒരു അധ്യയനവർഷം അതിന്റെ പരിസമാപ്തിയിലേക്ക് നീങ്ങുകയാണ്. ഓൺലൈൻ പഠനരീതിയുമായി പൂർണ്ണമായി പൊരുത്തപ്പെടാൻ ചിലർക്കെങ്കിലും പ്രയാസം തോന്നിയിട്ടുണ്ടാകും. ഇപ്പോൾ കുറച്ചു കൂട്ടുകാർക്കെങ്കിലും സ്കൂളിൽ പോയി പഠിക്കാൻ കഴിയുന്നുണ്ട്. കോവിഡ് എന്ന മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി കൂട്ടുകാർ ഇതിനെ കണ്ടാൽ മതി.



# ഈദു പെരുന്നാൾ

മുൻഷി പ്രേംചന്ദ്
പുനരാഖ്യാനം: റോസ്മേരി

ഈദുനാളിലെ പുലരിക്ക് എന്തൊരു ചന്തം! റമദാൻ നോയമ്പു കഴിഞ്ഞ് നീണ്ട മുപ്പതു ദിവസത്തെ കാത്തിരിപ്പിനുശേഷം വന്നുചേരുന്ന ഈദ് പെരുന്നാൾ! പുറത്തേക്കു നോക്കുമ്പോൾ ചുറ്റുമുള്ള മരങ്ങൾക്ക് എന്തൊരു പച്ചപ്പ്! സൂര്യനെ നോക്കൂ. ഏവർക്കും പെരുന്നാൾ ആശംസിക്കാനായി പതിവിലും പ്രകാശിച്ച് വെട്ടിത്തിളങ്ങിയാണു മൂപ്പരുടെ നിൽപ്പ്. ഗ്രാമം മുഴുവൻ ഉത്സവലഹരിയിലാണ്.

വലിയ പള്ളിയിലേക്കു പോകാനായി ഏവരും അന്നു പതിവിലും നേരത്തെ ഉറക്കമുണർന്നു. പയ്യന്മാർക്കാണ് ഏറ്റവും തിടുക്കം. നോക്കുമ്പോഴുണ്ട് ഒരുവന്റെ കുപ്പായത്തിന്റെ ബട്ടൻസ് ഇളകിപ്പോയിരിക്കുന്നു. തുന്നിപ്പിടിപ്പിക്കാൻ സൂചിയും നൂലിനുംവേണ്ടി അവൻ നേരെ അയൽ വീട്ടിലേക്കു പാഞ്ഞു.

പുരുഷന്മാർ അതിരാവിലെ ഉണർന്ന് പശുക്കളെ കുളിപ്പിച്ചു. അവർക്കുവേണ്ടതിലേറെ തീറ്റയും വച്ചുകൊടുത്തു. പെരുന്നാളു കഴിഞ്ഞു മടങ്ങുമ്പോൾ നേരം ഒരുപാടാകും. അതുവരെ ആ സാധുക്കൾ വിശന്നു വലയരുതല്ലോ.

ഗ്രാമത്തിൽ നിന്നും കുറേ ദൂരെയാണ് പെരുന്നാൾ നടക്കുന്ന വലിയ പള്ളി. ആൺകുട്ടികൾ വലിയ ഉത്സാഹത്തിലാണ്. കുറച്ചുനാളുകളായി പെരുന്നാളിനെക്കുറിച്ചുമാത്രമാണവരുടെ സംസാരം. കാത്തുകാത്തിരുന്ന് ഒടുക്കം ആ വിശേഷദിവസമെത്തി. എന്താണ് മുതിർന്നവർ പള്ളിയിലേക്കു പുറപ്പെടാൻ ഇത്ര വൈകുന്നത്? കുട്ടികൾക്ക് അക്ഷമയായി.

അന്ന് എല്ലാ വീട്ടിലും വിശേഷപ്പെട്ട പെരുന്നാൾ വിഭവമായ് സേമിയപ്പായസമുണ്ടാക്കും. അതിനുവേണ്ട പഞ്ചസാരയും പാലുമൊക്കെ അടുക്കളയിലുണ്ടോ എന്നൊന്നും ആ ചിടുങ്ങന്മാർക്കു ചിന്തയില്ല. വയറുനിറയുംവരെ പായസം അകത്താക്കാൻ മാത്രമാണു താത്പര്യം.

അവരുടെ പോക്കറ്റുകൾ നിറയെ കിലുങ്ങുന്ന ചില്ലറനാണയങ്ങളാണ്. മൂത്തവർ സമ്മാനിച്ചതും കുടുക്ക പൊട്ടിച്ചതും ഒക്കെയായി ചില്ലറത്തുട്ടുകൾ. ഇടയ്ക്കിടെ അവരത് എണ്ണി നോക്കുന്നുമുണ്ട്. ''ഒന്ന്...രണ്ട്...മൂന്ന്...നാല്...'' മഹമ്മൂദിന്റെ



വര: സജി വി

കൈവശം പന്ത്രണ്ടു പൈസ. മോഷിന്റെ കൈയിൽ പതിനഞ്ച്. ഉത്സവസ്ഥലത്തെ പീടികകളിൽ എന്തെല്ലാം മനോഹരവസ്തുക്കളാണ് തങ്ങളെ കാത്തിരിക്കുന്നത്. കളിപ്പാട്ടങ്ങൾ, വറവുപൊരി പലഹാരങ്ങൾ അങ്ങനെ എന്തെല്ലാം!

ഇവരിൽ ഏറ്റവും ആനന്ദം ആർക്കെന്നോ? നമ്മുടെ കൊച്ചു ഹമീദിന്! ആളിന് നാലു വയസ്സാണു പ്രായം. നന്നേ മെല്ലിച്ച ക്ഷീണിതരൂപം. പഴകിപ്പിഞ്ഞിയ കുപ്പായം. അവന്റെ വാപ്പ രണ്ടുവർഷം മുമ്പു കോളറ ബാധിച്ചു മരണമടഞ്ഞു. ദുരിതവും പട്ടിണിയും താങ്ങാനാവാതെ പോയ വർഷം ഉമ്മയും മരിച്ചു.

അതോടെ കുഞ്ഞിന്റെ സംരക്ഷണം ഉമ്മുമ്മയുടെ ചുമതലയിൽ വന്നുപെട്ടു. ഈ ഭൂമിയിൽ അനാഥനായ്പ്പോയാലത്തെ നിസ്സഹായതയൊന്നും നമ്മുടെ കുട്ടിക്ക് ചിന്തിക്കാനറിയില്ല.

ഉമ്മുമ്മയുടെ വാത്സല്യമത്രയും ഏറ്റുവാങ്ങി ആ മടിയിൽ തലവച്ചു കിടക്കുമ്പോൾ അവന് എന്തൊരു സന്തോഷമാണെന്നോ! ഇടയ്ക്കിടെ ഒരു വാനമ്പാടിയെപ്പോൽ ആ ഹൃദയം ആനന്ദത്താൽ കുതിച്ചു പാറും.

വാപ്പ പണം സമ്പാദിക്കാൻ ദൂരെ പോയിരിക്കുന്നു. ചാക്കുകൾ നിറയെ വെള്ളിക്കട്ടികളുമായ് ഒരുദിവസം മടങ്ങിയെത്തും. ഉമ്മ അവനുവേണ്ട സമ്മാനങ്ങളൊക്കെ കൊണ്ടുവരാനായ് അള്ളാഹുവിന്റെ അടുത്തേക്കും പോയിരിക്കുന്നു... ഇങ്ങനെയൊക്കെയാണ് ഉമ്മുമ്മ അവനോടു പറഞ്ഞുവച്ചിരിക്കുന്നത്.

ഹമീദിനു കാലിൽ ചെരിപ്പില്ല. തലയിലെ തൊപ്പിയാണെങ്കിൽ അറുപഴഞ്ചനും. പക്ഷേ അതിലൊക്കെ എന്തു കഥ? നമ്മുടെ കുട്ടി എപ്പോഴും സന്തുഷ്ടനാണ്. വാപ്പയും ഉമ്മയും മടങ്ങിവരുമ്പോൾ തന്റെ ആശകളൊക്കെയും നിറവേറും. അതോടെ മഹമൂദിനെക്കാളും മോഷിനെക്കാളും നൂറിയെയും സാമിയെയുംകാൾ തനിക്കായിരിക്കും സൗഭാഗ്യങ്ങളൊക്കെയും! അവന് അക്കാര്യം ഉറപ്പാണ്. അതൊക്കെ ഓർത്ത് നമ്മുടെ കുട്ടി ഒറ്റയ്ക്കിരുന്നു പുഞ്ചിരിക്കാറുപോലുമുണ്ട്. അതേസമയം അവന്റെ ഉമ്മൂമ്മ അമീനയാവട്ടെ തന്റെ കുടിലിന്റെ മൂലയ്ക്കിരുന്ന് കണ്ണീർ വാർക്കുന്നു. നല്ലോരു പെരുന്നാളായിട്ട് വീട്ടിൽ ഒരുപിടി അരിപോലുമില്ല. തന്റെ മകൻ ആബിദ് ഉണ്ടായിരുന്നെങ്കിൽ പെരുന്നാൾ എത്ര കേമമായേനെ!

ഹമീദ് ഉമ്മുമ്മയുടെ അടുത്തു ചെന്നു. എന്നിട്ട് ആ കണ്ണീരണിഞ്ഞ മുഖം ചേർത്തു പിടിച്ചുംകൊണ്ടു പറഞ്ഞു:

''എന്നെ ഓർത്തു പേടിക്കല്ലേ, ഞാൻ പെരുന്നാൾ സ്ഥലത്തൂന്നു വെക്കം തിരികെ വന്നോളാം!''

അമീന ദുഃഖിതയും ആകുലയുമായിരുന്നു. ഗ്രാമത്തിലെ കുട്ടികൾ തങ്ങളുടെ അച്ഛന്മാർക്കൊപ്പമാണ് പട്ടണത്തിലേക്കു പോകുന്നത്. തന്റെ കുട്ടിക്ക് അച്ഛനും അമ്മയും എല്ലാംകൂടി താൻ മാത്രമേയുള്ളൂ. പക്ഷേ താനും കൂടി അവന്റെ ഒപ്പം പുറപ്പെട്ടാൽ ആരാണ് പശുവിനെ നോക്കുക? പെരുന്നാൾ മധുരം പാകം ചെയ്യുക?

വലിയ പള്ളിയിലേക്കു നല്ല ദൂരമുണ്ട്. അക്കണ്ട ദൂരമത്രയും തന്റെ കുഞ്ഞ് എങ്ങനെ നടന്നെത്തും? അവന്റെ കാലിലാണെങ്കിൽ ചെരിപ്പുപോലുമില്ല. കല്ലിലും മുള്ളിലുമൊക്കെ തട്ടി ആ പിഞ്ചുപാദങ്ങൾ വേദനിക്കും.

എട്ടും പൊട്ടും തിരിയാത്ത പ്രായം. ഒടുക്കം അയൽക്കാരായ കുട്ടികളെ ഹമീദിന്റെ ചുമതല പ്രത്യേകം പറഞ്ഞേൽപ്പിച്ച് ഉമ്മുമ്മ അവനെ യാത്രയാക്കി. കൈയിൽ ആകെയുണ്ടായിരുന്ന മൂന്നു പൈസയും കുട്ടിക്കു കൊടുത്തു. അങ്ങനെ വമ്പിച്ച ഉത്സാഹത്തോടെ കുട്ടി അവർക്കൊപ്പം യാത്ര തിരിച്ചു.

**വാപ്പ പണം സമ്പാദിക്കാൻ ദൂരെ പോയിരിക്കുന്നു. ചാക്കുകൾ നിറയെ വെള്ളിക്കട്ടികളുമായ് ഒരുദിവസം മടങ്ങിയെത്തും. ഉമ്മ അവനുവേണ്ട സമ്മാനങ്ങളൊക്കെ കൊണ്ടുവരാനായ് അള്ളാഹുവിന്റെ അടുത്തേക്കും പോയിരിക്കുന്നു... ഇങ്ങനെയൊക്കെയാണ് ഉമ്മുമ്മ അവനോടു പറഞ്ഞുവച്ചിരിക്കുന്നത്.**

ഒടുക്കം പട്ടണത്തിലെത്തി. വലിയ വലിയ കെട്ടിടങ്ങൾ, പാർക്കുകൾ, ഓഫീസുകൾ... വിദ്യാലയങ്ങൾ...പീടികകൾ. ആ ഗ്രാമക്കുട്ടികൾക്ക് പട്ടണത്തിലെ കാഴ്ചകളത്രയും വിചിത്രവും പുതുമ നിറഞ്ഞതുമായ് അനുഭവപ്പെട്ടു. എന്തുകണ്ടാലും അവർ അത്ഭുതത്തോടെ വായും പിളർന്നങ്ങനെ നോക്കിനിൽക്കും.

വഴി തടസ്സപ്പെടുത്തി നിലകൊള്ളുന്ന അക്കൂട്ടരെക്കൊണ്ടു പൊറുതിമുട്ടി, കാറുകാർ ക്ഷമകെട്ട് ഹോൺ മുഴക്കിക്കൊണ്ടിരുന്നു. പയ്യന്മാരുണ്ടോ വല്ലതും വകവയ്ക്കുന്നു. കൊച്ചുഹമീദ് ഇതിനിടയ്ക്ക് ഒരു കാറിന്റെ മുന്നിൽച്ചെന്നു ചാടിക്കൊടുത്തു. ആയുസ്സിന്റെ ബലംകൊണ്ടു വല്ലപാടും രക്ഷപ്പെട്ടു എന്നേയുള്ളൂ.

തെരുവിലെങ്ങും ആൾ

ക്കൂട്ടം. പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നവർ. സകലരുടെയും ലക്ഷ്യം വലിയ പള്ളിയാണ്. എല്ലാവരും മോടിയിൽ ഉടുത്തൊരുങ്ങിയാണു വരവ്. ചിലർ കുതിരവണ്ടികളിൽ, മറ്റുചിലർ കാറിൽ.

എന്തൊരു പത്രാസ്സ്. എങ്ങും സുഗന്ധദ്രവ്യങ്ങളുടെ നറുഗന്ധം. ഗ്രാമത്തിൽ നിന്നുമുള്ള നമ്മുടെ സംഘം ഒക്കെ നോക്കിയും കണ്ടും അങ്ങനെ മുന്നോട്ടു നീങ്ങുന്നു. ആ സാധുക്കൾക്ക് തങ്ങളുടെ നിസ്സാരതയെച്ചൊല്ലിയോ, നിറം കെട്ട വേഷവിധാനത്തെക്കുറിച്ചോ യാതൊരു ആകുലതയുമുണ്ടായിരുന്നില്ല. അവർ വളരെ ശാന്തശീലരായിരുന്നു. സംതൃപ്തരും.

ഒടുക്കം തെല്ലകലെയായ് അതാ വലിയ പള്ളിയുടെ മിനാരങ്ങൾ! പള്ളിക്കു ചുറ്റും പടർന്നു പന്തലിച്ച് കൂറ്റൻ പുളിമരങ്ങൾ. ചുവട്ടിലെ സിമന്റുതറയിൽ നീർത്തിവിരിച്ച പരവതാനികൾ. അതിൽ നിരനിരയായങ്ങനെ ഉപവിഷ്ടരായ് ഭക്തജനം. പുതുതായ് വരുന്നവർക്ക് ഏറ്റം പിന്നിലാണ് ഇരിപ്പിടം. ഇവിടെ പണക്കാരനെന്നോ ദരിദ്രനെന്നോ ഉയർന്നവനെന്നോ താണവനെന്നോ ഒരു വ്യത്യാസവുമില്ല. കാരണം അള്ളാഹുവിന്റെ കണ്ണിൽ എല്ലാവരും സമന്മാരല്ലയോ!

നമ്മുടെ സംഘം കൈകാലുകൾ കഴുകി വെടിപ്പാക്കി ഏറ്റം പിന്നിലായ് സ്ഥാനം പിടിച്ചു. വിശാലമായ പള്ളിപ്പറമ്പും പരിസരവും കടന്ന് കണ്ണെത്താദൂരത്തോളം ഭക്തജനങ്ങളുടെ നീണ്ട നിര.

ആയിരക്കണക്കിനാളുകൾ ഒരേസമയം ഇരിക്കുകയും എണീക്കുകയും തല കുമ്പിടുകയും മുട്ടുകുത്തുകയും ചെയ്യുന്ന കാഴ്ച എത്ര മനോഹരം! ആ ചലനങ്ങൾക്ക് എന്തൊരു താളാത്മകത! ഒരായിരം വൈദ്യുത ദീപങ്ങൾ ഒരേസമയം അണയുകയും തെളിയുകയും ചെയ്യുന്ന പ്രതീതി.

പ്രാർഥന കഴിഞ്ഞു. ആളുകൾ പരസ്പരം ആലിംഗനം ചെയ്തു. ആശംസകൾ കൈമാറി. പിന്നത്തെ പുകിലൊന്നും പറയേണ്ട! മുന്നിൽക്കണ്ട മധുരപലഹാരക്കടകളിലേക്ക് സകലരും ഇരച്ചങ്ങനെ കയറുന്നു! എന്തൊരു ധൃതിയും വെമ്പലും!

ഈ ആക്രാന്തി കാട്ടലിൽ മുതിർന്നവരും ഒട്ടും പിന്നിലായിരുന്നില്ല. അവർ കുട്ടികളേക്കാൾ കഷ്ടം! തൊട്ടടുത്തുള്ള മൈതാനിയിൽ അതാ യന്ത്രഊഞ്ഞാൽ! പണം കൊടുത്താൽ അതു നമ്മെ സ്വർഗത്തോളം ഉയരെക്കൊണ്ടുപോകും. അടുത്ത നിമിഷം നേരേ താഴെ ഭൂമിയിലേക്ക്. തൊട്ടുമുന്നിലായ് ചുറ്റിക്കറങ്ങുന്ന സീറ്റുകളുമായ് മറ്റൊരു യന്ത്രം. കാശുകൊടുത്ത് അതിൽ കയറിപ്പറ്റിയാൽ നിങ്ങൾക്ക് തടിക്കുതിരകൾക്കും ഒട്ടകങ്ങൾക്കും ആനകൾക്കുമൊപ്പം മൂന്നാലു തവണ ചുറ്റിക്കറങ്ങി വരാം. മഹമൂദും മോഷിനും നൂറിയും മറ്റു ചില പയ്യന്മാരും അതിൽക്കയറി സവാരിചെയ്തു.

ഹമീദ് തെല്ലകലെനിന്ന് ഒക്കെയും നോക്കിക്കണ്ടു. കൈയിൽ ആകെ മൂന്നു പൈസയേ ഉള്ളൂ. അതു വളരെ സൂക്ഷിച്ചുമാത്രമേ ചിലവാക്കാൻ പാടുള്ളൂ.

കറങ്ങും യന്ത്രത്തിൽ നിന്നിറങ്ങി എല്ലാവരുംകൂടി കളിപ്പാട്ടക്കടയിലേക്കു നീങ്ങി. മൺപാവകളുടെ ശേഖരമായിരുന്നു ഏറ്റം വിശേഷം. പട്ടാളക്കാരൻ, രാജാവ്, മന്ത്രി, അലക്കുകാരി, സന്ന്യാസി, വെള്ളം ചുമക്കുന്നയാൾ, പാൽക്കാരി... ഇങ്ങനെ ഏതെല്ലാം രൂപത്തിലുള്ള പാവകൾ!

കണ്ടാൽ ജീവനുണ്ടെന്നു തോന്നും. സംസാരിക്കാൻ നാവും കൂടി വേണ്ടിയിരുന്നു! മഹമ്മൂദ് ഒരു പോലീസുകാരനെ വാങ്ങി. ആ പാവയ്ക്ക് കാക്കി കുപ്പായവും ചുവന്ന തൊപ്പിയും തോളിൽ ഒരു തോക്കുമുണ്ട്. മോഷിന് ഇഷ്ടപ്പെട്ടത് ചുമലിൽ കുടവുമേന്തി ലേശം കൂനിപ്പോയ വെള്ളം ചുമട്ടുകാരനെയാണ്. നൂറിക്ക് വക്കീൽപ്പാവയെ ആണു ബോധിച്ചത്. ആ മുഖഭാവത്തിൽ എന്തൊരു പാണ്ഡിത്യം! വെള്ളക്കോട്ടും കറുത്ത ഗൗണും കൈയിലെ നിയമപുസ്തകങ്ങളുമൊക്കെ കണ്ടാൽ വക്കീൽ കോടതയിൽ നിന്നും വാദം കഴിഞ്ഞു വരുന്ന വഴിയാണെന്നു തോന്നിപ്പോകും.

ഓരോ പാവയ്ക്കും രണ്ടു പൈസയാണു വില. ഹമീദിന്റെ കൈയിലുള്ളത് ആകെ കുറച്ചു പൈസയാണ്. അതു പാവയ്ക്കു വേണ്ടി ചിലവാക്കിയാൽ ബാക്കിയൊന്നുമുണ്ടാവില്ല. ഈ പാവകൾ താഴെ വീണാൽ ഉടഞ്ഞു തകരും. വെള്ളത്തിൽ വീണാൽ അവയുടെ ദേഹത്തെ ചായമിളകും. അതുകൊണ്ട് എന്തിനു വെറുതെ പണം ചിലവാക്കണം? അവൻ അവനെത്തന്നെ സമാധാനിപ്പിച്ചു. എന്നാലും അവനൊരു കൊച്ചുകുഞ്ഞല്ലേ, കൂട്ടുകാർ സ്വന്തമാക്കിയ കൗതുകകരമായ ആ പാവകളെ ഒന്നു തൊട്ടുനോക്കാൻ, കൈയിലെടുക്കാൻ അവനു കൊതിയായി. അതിനായ് അവൻ കൈകൾ നീട്ടിയെങ്കിലും ആ ചെറുക്കന്മാർ ഒന്നുതൊടാൻ പോലും സമ്മതിച്ചില്ല.

അടുത്തത് പലഹാരപ്പീടികകളാണ്. കൂട്ടുകാർ എള്ളുണ്ടയും ഹൽവയും ഗുലാബ് ജാമുനുമൊക്കെ ആസ്വദിക്കുന്നത് അവൻ കൊതിയോടെ നോക്കിനിന്നു. പാതി ഒടിച്ചെടുത്ത പലഹാരം അവനു നൽകിക്കൊണ്ട് മോഷിൻ പറഞ്ഞു: "ചെക്കാ ഇതു തിന്നോളൂ!" ഹമീദ് കൈനീട്ടിയതും മോഷിൻ അതു സ്വന്തം വായി

ലേക്കു തന്നെ ഇട്ടു. അതു കണ്ട് മറ്റുകുട്ടികൾ ആർത്തുചിരിച്ചു. നാണക്കേടും സങ്കടവും കൊണ്ട് പാവം കുട്ടിയുടെ ഹൃദയം തകർന്നു.

പിന്നീടുള്ള നിര ഇരുമ്പുക്കച്ചവടക്കാരുടേതാണ്. കുട്ടികൾ അങ്ങോട്ടു തിരിഞ്ഞുപോലും നോക്കാതെ സംഘമായ് മുന്നോട്ടു നീങ്ങി.

പക്ഷേ, ഹമീദിന്റെ കണ്ണുകൾ പീടികയുടെ മുന്നിൽ തൂക്കിയിട്ടിരിക്കുന്ന ഒരു വസ്തുവിൽത്തന്നെ ഉടക്കിനിന്നു. അവൻ അനങ്ങാതെ അവിടെത്തന്നെ നിലയുറപ്പിച്ചു. ഇരുമ്പുകൊണ്ടുള്ള ഒരു ചവണ. ചൂടുള്ള വസ്തുക്കൾ കൈകാര്യം ചെയ്യാനും അടുപ്പിൽ നിന്ന് ഇറക്കിവയ്ക്കാനും ഉപയോഗിക്കുന്ന കൊടിൽ.

ഉമ്മുമ്മയ്ക്ക് ചവണ ഇല്ലല്ലോ എന്നവന് ചിന്ത വന്നു. പാവം, ഓരോ തവണ ചപ്പാത്തി ചുടുമ്പോഴും ആ വിരൽത്തുമ്പ് പൊള്ളാറുണ്ട്. താനൊരു ചവണ വാങ്ങിക്കൊടുത്താൽ ഉമ്മുമ്മയ്ക്കു എന്തൊരു സന്തോഷമാവും!

**പാതി ഒടിച്ചെടുത്ത പലഹാരം അവനു നൽകിക്കൊണ്ട് മോഷിൻ പറഞ്ഞു: "ചെക്കാ ഇതു തിന്നോളൂ!" ഹമീദ് കൈ നീട്ടിയതും മോഷിൻ അതു സ്വന്തം വായിലേക്കു തന്നെ ഇട്ടു. അതുകണ്ട് മറ്റുകുട്ടികൾ ആർത്തു ചിരിച്ചു. നാണക്കേടും സങ്കടവും കൊണ്ട് പാവം കുട്ടിയുടെ ഹൃദയം തകർന്നു.**

ശരിക്കും പ്രയോജനമുള്ള വസ്തു! താൻ സമ്മാനവുമായ് വീട്ടിലെത്തുമ്പോൾ ഉമ്മുമ്മ ആ വിവരം അയലത്തെ സ്ത്രീകളോടു പറയും. തീർച്ച! അങ്ങനെ അക്കാര്യം ഗ്രാമം മൊത്തം പരക്കും. എല്ലാവരും തന്നെ അനുഗ്രഹിക്കും. മുതിർന്നവരുടെ അനുഗ്രഹം അള്ളാഹുവിനേയും സന്തോഷിപ്പിക്കും... ഇങ്ങനെ പോയി അവന്റെ ചിന്തകൾ. അവൻ ആ ചവണയിൽത്തന്നെ കണ്ണുനട്ട് അനങ്ങാതങ്ങനെ നിന്നുപോയി.

കടക്കാരൻ ഹമീദിനോടു ചോദിച്ചു. ''കുട്ടിക്കെന്താ വേണ്ടത്?''

''ഈ ചവണയ്ക്കെന്താ വില?'' അവൻ തിരികെ ചോദിച്ചു.

''ആറു പൈസ'' എന്നായി കടക്കാരൻ.

''എന്റെ കൈയിൽ ആകെ മൂന്നു പയിശയേ ഉള്ളൂ.'' നിരാശ നിറഞ്ഞ സ്വരത്തിലായിരുന്നു ആ കുട്ടിയുടെ പ്രതികരണം. കുട്ടിയുടെ മട്ടും മാതിരിയും കണ്ട് ആ പീടികക്കാരന്റെ



**പിറ്റേന്ന് ഉച്ചയോടെയാണ് പെരുന്നാൾ സംഘം വീടുകളിൽ മടങ്ങിയെത്തിയത്. മൊഹസിന്റെ അനുജത്തി അവരുടെ വരവും കാത്തു പടിവാതിൽക്കൽത്തന്നെ നിൽപ്പുണ്ടായിരുന്നു. ഏട്ടന്റെ കൈയിലെ പാവയെ കവർന്നെടുത്തും കൊണ്ട് അവളൊരോട്ടം വച്ചു കൊടുത്തു.**

മനസ്സലിഞ്ഞു. തെല്ലുനേരത്തെ ആലോചനയ്ക്കുശേഷം അയാൾ ചവണ ഹമീദിന്റെ നേർക്കു നീട്ടി.

ഒരു തോക്ക് ഏന്തും പോൽ ആ നീണ്ട ഇരുമ്പു ചവണ തോളിൽ ചാരിവച്ച് ഒരു പട്ടാളക്കാരന്റെ തലയെടുപ്പോടെ അവൻ ചങ്ങാതിമാരുടെ അടുത്തേക്കു കുതിച്ചു. അവരെല്ലാവരും സർബത്തുകടയിലായിരുന്നു. ഓറഞ്ച്, മുന്തിരി, മാതളം, മുസമ്പി... എന്തെല്ലാം ജ്യൂസുകൾ! ഹമീദിനു വേണോ എന്നുപോലും ആരും ചോദിക്കുന്നില്ല. എല്ലാവരും തിരക്കിട്ട തീറ്റയും കുടിയും. അവനാണെങ്കിൽ വിശന്നിട്ടുവയ്യ. ദാഹിച്ചു തൊണ്ടയും വരണ്ടുണങ്ങി.

ചവണയുമായ് ഓടിയെത്തിയ നമ്മുടെ ചങ്ങാതിയെക്കണ്ട് കൂട്ടുകാർ ചോദിച്ചു: ''നിനക്ക് വട്ടായോ? ഈ ചവണകൊണ്ട് എന്തുഗുണം?''

ഹമീദ് നല്ല ഉഷാറിലായിരുന്നു. അവൻ ആ ചവണ ആഞ്ഞു നിലത്തേക്കിട്ടു. ''നോക്കൂ, നിങ്ങളുടെ മണ്ണിൽ തീർത്ത കളിപ്പാട്ടങ്ങൾ ഇങ്ങനെ നിലത്തു വീണാൽ തവിടു പൊടി.''

''ചവണ കൊണ്ടു കളിക്കാൻ പറ്റൂലല്ലോ'' മഹമൂദിനു പരിഹാസം.

''നോക്ക് ഇതിങ്ങനെ തോളിൽ ചാരിവച്ചാൽ തോക്കായ് മാറും. ഇതിന്റെ അറ്റംകൊണ്ട് ഒരു കൊട്ടു വച്ചു കൊടുത്താൽ മതി നിങ്ങടെ പോലീസും പട്ടാളക്കാരനും പാൽക്കാരിയുമെല്ലാം ഡിം!'' ഹമീദ് വിട്ടുകൊടുത്തില്ല. ഇതുവരെ കൂട്ടുകാർ തന്നെ അവഗണിച്ചതോർത്ത് ആ കൊച്ചുഹൃദയം നിറയെ എന്തെന്നില്ലാത്ത വാശിയും നൊമ്പരവുമായിരുന്നു.

''എന്റെ ചവണയ്ക്ക് ഒന്നിനെയും പേടിയില്ല. ഒരു കടുവയെപ്പോലെ ധീരനും കരുത്തനും.''

ഹമീദ് പറയുന്നതു കേട്ട് സാമി ചോദിച്ചു. ''ഇഷ്ടാ എന്റെ മദ്ദളത്തിന് എട്ടുപൈസയാണു വില. നമുക്കതുവച്ചു മാറിയാലോ?''

അവൻ അങ്ങോട്ടൊന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ പറഞ്ഞു:

''നമ്മൾ തിരികെപ്പോവും വഴി വല്ല പുലിയും ചാടി വീണാൽ പോലീസുകാരൻ പാവതോക്കും ദൂരെയെറിഞ്ഞു പറപറക്കും. വക്കീൽ കറുത്ത കുപ്പായം കൊണ്ടു മുഖംമൂടി, തറയിൽക്കിടന്നു നിലവിളിക്കും. മോഷിന്റെ വെള്ളം ചുമട്ടുകാരനു പേടികൊണ്ടു പ്രാന്തു പിടിക്കും. എന്റെ കരുത്തൻ ചവണ ആ ഭയങ്കരന്റെ കഴുത്തിൽ പിടിമുറുക്കും. അവന്റെ തീക്കണ്ണുകൾ പിഴുതെടുക്കും.''

ആ കുട്ടിസംഘത്തിന് ഹമീദിന്റെ ചവണയോട് എന്തെന്നില്ലാത്ത ആകർഷണം. തിരികെ പോകുംവഴി അവർ അതു തൊട്ടും തടവിയും തോളിൽ ചാരിവച്ചും ആനന്ദിച്ചു. കഷ്ടമേ, ഉള്ള കാശത്രയും തിന്നും കുടിച്ചും തീർത്തു. വാങ്ങിയ പാവകളാണെങ്കിൽ നിലത്തു വീണാൽ പൊട്ടിത്തകരും. ഇനിയെന്തു ചെയ്യാൻ? അവരുടെ ഉള്ളിൽ നിരാശ പടർന്നു.

പിറ്റേന്ന് ഉച്ചയോടെയാണ് പെരുന്നാൾ സംഘം വീടുകളിൽ മടങ്ങിയെത്തിയത്. മൊഹസിന്റെ അനുജത്തി അവരുടെ വരവും കാത്തു പടിവാതിൽക്കൽത്തന്നെ നിൽപ്പുണ്ടായിരുന്നു. ഏട്ടന്റെ കൈയിലെ പാവയെ കവർന്നെടുത്തും കൊണ്ട് അവളൊരോട്ടം വച്ചു കൊടുത്തു.

അവളുടെ തുള്ളിച്ചാട്ടത്തിനിടയ്ക്ക് പാവ നിലത്തു വീണു പൊട്ടിച്ചിതറി. മൊഹസിന് ദേഷ്യം സഹിക്കാനാവാതെ അവൾക്കിട്ട് നല്ല ഇടി കൊടുത്തു. ഒച്ചകേട്ടു പാഞ്ഞെത്തിയ ഉമ്മയാകട്ടെ രണ്ടിനെയും പൊതിരെ തല്ലി. ആകെ നിലവിളി, ബഹളം.

മഹമൂദിന്റെ പോലീസുകാരനെ അനുജന്മാർ ഒരു കടലാസ്സുപെട്ടിയിലാക്കി ചുമന്നുകൊണ്ടു നടന്നതാണ്. ആൾ വഴുതി താഴെ വീണ് കാലൊടിഞ്ഞു. കലിയിളകിയ മഹമൂദ് അതിന്റെ മറ്റേക്കാലും കൂടി തല്ലിയൊടിച്ചു.

എന്നിട്ട് ആ പോലീസിന്റെ തൊപ്പി ഊരി, മീശയും തൂത്തുകളഞ്ഞ് ഒരു പുതപ്പു കഷണം വാരിച്ചുറ്റി. അതിനെ ഒരു സന്ന്യാസിയാക്കി മാറ്റി മൂലയിൽ കൊണ്ടു ചെന്നുവച്ചു.

ഇനി നമ്മുടെ കുട്ടിക്ക് എന്തു സംഭവിച്ചു എന്നറിയേണ്ടേ? പുറത്തു കുഞ്ഞുഹമീദിന്റെ അനക്കം കേട്ടതും ഉമ്മുമ്മ മുറ്റത്തേക്ക് ഓടിച്ചെന്നു. എന്നിട്ടവനെ വാരിയെടുത്ത് തുരുതുരെ ഉമ്മവച്ചു. തന്റെ പൊന്നോമന ആപത്തൊന്നുമില്ലാതെ തിരിച്ചെത്തിയല്ലോ. ഹാവൂ എന്തൊരാശ്വാസം! അവർ ദൈവത്തിനു നന്ദി പറഞ്ഞു.





പെട്ടെന്നാണ് ആ ചവണകൾ അമീനയുടെ കണ്ണിൽപ്പെട്ടത്. താൻ മൂന്നു പൈസയ്ക്ക് അതു വിലയ്ക്കു വാങ്ങിയതാണെന്ന് കുട്ടി വെളിപ്പെടുത്തി.

കേട്ടപാടെ ഉമ്മുമ്മ നെഞ്ചത്തടിച്ചു. ''എന്റെ പൊന്നേ, നീയെന്തു പണിയാ കാട്ടിയേ? ഇന്നലെ പുറപ്പെട്ടതല്ലേ, ഈ വീട്ടീന്ന്? കൈയിൽ ആകെയുള്ളത് മൂന്നുപൈശ. ഒന്നും തിന്നാണ്ടേം കുടിക്കാണ്ടേം ആ പൈശകൊണ്ട് വേറൊന്നും കണ്ടില്ലേ വാങ്ങാൻ? എന്തൊരു മണ്ടൻ ചെക്കൻ!''

''ഉമ്മൂമ്മേടെ കൈ ചപ്പാത്തിക്കല്ലിന്റെ ചൂടുതട്ടി പൊള്ളുമ്പോവല്ലാണ്ടു വേദനിക്കൂലോ? അതുകൊണ്ടാ ഞാനിതു വാങ്ങിയേ!'' സങ്കടം കൊണ്ട് ആ ശബ്ദം ഇടറുന്നുണ്ടായിരുന്നു.

അതു കേട്ടതും അവരുടെ ദേഷ്യം എങ്ങോട്ടോ പറന്നുപോയി. ഹൃദയത്തിൽ വാത്സല്യം തുള്ളിത്തുളമ്പി.

തന്റെ പാവം കുഞ്ഞ്! എത്ര നിസ്വാർഥമാണ്, അവന്റെ മനസ്സ്. മറ്റുള്ളവർ പലഹാരവും കളിപ്പാട്ടവുമൊക്കെ വാങ്ങുമ്പോൾ ഈ പിഞ്ചുമനസ്സ് എന്തുവേദനിച്ചുകാണും.

കളിയും ചിരിയും ഉല്ലാസവും നിറഞ്ഞ ആ പെരുന്നാൾ സ്ഥലത്തുവച്ചുപോലും ഈ വയസ്സിത്തള്ളയെ അവൻ മറന്നില്ലല്ലോ... ഇങ്ങനെപോയി അമീനയുടെ ചിന്തകൾ.

പേരക്കുട്ടിയുടെ നല്ല മനസ്സിനെ ഓർത്ത് അവർക്ക് അഭിമാനം തോന്നി. പെട്ടെന്ന് വിചിത്രമായ ഒരു കാര്യം സംഭവിച്ചു.

ഉള്ളിൽ തിങ്ങിവിങ്ങുന്ന ആഹ്ലാദം താങ്ങാനാവാതെ ആ സാധുസ്ത്രീ പൊട്ടിക്കരഞ്ഞു. ''പടച്ചതമ്പുരാനേ. നീയെന്റെ മക്കളെ കാക്കണേ! അവനുമേൽ അനുഗ്രഹം ചൊരിയണമേ!'' ആകാശത്തേക്കു കണ്ണുകളുയർത്തിക്കൊണ്ടവർ വിലപിച്ചു.

എന്തിനാണാവോ ഉമ്മുമ്മ ഒരു കൊച്ചുപെൺകുട്ടിയെപ്പോൽ ഇങ്ങനെ തേങ്ങിക്കരയുന്നത്? അവന് ആലോചിച്ചിട്ട് ഒരു പിടിയും കിട്ടിയില്ല എന്നതാണു വാസ്തവം!

# പന്തങ്ങൾ

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

ചോരതുടിക്കും ചെറുകയ്യുകളേ,
പേറുക വന്നീപ്പന്തങ്ങൾ.
ഏറിയ തലമുറയേന്തിയ പാരിൻ
വാരൊളിമംഗളകന്ദങ്ങൾ!
പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ
ചിന്തകളുരസിടുമക്കാലം,
വന്നു പിറന്നിതു ചെന്നിണമോലും
വാളുകണക്കൊരു തീനാളം,
സഞ്ചിതമാകുമിരുട്ടുകളെല്ലാം
സംഭ്രമമാർന്നോരന്നേരം
മാനവർ കണ്ടാ,രഗ്നിസ്മിതമതിൽ
മന്നിലെ വിണ്ണിൻ വാഗ്ദാനം.
ആയിരമായിരമാത്തീ ചുംബി-
ച്ചാളിവിടർന്നൊരു പന്തങ്ങൾ
പാണിയിലേന്തിപ്പാടിപ്പാടി-
പ്പാരിലെ യുവജനവൃന്ദങ്ങൾ
കാലപ്പെരുവഴിയൂടെ പോന്നിതു
കാണെക്കാണെക്കമനീയം.
കാടും പടലും വെണ്ണീറാക്കി-
ക്കനകക്കതിരിനു വളമേകി,
കഠിനമിരുമ്പുകുഴമ്പാക്കിപ്പല-
കരുനിര വാർത്തു പണിക്കേകി,
അറിവിൻതിരികൾ കൊളുത്തി,ക്കലകൾ-
ക്കാവേശത്തിൻ ചൂടേകി,
മാലോടിഴയും മർത്ത്യാത്മാവിനു
മേലോട്ടുയരാൻ ചിറകുതകി,
പാരിൽ മനുഷ്യപുരോഗമനക്കൊടി
പാറിച്ചവയീപ്പന്തങ്ങൾ,
മെത്തിടുമിരുളിതിലെത്ര ചമച്ചു
പുത്തൻപുലരിച്ചന്തങ്ങൾ!
ചോരതുടിക്കും ചെറുകയ്യുകളേ,
പേറുക വന്നീപ്പന്തങ്ങൾ.



വര: സജി വി



# അമ്മയ്ക്കാവില്ല...!

രാജഗോപാലൻ നാട്ടുകൽ

കുഞ്ഞിളം കൈവിരൽത്തുമ്പിൽ പിടിച്ചിനി
മുന്നിൽ നടക്കുവാൻ നാഥനില്ലാ!
കുഞ്ഞിളം കാതിലമൃതം പൊഴിക്കുവാൻ,
കാവ്യം ചുരത്തുവാനമ്മയില്ലാ!
കുഞ്ഞുങ്ങൾ ഞങ്ങളെ ചേർത്തു മുകരുവാ-
നമ്മയില്ലാ, ഞങ്ങൾക്കമ്മയില്ലാ!

കാറും മഴയും മലരും കിനാക്കളും
മാറോടു ചേർത്തിനിയാരു നില്ക്കും?
മാന്തളിരുണ്ടു മദിച്ചു കൂവീടുന്ന
പൂങ്കുയിലിനൊപ്പമാരു പാടും?
മുന്നിൽ ചിരിച്ചു പതഞ്ഞൊഴുകീടുന്ന
കുഞ്ഞരുവിക്കാരു കൂട്ടു കൂടും?

കണ്ണന്റെ പൂവുടൽ, കാളിന്ദിയാറ്റിന്റെ
പുഞ്ചിരി കാണാതെ പോയ്മറഞ്ഞു,
വാനിലെ നക്ഷത്രമായിട്ടലയുവാൻ
ഈ നല്ലൊരമ്മയ്ക്കു തോന്നുകില്ലാ!
ഇല്ല, യിബ്ഭൂമിയെ കൈവിട്ടൊരിക്കലും
അമ്മയ്ക്കു പോകുവാനാവുകില്ലാ!

വര: പാവേൽ സുരേഷ്

# ലൂയി ബ്രെയ്‌ൽ

ഗംഗാധരൻ ചെങ്ങാലൂർ

**കാഴ്ചയില്ലാത്തവരുടെ ജീവിതത്തിൽ വിജ്ഞാനത്തിന്റെ വെളിച്ചം പകർന്ന മനുഷ്യസ്നേഹിയാണ് ലൂയി ബ്രെയ്‌ൽ. ജീവിച്ചിരുന്ന കാലത്ത് അറിയപ്പെടാതെ പോയ പ്രതിഭാശാലികളിൽ ഒരാളാണ് അദ്ദേഹം. പിൽക്കാലത്ത് അദ്ദേഹത്തെ ലോകം അംഗീകരിക്കുകയും മനസാ പ്രണമിക്കുകയും ചെയ്തു.**

## ഒരു അപൂർവബഹുമതി



### 1



1952 ജൂൺ 21 ഫ്രാൻസിലെ കുഗ്രാമമായ കൂവ്രേയിലെ ഒരു ശ്മശാനം. ലോകത്തിലെ പ്രധാനപ്പെട്ട നാൽപ്പതുരാജ്യങ്ങളിൽ നിന്നുള്ള ബഹുമാന്യരായ പ്രതിനിധികൾ ശ്മശാന

ത്തിനു ചുറ്റും നമ്രശിരസ്കരായി നിൽക്കുന്നു.

കൂവ്രേയിൽ സൂര്യനുണരുന്നതിനുമുമ്പ് എത്തിയവരാണവർ. അവർ മാത്രമല്ല, അവരോടൊപ്പം മുഴുവൻ കൂവ്രേക്കാരും ഫ്രാൻസിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും ഉണ്ടവിടെ. അവരുടെയൊക്കെ മുഖത്തു ചെയ്യാൻ വിട്ടുപോയ എന്തോ കാര്യം ശരിയായി ചെയ്യുന്നതുപോലെ. അതിനായി എന്തു ത്യാഗവും സഹിക്കാൻ തയ്യാറുള്ളതുപോലെ. ബ്രെയ്ൽ ലിപി കണ്ടെത്തുക വഴി ലോകം മുഴുവനും ആരാധ്യനായി ത്തീർന്ന ലൂയി ബ്രെയ്‌ലിന്റെ ഭൗതികശരീരം ഫ്രാൻസിലെ പാന്തിയോണിൽ (ഫ്രാൻസിലെ പൗരപ്രമുഖരെ അടക്കംചെയ്യുന്ന സ്ഥലം) കൊണ്ടുപോയി


ബ്രെയ്ൽലിപി

ആദരിച്ചു സംസ്കരിക്കുവാൻ വേണ്ടി വന്നെത്തിയവരാണ് അവരെല്ലാം.

ലൂയി ബ്രെയ്ൽ ദിവംഗതനായിട്ട് ഒരു നൂറ്റാണ്ടാവുകയായിരുന്നു. 1852 ജനുവരി 6-ാം തീയതിയാണ് ലൂയി ബ്രെയ്ൽ നിര്യാതനായത്. അന്നു വേണ്ടതുപോലെ ആദരിക്കാതെ ജന്മനാടായ കൂവ്രേയിൽ ശവമടക്കുകയാണുണ്ടായത്.

തുടർന്നുള്ള വർഷങ്ങളിൽ ആ മഹാപ്രതിഭയെ വിശ്വം മുഴുവൻ ബഹുമാനിക്കാൻ തുടങ്ങിയപ്പോൾ ജന്മരാജ്യമായ ഫ്രാൻസിനു വെറുതെയിരിക്കുവാൻ കഴിഞ്ഞില്ല. ലൂയി ബ്രെയ്‌ലിനെ വേണ്ടതുപോലെ ബഹുമാനിക്കുവാൻ ഫ്രഞ്ച് അസംബ്ലിയിൽ ബില്ലു കൊണ്ടുവന്നു. അതിനെത്തുടർന്ന് ലൂയി ബ്രെയ്‌ലിന്റെ ഭൗതികാവശിഷ്ടം കലശത്തിലാക്കി പാന്തിയോണിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിക്കാൻ അസംബ്ലി തീരുമാനിച്ചു. അതിനാണ് നാൽപ്പതുരാഷ്ട്രങ്ങളിലെ പ്രതിനിധികൾ കൂവ്രേയിൽ സമ്മേളിച്ചിരിക്കുന്നത്.



ലൂയി ബ്രെയ്‌ലിന്റെ ശവകുടീരം

2

മണിക്കൂറുകൾ നീണ്ട ഘോഷയാത്രയ്ക്കു ശേഷം ലൂയി ബ്രെയ്‌ലിന്റെ ഭൗതികാവശിഷ്ടം പാന്തിയോണിലെത്തിച്ചു. ആചാരവെടികൾ മുഴങ്ങി. ബാന്റുവാദ്യങ്ങൾ ഉയർന്നു. വെൺകൊറ്റക്കുടകളും വെൺചാമരങ്ങളും പീലിവിരിച്ചു.

വിശുദ്ധപള്ളിയുടെ വക



ലൂയി ബ്രെയ്‌ലിന്റെ ശവസംസ്‌കാര ചടങ്ങ്



പുകഴ്ത്തുപൂജാകർമങ്ങൾ നടന്നു. ഔദ്യോഗിക ബഹുമതികളോടെ ലൂയി ബ്രെയ്‌ൽ അവിടെ സംസ്‌കരിക്കപ്പെട്ടു.

അങ്ങനെ രാഷ്ട്രം ആ മഹാപ്രതിഭയെ വൈകിയാണെങ്കിലും വേണ്ടതുപോലെ ആദരിച്ച് കടമ നിറവേറ്റി.

3

ജന്മനാടായ കൂവ്രേയ്ക്കും ഓർമിക്കുവാൻ ഭൗതികശരീരത്തിൽനിന്ന് ഒരു ഭാഗം കിട്ടി. ബ്രെയ്‌ലിന്റെ കൈപ്പത്തി. അതു പഴയ ശ്മശാനത്തിൽ തന്നെ സംസ്‌കരിച്ചു. വിശ്വോത്തരമായ ആ കൈ അതിന്റെ ജന്മനാടിനുതന്നെ ലഭിച്ചു. ആ കൈ കൊണ്ടാണല്ലോ ലോകത്തിലെ മുഴുവൻ അന്ധരെയും രക്ഷിക്കുവാൻ പ്രാപ്തമായ ബ്രെയ്‌ൽ ലിപി അദ്ദേഹം ആവിഷ്‌കരിച്ചത്. ആ കൈകളാണല്ലോ അന്യരുടെ ആട്ടുംതുപ്പും മാത്രം ലഭിച്ചുപോന്ന കാഴ്ചയില്ലാത്തവന് ആത്മാഭിമാനവും ആത്മധൈര്യവും നേടിക്കൊടുത്തത്. അനശ്വരമായ ആ കൈപ്പത്തി കൂവ്രേയ്ക്കു സ്വന്തം.



### ഹെലൻ കെല്ലർ

ഇന്നു നാം അറിയുന്ന മഹാപ്രതിഭകളിൽ പലർക്കും അവർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അംഗീകാരം ലഭിച്ചിരുന്നില്ല എന്നറിയാമോ? ലൂയി ബ്രെയ്‌ലിന്റെ കാര്യവും അതിന് ഒരു അപവാദമായിരുന്നില്ല. 1852ൽ ബ്രെയ്‌ൽ മരിച്ച ദിവസം പാരീസിലെ വർത്തമാനപത്രങ്ങളിലൊന്നും അതൊരു വാർത്തയായിരുന്നില്ല. ഒരു നൂറ്റാണ്ടിനുശേഷം (ബ്രെയ്‌ൽ ലിപിക്ക് സാർവത്രികമായ അംഗീകാരം ലഭിച്ചതിനുശേഷം) ലോകനേതാക്കൾ പാരീസിൽ ഒത്തുചേർന്നു- ആ മഹാപ്രതിഭയ്ക്ക് അന്തിമോപചാരം അർപ്പിച്ച് പ്രായശ്ചിത്തം ചെയ്യാൻ. ഹെലൻ കെല്ലറും ഈ ചടങ്ങിൽ സന്നിഹിതയായിരുന്നു. "മനുഷ്യരാശി ഗുട്ടൻബർഗിനോട് എങ്ങനെയോ, അതുപോലെ കാഴ്ചയില്ലാത്ത നാം ലൂയി ബ്രെയ്‌ലിനോടു കടപ്പെട്ടിരിക്കുന്നു"- അവർ പറഞ്ഞു.

# കാഴ്ചയില്ലാത്തവരുടെ വിമോചന ലിപി

**1**

**ജർമൻഭാഷ സംസാരിക്കുന്ന രാജ്യങ്ങൾ ബ്രെയ്‌ൽ സ്വീകരിക്കുവാൻ നാൽപ്പതു വർഷങ്ങളെടുത്തു. ഇംഗ്ലണ്ടിൽ ബ്രെയ്‌ൽഭാഷ വളരെ പതുക്കെയാണ് സ്വീകരിക്കപ്പെട്ടത്. അവിടെ ഒരു പുസ്തകം തന്നെ പല ലിപികളിലും ഇറങ്ങി. ഏകീകൃതമായ ഒരു ലിപി അതുകൊണ്ട് വളരെ താമസിച്ചു.**


ബ്രെയ്‌ൽ കാഴ്ചയില്ലാത്തവരുടെ അന്താരാഷ്ട്രഭാഷയാണിന്ന്. ബ്രെയ്‌ൽലിപിക്ക് ലോകരാഷ്ട്രങ്ങളുടെ സാർവത്രികമായ അംഗീകാരം ലഭിക്കാൻ അരനൂറ്റാണ്ടുകാലമെടുത്തു. ലൂയിയുടെ മരണശേഷം 1854 ലാണ് ഫ്രാൻസിൽ കാഴ്ചയില്ലാത്തവരുടെ ഔദ്യോഗിക ഭാഷയായി ബ്രെയ്‌ൽ അംഗീകരിക്കപ്പെട്ടത്.

1860 ൽ ലോസണിലെ സ്വിസ് അന്ധവിദ്യാലയം ബ്രെയ്‌ൽ ലിപിയിൽ ഒരു പുസ്തകമിറക്കി (1850 മുതൽ അവിടെ ബ്രെയ്‌ൽ ഉപയോഗിച്ചുതുടങ്ങി). ഫ്രാൻസിനു പുറത്തുനിന്നുള്ള ആദ്യത്തെ ബ്രെയ്‌ൽപുസ്തകങ്ങളായിരുന്നു അത്.

ജർമൻഭാഷ സംസാരിക്കുന്ന രാജ്യങ്ങൾ ബ്രെയ്‌ൽ സ്വീകരിക്കുവാൻ നാൽപ്പതു വർഷങ്ങളെടുത്തു. ഇംഗ്ലണ്ടിൽ ബ്രെയ്‌ൽ ഭാഷ വളരെ പതുക്കെയാണ് സ്വീകരിക്കപ്പെട്ടത്. അവിടെ ഒരു പുസ്തകം തന്നെ പല ലിപികളിലും ഇറങ്ങി. ഏകീകൃതമായ ഒരു ലിപി അതുകൊണ്ട് വളരെ താമസിച്ചു. ബ്രെയ്‌ൽ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അന്ധരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന അസോസിയേഷന്റെ സ്ഥാപകനായ ഡോ. തോമസ് ആർമിറ്റേജിനെ ചുമതലപ്പെടുത്തി. ഡോ. ആർമിറ്റേജാകട്ടെ വളരെ ബുദ്ധിപരമായ സമീപനമാണ് ഇക്കാര്യത്തിൽ നടത്തിയത്.

ഒരു പ്രത്യേക ലിപിയും കാഴ്ചയില്ലാത്തവരിൽ അദ്ദേഹം അടിച്ചേൽപ്പിച്ചില്ല. കാഴ്ചയില്ലാത്തവരുടെ ഭാഷ അവർ തന്നെ തീരുമാനിക്കട്ടെയെന്നാണ് അദ്ദേഹം നിർദേശിച്ചത്. അവരേക്കാൾ നല്ല നിർദേശകരാകുവാൻ ആർക്കും കഴിയുകയില്ല. അതുപ്രകാരം ഇംഗ്ലണ്ടിലെ ബഹുഭൂരിപക്ഷം കാഴ്ചയില്ലാത്തവരും ബ്രെയ്‌ൽ തിരഞ്ഞെടുത്തു. 1883 ആയപ്പോഴേക്കും ഇംഗ്ലണ്ടിലെ മുക്കാൽ ഭാഗം അന്ധവിദ്യാലയങ്ങളും ബ്രെയ്‌ൽലിപി സ്വീകരിച്ചു കഴിഞ്ഞിരുന്നു.

1878 ൽ യൂറോപ്യൻരാജ്യങ്ങളുടെ ഒരു രാജ്യാന്തര സമ്മേളനം നടന്നു. ആസ്ട്രിയ, ഹംഗറി, ഡെൻമാർക്ക്, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഹോളണ്ട്, സ്വിറ്റ്സർലൻഡ്, സ്വീഡൻ എന്നീ രാജ്യങ്ങൾ പങ്കെടുത്ത ഒരു വൻസമ്മേളനം. കാഴ്ചയില്ലാത്തവർക്ക് ഏകീകൃതഭാഷ കണ്ടെത്തുവാനായിരുന്നു അത്. ബഹുഭൂരിപക്ഷം രാജ്യങ്ങളും ഉയർത്തിക്കാട്ടിയത് ബ്രെയ്‌ൽ ആയിരുന്നു. യൂറോപ്യൻ ഭാഷ സംസാരിക്കുന്നവരിൽ അമേരിക്ക മാത്രമാണ് ഇപ്പോൾ ബ്രെയ്‌ൽഭാഷയോടൊപ്പം പല ആൽഫബെറ്റുകളും കൊണ്ടുനടക്കുന്നത്. അവിടെ മാത്രമേ ബ്രെയ്‌ലിന്റെ ആദ്യരൂപം നിലനിൽക്കുന്നുള്ളൂവെന്നു പറയാം. 1929 ൽ സംഗീതത്തിനും ബ്രെയ്‌ൽ





ലിപി അംഗീകരിക്കപ്പെട്ടു.

അടിസ്ഥാനതത്ത്വങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്താതെ ബ്രെയ്ൽ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടിരുന്നു. നിരവധി തവണ ലൂയിതന്നെ ബ്രെയ്ൽലിപി പരിഷ്കരിച്ചിട്ടുണ്ട്. ബ്രിട്ടൺ അവതരിപ്പിച്ച പരിഷ്കരിച്ച ബ്രെയ്ൽലിപി 1932 ൽ നൂറോളം രാജ്യങ്ങൾ സ്വീകരിക്കുകയുണ്ടായി. അതുനിമിത്തം ഇംഗ്ലീഷ് സംസാരിക്കുവാൻ അറിയുന്ന കാഴ്ചയില്ലാത്ത ആൾക്ക് ഏതു ഭാഷയിലുള്ള പത്രങ്ങളും വാരികകളും വായിക്കുവാൻ കഴിയും.

ഏഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലും ബ്രെയ്ൽ വ്യാപകമായി സ്വീകരിച്ചുകഴിഞ്ഞു.

1951 ലാണ് ഇന്ത്യയിൽ ഒരു ഏകീകൃത ബ്രെയ്ൽ രീതി നിലവിൽ വന്നത്. 'ഭാരതി ബ്രെയ്ൽ' എന്നാണ് ഇതിന്റെ പേര്. ഭാരതത്തിൽ ആദ്യത്തെ അന്ധവിദ്യാലയം 1887ൽ അമൃത്സറിൽ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി കാഴ്ചയില്ലാത്തവർക്കുള്ള വിദ്യാലയമുണ്ടാവുന്നത് 1934ൽ കുന്നംകുളത്താണ്.



ഇന്ന് ബ്രെയ്ൽ സ്വീകരിക്കാത്ത രാഷ്ട്രങ്ങൾ വിരളമാണ്.

2

ബ്രെയ്ൽലിപിയിൽ ധാരാളം പുസ്തകങ്ങൾ ഇപ്പോൾ പുറത്തിറങ്ങുന്നുണ്ട്. വിജ്ഞാനത്തിന്റെ എല്ലാ ശാഖകളിലും പെട്ട പുസ്തകങ്ങൾ. ബ്രെയ്ൽ ഉയർന്ന കുത്തുകൾ തന്നെയാണെങ്കിലും വളരെ ക്രമത്തിൽ വരികൾക്ക് ഏറ്റക്കുറച്ചിലുകൾ ഇല്ലാതെയാണ് പ്രിന്റ്. വരികൾക്ക് ഏറ്റക്കുറച്ചിലുകൾ ഇല്ലാത്തതിനാൽ ബ്രെയ്ൽപ്രിന്റ് കാഴ്ചയ്ക്ക് കമനീയമാണ്. എന്നാൽ ആദ്യകാലങ്ങളിലെ ബ്രെയ്ൽ പുസ്തകങ്ങൾക്ക് നല്ല കനം ഉണ്ടായിരുന്നു. ആദ്യമായി ബ്രെയ്‌ലിൽ പുറത്തിറങ്ങിയ 'ഫ്രാൻസിന്റെ ലഘുചരിത്രം' എന്ന പുസ്തകം ഇന്നാണിറങ്ങുന്നതെങ്കിൽ അതിന്റെ നാലിലൊന്ന്

**ബ്രെയ്‌ലിലേക്ക് പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുവാൻ കാഴ്ചയുള്ള ഒരാളുടെ സഹായം ആദ്യകാലങ്ങളിൽ അത്യാവശ്യമായിരുന്നു. എന്നാൽ 1950കളിൽ അമേരിക്കയിൽ ബ്രെയ്ൽപുസ്തകങ്ങൾ നിർമിക്കുവാൻ കമ്പ്യൂട്ടറുകൾ വികസിപ്പിച്ചെടുത്തതോടെ ആ പ്രശ്നത്തിനും പരിഹാരമായി.**

വലിപ്പം ഉണ്ടാവുകയില്ല. അത് ബ്രെയ്ൽലിപിയിൽ പ്രിന്റു ചെയ്യുവാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചിരുന്ന കുട്ടികൾ ഉളിയും അരവുമെടുത്ത് അക്ഷരങ്ങൾ മിനുസപ്പെടുത്തുകയും ചെത്തി കൂർപ്പിക്കുകയും ഒക്കെ ചെയ്തിരുന്നു. കാരണം പ്രിന്റു ചെയ്യുവാൻ ആവശ്യമുള്ളത്ര ടൈപ്പുകൾ ഉണ്ടായിരുന്നില്ല. പ്രിന്റിങ്ങിന് ഇന്നത്തേതുപോലുള്ള ഭംഗിയോ സൂക്ഷ്മതയോ അന്നുണ്ടായിരുന്നുമില്ല. അവ പുസ്തകം എന്നതിനേക്കാൾ ചെറിയ പെട്ടികൾ എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ആദ്യമായി ബ്രെയ്‌ലിൽ പ്രിന്റു ചെയ്ത ബൈബിളിന്റെ തൂക്കം അറുപതു കിലോയായിരുന്നു. പിന്നീട് ബ്രെയ്ൽ പരിഷ്കാരങ്ങൾക്കു വിധേയമായി. ചിഹ്നങ്ങൾക്കും മറ്റും കുത്തുകൾ കുറച്ചു. ബ്രെയ്ൽലിപി എഴുതുവാൻ ഫ്രാൻക്ഹാൾ എന്നൊരു കാഴ്ചയില്ലാത്ത ആൾ മെഷീൻ കണ്ടുപിടിച്ചു. ആറു താക്കോലുകളുള്ള ഒരു മെഷീൻ. ഓരോ കുത്തിനും ഓരോ താക്കോൽ. ഒരക്ഷരത്തിൽ ആറു കുത്തുകൾ വരണമെങ്കിൽ ആറു താക്കോലുകളും ഒന്നിച്ചമർത്തുക. കൈകൊണ്ടെഴുതുന്നതിനേക്കാൾ ഇരട്ടി വേഗത്തിൽ എഴുതുവാൻ കഴിയും. ധാരാളം ചുരുക്കെഴുത്തുകൾ ബ്രെയ്‌ലിലുണ്ട്. ചില വാചകങ്ങൾ വാക്കുകളിൽ ഒതുക്കുവാൻ കഴിയും.

ബ്രെയ്‌ലിലേക്ക് പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുവാൻ കാഴ്ചയുള്ള ഒരാളുടെ സഹായം ആദ്യകാലങ്ങളിൽ അത്യാവശ്യമായിരുന്നു. എന്നാൽ 1950കളിൽ അമേരിക്കയിൽ ബ്രെയ്ൽപുസ്തകങ്ങൾ നിർമിക്കുവാൻ കമ്പ്യൂട്ടറുകൾ വികസിപ്പിച്ചെടുത്തതോടെ ആ പ്രശ്നത്തിനും പരിഹാരമായി. ബ്രെയ്ൽ അറിയാത്ത ഒരാൾക്കു പ്രിന്റിങ് നടത്താം എന്ന അവസ്ഥ വന്നു കഴിഞ്ഞു. കൈയെഴുത്തുപ്രതി നേരെ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്താൽ മതി. കമ്പ്യൂട്ടർ പ്രിന്റുചെയ്തുകൊള്ളും. കമ്പ്യൂട്ടറിൽ പ്രിന്റു ചെയ്തുവരുന്ന പുസ്തകങ്ങൾ അതീവസുന്ദരവുമാണ്. ടൈപ്പുചെയ്തിറക്കുന്നതിന്റെ നാലിരട്ടി സ്പീഡിൽ ഇപ്പോൾ പ്രിന്റിങ് നടക്കുന്നു.

ആകെ അറുപത്തിമൂന്ന് രൂപങ്ങളാണ് ബ്രെയ്ൽ ലിപിയിലുള്ളത്. വളരെ ക്രമത്തിലടുക്കിവച്ചിരിക്കുന്ന രൂപങ്ങൾ. ഇംഗ്ലീഷ് അക്ഷരമാലയിലെ ഇരുപത്തിയാറ് അക്ഷരങ്ങൾ മൂന്നുവരികളിലായി. ആദ്യത്തെ ലൈനിൽ പത്തക്ഷരങ്ങൾ a മുതൽ j വരെ. രണ്ടാമത്തെ വരിയിൽ k മുതൽ t വരെയുള്ള അടുത്ത പത്തക്ഷരങ്ങൾ. മൂന്നാമത്തെ വരിയിൽ u മുതൽ z വരെയുള്ള ആറക്ഷരങ്ങൾ. വരികൾ താഴേക്കിറങ്ങുമ്പോൾ കുത്തുകളിൽ മാറ്റംവരുന്നു. രണ്ടാമത്തെ ലൈനിൽ താഴെ ഇടതുവശത്ത് ഒരു കുത്ത് കൂടുതലുണ്ട്. മൂന്നാമത്തേതിനു താഴെ രണ്ടു കുത്തു കൂടുതൽ. നാലാമത്തെ വരിയിൽ താഴെ വലതുവശത്തായി ഒരു കുത്ത്. ഇങ്ങനെ ഓരോ വരി കഴിയുമ്പോഴും കുത്തിൽ ചില മാറ്റങ്ങൾ വരുത്തിയാണ് അക്ഷരങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. അഞ്ചാമത്തെ വരി മുഴുവനും ചിഹ്നങ്ങൾ.

കുത്തുകളുടെ ബുദ്ധിപരമായ ക്രമീകരണത്തിലാണ് ബ്രെയ്ൽ തന്റെ ബുദ്ധിയും പ്രായോഗിക പരിചയവും പ്രയോഗിച്ചിട്ടുള്ളത്. അതാണ് ചില അക്ഷരങ്ങൾക്ക്



**ബ്രെയ്ൽ നോട്ട്ടച്ച്:**
ഈ ആധുനിക ടാബ്‌ലെറ്റിന്റെ 'സ്മാർട്ട് കീ ബോർഡ്" വളരെ വേഗം ടൈപ്പ്ചെയ്യാൻ സഹായിക്കുന്നു. ക്ലാസുമുറിയിൽ കുട്ടികൾക്ക് അവരുടെ പ്രതികരണം അതിവേഗം അധ്യാപകരെ അറിയിക്കാൻ സഹായകമായ സംവിധാനം. വായനയ്ക്കും എഡിറ്റിങ്ങിനും പുറമേ മെയ്ൽ അയയ്ക്കുന്നതിനും വെബ് അന്വേഷണങ്ങൾക്കും ഇതുപകരിക്കുന്നു.

കൂടുതൽ കുത്തുകൾ. കണ്ണു കാണാത്തവന്റെ വിഷമവും പ്രായോഗികജ്ഞാനവും ബ്രെയ്‌ലിനെപ്പോലെ അറിയാവുന്ന മറ്റൊരാളില്ലല്ലോ. ശാസ്ത്രീയമെന്നതിനേക്കാൾ പ്രായോഗികമാണ് ബ്രെയ്ൽ ലിപി. അറുപത്തിമൂന്നു രൂപങ്ങളും കാഴ്ചയില്ലാത്തവരുടെ വിരൽത്തുമ്പുകൾക്ക് ഏറ്റവും ഇണങ്ങുന്നവയായാണ് നിർമിച്ചിട്ടുള്ളത്. അതുപോലെ ഓരോ അക്ഷരത്തിനും കുത്തുകളുടെ എണ്ണം കൂടുകയും കുറയുകയും ചെയ്യേണ്ടത് വ്യത്യസ്തതയ്ക്ക് അത്യന്താപേക്ഷിതമാണല്ലോ.

ബ്രെയ്‌ലിലെ ആറുകുത്തുകൾ ലോകത്തിലെ ഏതു ഭാഷയ്ക്കും ഇണങ്ങും. കുത്തുകളിൽ ഒന്നു കൂടിയാലും കുറഞ്ഞാലും ലിപി അപൂർണമായേനെ. ഈ ഒറ്റക്കാരണംകൊണ്ടാണ് ബ്രെയ്ൽലിപി മറ്റു ലിപികളിൽ നിന്നും ഉയർന്നുനിൽക്കുന്നത്.

**കാഴ്ചയില്ലാത്തവർക്കൊരു ഭാഷയുണ്ടാക്കുക മാത്രമായിരുന്നില്ല ലൂയിയുടെ ഉദ്ദേശ്യം. കാഴ്ചയില്ലാത്തവർക്ക് ഒരു എളുപ്പഭാഷ എന്നും അദ്ദേഹം സ്വപ്നം കണ്ടിരുന്നു എന്നതു ശരിയാണ്. എന്നാൽ അതിനേക്കാളുപരി ലൂയിക്ക് ഒരു സ്വപ്നമുണ്ടായിരുന്നു - കാഴ്ചയില്ലാത്തവന്റെ ആത്മാഭിമാനവും സ്വാശ്രയത്വവും.**

കാഴ്ചയില്ലാത്തവർക്കൊരു ഭാഷയുണ്ടാക്കുക മാത്രമായിരുന്നില്ല ലൂയിയുടെ ഉദ്ദേശ്യം. കാഴ്ചയില്ലാത്തവർക്ക് ഒരു എളുപ്പഭാഷ എന്നും അദ്ദേഹം സ്വപ്നം കണ്ടിരുന്നു എന്നതു ശരിയാണ്. എന്നാൽ അതിനേക്കാളുപരി ലൂയിക്ക് ഒരു സ്വപ്നമുണ്ടായിരുന്നു- കാഴ്ചയില്ലാത്തവന്റെ ആത്മാഭിമാനവും സ്വാശ്രയത്വവും. കണ്ണുകാണാത്തവൻ ബുദ്ധിശൂന്യനും മന്ദനുമാണെന്ന തെറ്റായ സമൂഹധാരണ തിരുത്തുക. അതിന് ഏറ്റവും അത്യാവശ്യം ഒരു ഭാഷയായിരുന്നു. അതിനാലാണ് ലൂയി പുതിയ ഭാഷയ്ക്കുവേണ്ടി ഘോരമായി തപസ്സുചെയ്തത്. പതിനാറാമത്തെ വയസ്സിൽ



ലൂയി ബ്രെയ്ൽ

അതു നേടിയെടുക്കുകയും ചെയ്തു. കാഴ്ചയില്ലാത്തവനും ഉള്ളവനും തമ്മിലുള്ള അകലം ഇല്ലാതാക്കുക അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു.

ഇന്ന് കാഴ്ചയില്ലാത്തവർ കടന്നുചെല്ലാത്ത മേഖലകളില്ല. അന്ധത ആരുടെയും കുറ്റമല്ലെന്നും കാഴ്ച അകാരണമായി ആർക്കും നഷ്ടപ്പെടാമെന്നുമുള്ള തിരിച്ചറിവ് എല്ലാവർക്കും അവശ്യം ഉണ്ടായിരിക്കണം. ഇന്നും കാഴ്ചയില്ലാത്തവരോടുള്ള നമ്മുടെ മനോഭാവം എങ്ങനെയാണ്? ഓരോരുത്തരും അവനവന്റെ മനസ്സാക്ഷിയോട് ചോദിക്കേണ്ട ചോദ്യമാണിത്. കാഴ്ചയില്ലാത്തവരോട് അനുകമ്പയോടെ, കലവറയില്ലാതെ സഹകരിക്കുവാൻ തയ്യാറാകുമ്പോഴേ ലൂയിയെപ്പോലൊരു മനുഷ്യസ്നേഹിയെ അറിഞ്ഞതുകൊണ്ടു ഫലമുണ്ടാവൂ.

*(കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **ലൂയി ബ്രെയ്ൽ** എന്ന പുസ്തകത്തിൽ നിന്നും എടുത്തത്.)*

3



**മോതിരമണിയാം വായിക്കാം :**
വിവരസാങ്കേതികവിദ്യയുടെ വികാസം ബ്രെയ്ൽവായന എളുപ്പമാക്കുന്നു. വായനക്കാരുടെ വിരലിൽ ഈ മോതിരമണിയുകയേ വേണ്ടൂ. മോതിരം ഒരു കംപ്യൂട്ടറുമായി ബന്ധിപ്പിച്ചിരിക്കും. വിരൽ പേജിലൂടെ ചലിപ്പിക്കുമ്പോൾ വാക്കുകൾ തിരിച്ചറിയുകയും ശബ്ദസിഗ്നലുകളാക്കി മാറ്റുകയും ചെയ്യുന്ന ഒരു അൽഗോരിതം ഉപയോഗപ്പെടുത്തിയാണ് ഇത് പ്രവർത്തിക്കുന്നത്.



# അമ്മേ നീ

തൊടുപുഴ കെ ശങ്കർ

അമ്മേ! നീയെന്നുമെൻ ഓർമതൻ ക്ഷേത്ര
ത്തിൽ
അണയാതെരിഞ്ഞിടും ദീപമല്ലോ!
ആ ദീപനാളത്തിൽ നിന്നല്ലോ ഞാനമ്മേ,
ആദ്യമായ് സ്നേഹം പകർന്നെടുത്തു?

നീയല്ലോ, യെൻ വിരലൂന്നിയെഴുതിച്ചു
നിസ്തുലസ്നേഹത്തിന്നക്ഷരങ്ങൾ?
നിന്നിൽ നിന്നല്ലോ പഠിച്ചു ഞാനെന്നമ്മേ,
നിസ്വാർഥ സ്നേഹത്തിന്നാദ്യപാഠം?

നിൻ ഹൃത്തിലീശ്വരൻ ഈണത്തിൽ പാടിയ
തേനൂറും സംഗീതമല്ലേ സ്നേഹം?
ആ മധുരം നിറഞ്ഞീടും തേൻതുള്ളി നീ
ആവോളമെൻ നാവിൽ തൊട്ടുതന്നു!

പാർത്തടത്തിങ്കൽ നീയെന്നും തിളങ്ങീടും
പത്തരമാറ്റുള്ള തങ്കമല്ലേ?
അന്നു, വയമ്പിൽ നീ ചാലിച്ചു തന്നതും
അമ്മേ, യാസ്നേഹത്തിൻ തങ്കമല്ലേ?

സുസ്മിതം തൂകി നീ തന്നോരാ പൊന്നെന്നിൽ
വിസ്മയിപ്പിക്കും പ്രഭ പകർന്നു!
ആ തിളക്കത്തിൻ പ്രസരത്തിലല്ലയോ
മാതേ, എന്നാത്മാവും ശോഭയാർന്നു?

എന്നും ഞാനെത്രയോവട്ടമോർമിച്ചീടും,
എന്നെ ഞാനാക്കിയ പുണ്യാത്മാവേ,
നിന്നെക്കവിഞ്ഞെനിക്കാരുണ്ടു നേരുവാൻ
നന്മയും മേല്ക്കുമേൽ ഐശ്വര്യവും?

കല്പനയിൽപ്പോലും കാണാൻ കഴിയാത്ത
കല്പതരുവായെൻ ജീവിതത്തിൽ,
നില്പൂ, പ്രചോദനമേകി നീയെന്നമ്മേ,
നില്പൂ നീയെന്നും തണലും നൽകി!

വര: ടി ആർ രാജേഷ്



Credit : IANS

# ഡിയഗോ – അനശ്വരതയിലേക്ക് ഡ്രിബിൾ ചെയ്തുകയറിയ ഇടംകാൽ



**മിഥുൻ സുരേന്ദ്രൻ**

ഫുട്ബോൾ എന്ന സ്പോർട്സിന് അപ്പുറം വളർന്ന ഒരു കായികതാരമായിരുന്നു മറഡോണ. നൂറ്റാണ്ടിലെ കായികതാരമായി തിരഞ്ഞെടുത്ത ബോക്സർ മുഹമ്മദ് അലിയുടെ തൊട്ടു പിന്നിൽ മറഡോണയും ഉണ്ടായിരുന്നു. അദ്ദേഹം അടുത്തിടെ നമ്മളെ വിട്ട് പോയി. അദ്ദേഹം പോയെങ്കിലും കളിക്കളത്തിൽ മറഡോണ ഉയർത്തിയ ആരവം ഇന്നും നമ്മുടെ കാതുകളിൽ മുഴങ്ങുന്നു.

'ഡിയഗോ... ഡിയഗോ' എന്ന് ആർത്തു വിളിക്കുന്ന ആൾക്കൂട്ടത്തെ നമ്മൾ കണ്ടിട്ടുണ്ട്. അർജന്റീനയിൽ മാത്രമല്ല ആ കുറിയ മനുഷ്യൻ പോയ ലോകത്തെവിടെയും, ഇങ്ങ് കേരളത്തിൽ പോലും. പെലെ ഫുട്ബോളിലെ രാജാവായിരുന്നു എന്ന് നമുക്കറിയാം, എന്നാൽ മറഡോണ ഫുട്ബോളിന്റെ രാജകുമാരനായിരുന്നു. അയാൾ എപ്പോഴൊക്കെ ഇടംകാൽ കൊണ്ട് ഫുട്ബോൾ ജിഗിൾ ചെയ്തിട്ടുണ്ടോ അപ്പോഴൊക്കെ ലോകം ആർത്തുവിളിച്ചു. അത് കളിക്കളത്തിന് അകത്തും അതുപോലെ തന്നെ പുറത്തും.

ഫുട്ബോൾ ഇതിഹാസമായിരുന്ന മിഷേൽ പ്ലാറ്റിനി ഒരിക്കൽ മറഡോണയെ പറ്റി പറഞ്ഞത് ''എനിക്ക് ഒരു ഫുട്ബോൾ കൊണ്ട് ചെയ്യാൻ സാധിക്കുന്നതെല്ലാം മറഡോണ ഒരു ഓറഞ്ച് കൊണ്ട് ചെയ്യും'' എന്നാണ്. ഫുട്ബോൾ എന്ന സ്പോർട്സിന് അപ്പുറം വളർന്ന ഒരു കായികതാരമായിരുന്നു മറഡോണ. നൂറ്റാണ്ടിലെ കായികതാരമായി തിരഞ്ഞെടുത്ത ബോക്സർ മുഹമ്മദ് അലിയുടെ തൊട്ടു പിന്നിൽ മറഡോണയും ഉണ്ടായിരുന്നു. അദ്ദേഹം അടുത്തിടെ നമ്മളെ വിട്ട് പോയി. അദ്ദേഹം പോയെങ്കിലും കളിക്കളത്തിൽ

മറഡോണ ഉയർത്തിയ ആരവം ഇന്നും നമ്മുടെ കാതുകളിൽ മുഴങ്ങുന്നു.

ബ്യൂണസ് അയേഴ്സിൽ 1960 ഒക്ടോബർ 30 ന് ഒരു ദരിദ്ര കുടുംബത്തിൽ നാല് മൂത്ത സഹോദരിമാർക്കു ശേഷം ആണ് മറഡോണ ജനിക്കുന്നത്. അദ്ദേഹത്തിന് രണ്ട് അനുജൻമാരും ഉണ്ട്. വളരെ ദരിദ്രമായ ചുറ്റുപാടിലായിരുന്നു കൊച്ചു മറഡോണയ്ക്ക് ജീവിക്കേണ്ടി വന്നത്. പലപ്പോഴും ചില ദിവസങ്ങളിൽ പട്ടിണിയായിരുന്നു. മൂന്നാം വയസ്സിലാണ് അവന് ഒരു ഫുട്ബോൾ കിട്ടുന്നത്. അന്നുമുതൽ അവൻ അത് തട്ടിത്തുടങ്ങി, എന്നും ഫുട്ബോളിനെ കെട്ടിപ്പിടിച്ചായിരുന്നു അവൻ ഉറങ്ങിയിരുന്നത്. അങ്ങനെ ഇരിക്കുമ്പോഴാണ് 8 വയസ്സ് ഉള്ളപ്പോൾ ഒരിക്കൽ കുട്ടികൾക്കുള്ള ഒരു 'ടാലന്റ്' മത്സരത്തിന് മറഡോണ എത്തുന്നത്. അന്ന് മുതിർന്ന ഒരു കളിക്കാരനെപ്പോലെ പന്ത് തട്ടിയ ആ ബാലന്റെ പന്തടക്കവും വേഗവും വഴക്കവും കണ്ട് അധികൃതർക്ക് അവന്റെ പ്രായത്തിൽ സംശയം തോന്നി. അവർ അവനെ അടുത്ത് വിളിച്ച് തിരിച്ചറിയൽ രേഖകൾ ചോദിച്ചെങ്കിലും ''എന്റെ കൈയിൽ ഒന്നുമില്ല'' എന്നാണ് അവൻ പറഞ്ഞത്. അവിടെയുണ്ടായിരുന്ന ഫുട്ബോൾ കോച്ച് ഫ്രാൻസിസ്കോ കോർണിജോയ്ക്ക് സംഗതി സത്യമാണെന്ന് മനസ്സിലാവുകയും അവനെ ഉയരങ്ങളിൽ എത്താൻ സഹായിക്കുമെന്ന് തീരുമാനം എടുക്കുകയും ചെയ്തു. ശരിക്കും പറഞ്ഞാൽ കോർണിജോ ആണ് മറഡോണയെ കണ്ടെത്തിയത് എന്ന് വേണമെങ്കിൽ പറയാം.

അങ്ങനെ മറഡോണ ട്രെയിനിംഗ് ക്യാമ്പുകളിലെത്തുകയും ഇന്നത്തെ മറഡോണയായി മാറുകയും ചെയ്തു എന്നതാണ് പിന്നീടുള്ള കഥ. അദ്ദേഹത്തിന്റെ കഴിവുകൾ ജന്മസിദ്ധമായിരുന്നു. ജന്മസിദ്ധമായ കഴിവുകൾ ഒരിക്കലും മാഞ്ഞുപോകില്ല. നല്ല അധ്യാപകർ കുട്ടികളുടെ അത്തരം കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുകയും ചെയ്യും. മറഡോണയെ കണ്ടെത്തിയ കോർണിജോ എന്ന ഫുഡ്ബോൾ പരിശീലകനോട് ലോകം മുഴുവൻ കടപ്പെട്ടിരിക്കുന്നു.

പിന്നീട് മറഡോണ പ്രശസ്തിയുടെ കൊടുമുടികളിലെത്തി. അദ്ദേഹം കൗമാരകാലത്ത് തന്നെ ലോകത്തിലെ പ്രമുഖ ക്ലബുകളിലും അർജന്റീനയുടെ ജൂനിയർ ടീമിലും എത്തി. അണ്ടർ 20 ടീമിലെത്തുകയും അതിന്റെ ലോകകപ്പിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെടുകയും ഒക്കെ ചെയ്തു. മറഡോണ പല പ്രമുഖ ക്ലബുകളിൽ കളിക്കുകയും ഇറ്റാലിയൻ ഉൾപ്പെടെ പല ലോകചാമ്പ്യൻഷിപ്പുകൾ നേടുകയും ചെയ്തു. മറഡോണ ബൊക്ക ജൂനിയേഴ്സ്, ബാഴ്സലോണ തുടങ്ങി പല വലിയ ക്ലബുകളിൽ കളിച്ചെങ്കിലും നാപ്പോളി എന്ന ക്ലബിൽ കളിക്കുമ്പോഴാണ് കരിയറിന്റെ



Credit : Centrojas Twitter

ഏറ്റവും ഉയരങ്ങളിൽ എത്തിയത്. അതുവരെ ഇറ്റാലിയൻ ചാമ്പ്യൻഷിപ്പിൽ പച്ച തൊട്ടിട്ടില്ലാത്ത നാപ്പോളി അതിന്റെ ചരിത്രത്തിലാദ്യമായി സീരി എ ഇറ്റാലിയൻ ചാമ്പ്യൻഷിപ്പ് 1986 –1987 ൽ നേടുന്നു. അങ്ങനെ നായകൻ എന്ന വാക്കിന്റെ പരിപൂർണ്ണതയിൽ മറഡോണ എത്തുന്നു.

മറഡോണയുടെ ജീവിതത്തിലെ ഏറ്റവും വലിയ ചരിത്രമുഹൂർത്തം അദ്ദേഹം നായകനായി അർജന്റീന ലോകകപ്പ് നേടിയതാണ്. അതൊരു ഒന്നൊന്നൊര പ്രകടനമായിരുന്നു. 1986ലെ FIFA ലോകകപ്പ്. ടൂർണമെന്റിലെ കളിയുടെ എല്ലാ മിനിട്ടിലും സെക്കന്റിലും മറഡോണ നിറഞ്ഞാടിയ ലോകകപ്പ്. അതിൽ ഫൈനലിൽ വെസ്റ്റ് ജർമ്മനിയെ തോൽപ്പിച്ചാണ് അർജന്റീന കിരീടം ഉയർത്തിയത്. പക്ഷെ ഫൈനലിനെക്കാളും സംഭവബഹുലമായ കളി ഇംഗ്ലണ്ടുമായി നടന്ന ക്വാർട്ടർ ഫൈനലായിരുന്നു. പലതുകൊണ്ടും വിവാദമായ ഒരു കളി. അതിൽ രണ്ട് അധ്യായങ്ങളുണ്ട്. ഒന്ന് ലോക ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും വിവാദമായ ഗോൾ മറഡോണ നേടിയതാണ്. ഇംഗ്ലണ്ടിന്റെ ഗോൾ മുഖത്തേക്കു മുന്നേറിയ മറഡോണ ഉയർന്നുവന്ന ഒരു പാസ്സ് ഹെഡ് ചെയ്യാൻ ശ്രമിക്കുന്നു. പക്ഷെ അഞ്ചടി അഞ്ചിഞ്ച് മാത്രമുള്ള കുറിയ മനുഷ്യനായ മറഡോണയ്ക്ക് അതിന് സാധിക്കുന്നില്ല. ആറടിയോളം ഉയരമുള്ള ഇംഗ്ലണ്ടിന്റെ ഗോളി പീറ്റർ ഷിൽട്ടണും പന്തിനായി ഉയർന്നുചാടുന്നു. പക്ഷെ ഷിൽട്ടൺ പന്തിൽ തൊടും മുമ്പ് മറഡോണ ആരും കാണാതെ കൈ കൊണ്ട് പന്ത് തട്ടി വലയ്ക്കുള്ളിലാക്കുന്നു.

**മറഡോണയുടെ ജീവിതത്തിലെ ഏറ്റവും വലിയ ചരിത്ര മുഹൂർത്തം അദ്ദേഹം നായകനായി അർജന്റീന ലോകകപ്പ് നേടിയതാണ്. അതൊരു ഒന്നൊന്നൊര പ്രകടനമായിരുന്നു. 1986ലെ FIFA ലോകകപ്പ്. ടൂർണമെന്റിലെ കളിയുടെ എല്ലാ മിനിട്ടിലും സെക്കന്റിലും മറഡോണ നിറഞ്ഞാടിയ ലോകകപ്പ്.**

എന്നിട്ട് ഉടനെ തന്നെ ആഘോഷം തുടങ്ങുന്നു. റഫറി ഇത് ശ്രദ്ധിക്കാതെ ഗോൾ അനുവദിക്കുന്നു. രണ്ടാമത്തെ അധ്യായം ഇതിനും നാലുമിനിട്ടിനു ശേഷം മറഡോണ 'നൂറ്റാണ്ടിലെ ഗോൾ' എന്ന് വിശേഷിപ്പിക്കപ്പെട്ട ലോക ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും മികച്ച ഗോൾ നേടുന്നതാണ്. സ്റ്റേഡിയത്തിന്റെ പാതിയിൽ നിന്ന് പന്ത് സ്വീകരിക്കുന്ന മറഡോണ ഒരു ചാട്ടുളി പോലെ ഇംഗ്ലണ്ടിന്റെ ഗോൾമുഖത്തേയ്ക്ക് പായുന്ന കാഴ്ചയാണ് ലോകം കണ്ടത്. മുന്നിൽ വന്ന അഞ്ച് ഇംഗ്ലീഷ് ഡിഫൻഡർമാരെ നിഷ്പ്രഭമാക്കിക്കൊണ്ട് പെനാൽട്ടി ബോക്സിലെത്തിയ മറഡോണ ഇംഗ്ലണ്ടിന്റെ ഗോളി പീറ്റൽ ഷിൽട്ടനെയും ഡ്രിബിൾ ചെയ്ത് ഗോൾ നേടുന്നു. ലോകത്തിൽ ഇതിലും മനോഹരമായ മറ്റൊരു കാഴ്ചയില്ല എന്നാണ് പലരും എഴുതിയത്. ഇംഗ്ലണ്ടിന്റെ സ്ട്രൈക്കർ ഗാരി ലൈനിക്കറിന് ഈ ഗോൾ കണ്ടിട്ട് അറിയാതെ കൈയടിക്കാൻ തോന്നിയെങ്കിലും പെട്ടെന്ന് താൻ എതിർ ടീമിന്റെ കളിക്കാരനാണെന്ന് തിരിച്ചറിഞ്ഞ് അദ്ദേഹം അത് സ്വയം നിയന്ത്രിച്ചു. എതിരാളികളെപ്പോലും ആഹ്ലാദിപ്പിച്ച അത്ര മനോഹരമായിരുന്നു ആ ഗോൾ. മറഡോണ ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള താരമായി മാറി.



Credit : George Duran - AFP



Credit : IANS 2

പ്രശസ്തിയും പണവും ചിലരെ നശിപ്പിക്കും എന്നതിനും ഒരു ഉദാഹരണമാണ് മറഡോണ. മറഡോണയെ ചില പത്രങ്ങൾ വിശേഷിപ്പിച്ചത് 'half devil-half angel' എന്നാണ്. അതായത് പാതി ചെകുത്താനും പാതി മാലാഖയും. ഫുട്ബോൾ കളത്തിൽ നിറഞ്ഞാടുമ്പോഴും കളത്തിനു പുറത്ത് ഡ്രഗ് മാഫിയയുടേയും മറ്റും ലോകത്തിലേക്ക് വഴുതിവീണു മറഡോണ. അത് അദ്ദേഹത്തിന്റെ ആരോഗ്യത്തെയും കരിയറിനെയും തകർത്തു കൊണ്ടിരുന്നു. അടുത്ത ലോകകപ്പിൽ അർജന്റീനയെ ഫൈനൽ വരെയെത്തിച്ചു അദ്ദേഹം. 1994ലെ USA ലോകകപ്പിൽ മറഡോണ രണ്ടു കളികളിൽ കളിച്ചെങ്കിലും ഡ്രഗ് ടെസ്റ്റിൽ പിടിക്കപ്പെട്ട് പുറത്തായി.



പിന്നീട് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഇറക്കങ്ങളുടെ കാലമായിരുന്നു. അമിതമായ കൊക്കെയിൻ ഉപയോഗം കാരണം രണ്ടു തവണ അദ്ദേഹം ഗുരുതരനിലയിൽ ആശുപത്രിയിലായെങ്കിലും രക്ഷപെട്ടു. അന്നൊക്കെ ആശുപത്രിക്കു മുൻപിൽ പ്രാർഥനകളുമായി തടിച്ചുകൂടിയ ആയിരങ്ങൾ, ഒരു ജനത അദ്ദേഹത്തെ എത്രമാത്രം സ്നേഹിക്കുന്നു എന്നതിന്റെ നേർസാക്ഷ്യമായി. മറഡോണ അന്നത്തെ അമേരിക്കൻ സാമ്രാജ്യവിരുദ്ധ പോരാട്ടങ്ങളുടെ കുന്തമുനകളായിരുന്ന ഫിദൽ കാസ്ട്രോയുമായും വെനിസ്വലയൻ പ്രസിഡന്റ് ഹ്യൂഗോ ഷാവേസുമായും നല്ല സൗഹൃദം കാത്തുസൂക്ഷിച്ചിരുന്നു എന്നുമാത്രമല്ല ലോകത്തിലെ പല രാഷ്ട്രീയ സാമൂഹിക വിഷയങ്ങളിൽ നിലപാടുകളെടുക്കുകയും ചെയ്തു. ഇതൊക്കെ കൊണ്ടാകാം ഒരുപക്ഷേ മറഡോണ വെറും ഒരു കായികതാരം എന്നതിലുപരി ലോകമെങ്ങും സ്നേഹിക്കപ്പെടാനുള്ള മറ്റൊരു കാരണം.

എന്തൊക്കെ പറഞ്ഞാലും മറഡോണയ്ക്കു തുല്യം മറഡോണ മാത്രം, വേറെ അങ്ങനെ ഒരാൾ ഇല്ല, ഇനി ഉണ്ടാവാനും സാധ്യതയില്ല. അഞ്ചോളം തവണ 'ബാലൺ ദി ഓർ' പുരസ്കാരം നേടിയ ലോകത്തിലെ ഏറ്റവും പ്രതിഭാധനനായ ഫുട്ബോളർ ലയണൽ മെസ്സി പറഞ്ഞത് പറഞ്ഞുകൊണ്ട് നമുക്ക് അവസാനിപ്പിക്കാം.

"ഒരു മില്യൺ വർഷത്തോളം ഞാൻ ഫുട്ബോൾ കളിച്ചാലും മറഡോണയുടെ അടുത്തെത്താനാവില്ല... മറഡോണയ്ക്ക് മരണമില്ല, അദ്ദേഹം അനശ്വരനാണ്."

# കമ്പിളിപ്പുഴുവേ..!

മധു ആലപ്പടമ്പ്



വര: ഗോപു പട്ടിത്തറ

തിടുക്കത്തിലെങ്ങോ
ട്ടിഴഞ്ഞു നീങ്ങുന്നു?
തണുപ്പുകൊണ്ടോ നീ
യണിഞ്ഞു കമ്പിളി!

ചെടികളിൽകേറി
ഹരിതകം തിന്നും
പെരുമഴത്തുള്ളി
യൊരിറ്റു മോന്തിയും
തുടുവെയി, ലില
ത്തണൽ മറവിലും
കഴിയും കമ്പിളി
പ്പുഴുവാണല്ലോ നീ!

പ്രപഞ്ചത്തിൻ താളം,
ഋതുപ്പകർച്ചകൾ
അറിഞ്ഞു പ്യൂപ്പയാ
യുറക്കമാകുവാൻ
ഇടം തേടീട്ടാണോ
തിടുക്കത്തിൽപ്പോണൂ?

മഴവിൽ സ്വപ്നങ്ങൾ
മനസ്സിൽ സൂക്ഷിച്ചി
ട്ടൊരു ശലഭമായ്
പറക്കും നീയൊരു
വെറും പുഴുവല്ല
അറിയുന്നൂ നിന്നെ!

നിറമെഴും സ്വപ്ന
മൊരുപാടു ഞാനും
മനസ്സിൽ കാണാറു,
ണ്ടെനിക്കുമാകുമോ
ചിറകുകൾ വീശി
പല പൂക്കൾതേടും
ശലഭമായൊന്നു
പറക്കുവാൻ വാനിൽ?

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്





# ഉണ്ണിയുടെ വീട്

കെ കെ പല്ലശ്ശന

പുതിയ വീട്ടിലേക്കു താമസം മാറ്റിയപ്പോൾ ഉണ്ണിക്കുണ്ടായ ആഹ്ലാദത്തിന് അതിരുകളില്ലായിരുന്നു. അങ്ങനെയൊരു വീട് അവന്റെ സ്വപ്നമായിരുന്നു. ആ സ്വപ്നം സഫലമായിരിക്കുന്നു. സന്തോഷത്തോടെ ഉറങ്ങാൻ കിടന്ന ഉണ്ണിക്ക് പക്ഷേ, ഉറക്കം വന്നില്ല. ആരുടെയൊക്കെയോ കൂട്ടനിലവിളി അവന്റെ ഉറക്കം കെടുത്തുകയാണ്. ഉണ്ണി ഞെട്ടിയുണർന്ന് ചുറ്റും കണ്ണോടിച്ചു. പക്ഷേ, ഒന്നും കാണാൻ കഴിഞ്ഞില്ല. ഒന്നുകൂടി കാതു കൂർപ്പിച്ചപ്പോൾ ആ നിലവിളി അവൻ വീണ്ടും കേട്ടു. മീനുകളുടെ പുളച്ചിലും തവളകളുടെ കരച്ചിലും കുളക്കോഴികളുടെ കുറുകലും കൊറ്റികളുടെ ചിറകടി

വര: ടി ആർ രാജേഷ്

യൊച്ചയും ഒക്കെ കൂടിക്കലർന്ന് വല്ലാത്തൊരു പരിഭവം പോലെ... ഉണ്ണിക്കാകെ വീർപ്പുമുട്ടി. ‘‘അച്ഛൻ കേൾക്കുന്നില്ലേ ഈ കരച്ചിൽ?’’

ഉണ്ണി, അച്ഛനെ ഉണർത്തിക്കൊണ്ട് അങ്കലാപ്പോടെ ചോദിച്ചു.

‘‘കരച്ചിലോ! ആരുടെ കരച്ചിൽ?’’

അച്ഛൻ അവനെ ആശ്ചര്യത്തോടെ മിഴിച്ചുനോക്കി.

‘‘മീനുകൾ, തവളകൾ, കുളക്കോഴികൾ...’’

അവൻ തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു.

‘‘ഉറക്കപ്പിച്ചു പറയാതെ ഉണ്ണി, ഉറങ്ങാൻ നോക്ക്.’’

അച്ഛൻ പിറുപിറുത്തുകൊണ്ട് തിരിഞ്ഞുകിടന്നു.

ഉണ്ണിക്കു പക്ഷേ, ഉറങ്ങാൻ കഴിഞ്ഞില്ല. കണ്ണടയ്ക്കേണ്ട താമസം, ഒരുപറ്റം ഞണ്ടുകൾ അവന്റെ കാലുകളിൽ ഇറുക്കുന്നതായും നീർക്കോലികൾ കടിക്കുന്നതായും തോന്നി.

ഉണ്ണി എഴുന്നേറ്റിരുന്ന് ഉറക്കെ നിലവിളിച്ചു.

‘‘അച്ഛാ, നമുക്കീ വീടു വേണ്ട. ഈ ഞണ്ടുകളും പാമ്പുകളുമൊക്കെക്കൂടി എന്നെ...’’

അവൻ തേങ്ങിക്കൊണ്ടു പറഞ്ഞു. ഉണ്ണിയുടെ അച്ഛൻ എന്തോ ഓർത്തെടുക്കാൻ ശ്രമിച്ചു. വയലും അതിനോടു ചേർന്ന ഒരു ചെറുകുളവും മണ്ണിട്ടു നികത്തിയാണ് പുതിയ വീടിനുള്ള ഇടം കണ്ടെത്തിയതെന്ന കാര്യം അയാൾ മറന്നുകഴിഞ്ഞിരുന്നു.



# മഴയിലൊരു പെൺകുട്ടി

**അമൃത കേളകം**

മഴയിലൊരു പെൺകുട്ടി തൊടിയിലണയുമ്പോൾ
തളിരിലത്താളുകൾ കുടനിവർത്തുന്നൂ
നിലനാരകങ്ങൾ ചെറുപൂവിടർത്തുന്നു
ചെറുപുറ്റിലൊരു കൂണ് തലനീട്ടിടുന്നു..!
പൊടിമീൻകുരുന്നുകൾ ഉറവത്തടങ്ങളിൽ
കളിചിരിക്കൊഞ്ചലാൽ കവിതയെഴുതുന്നൂ...
പാറക്കുളത്തിലെ മണവാട്ടിത്തവളച്ചി
‘പാക്രോം’ വിളിച്ചങ്ങ് കൂട്ടുതിരയുന്നു
മാമലക്കൊമ്പിലൊരു മാരിവിൽത്തൊട്ടിലിൽ
ഏഴല്ലോവർണ്ണങ്ങളൂയലാടുന്നു
കാർകൊണ്ടമേഘമാ മാനത്ത് നിന്നങ്ങ്
ആലിപ്പഴങ്ങളെ വാരിവിതറുന്നു
മഴയിലെപ്പെൺകുട്ടി കുളിരിട്ട് തളിരിട്ട്
കളിവഞ്ചിയേറിയൊരു പാട്ടുമൂളുന്നൂ...



വര: ഗോപു പട്ടിത്തറ

# ശ്രീബുദ്ധൻ – വിപ്ലവകാരിയായ സ്വതന്ത്ര തത്ത്വചിന്തകൻ

**ജോസഫ് പനയ്ക്കൽ**

ശാന്തിമന്ത്രങ്ങൾ തങ്ങിനിൽക്കുന്ന ഹിമാലയത്തിന്റെ താഴ്‌വരയിലെ പ്രശാന്തസുന്ദരമായ പ്രഭാതം. കപിലവസ്തുവിലെ രാജകൊട്ടാരത്തിൽ സൂര്യശോഭയാർന്ന ഒരുണ്ണി പിറന്നു. ലുംബിനി ഉദ്യാനത്തിലെ പലതരം മരങ്ങളും ചെടികളും സുഗന്ധം പരത്തുന്ന പൂക്കൾ വിടർത്തിയും വിവിധയിനം പക്ഷികൾ മധുരഗാനങ്ങളാലപിച്ച് വർണച്ചിറകുകൾ വിരിച്ച് ആകാശത്തിലുയർന്നു പറന്നും ആ ഉണ്ണിപ്പിറവി ആഘോഷിച്ചു. പ്രകൃതിയാകെ ഒരു പുതുയുഗപ്പിറവിയുടെ സന്തോഷപ്രസരിപ്പിലായിരുന്നുവത്രെ!

ഒരുണ്ണി പിറന്നതിൽ ശുദ്ധോദന രാജാവിനും മായാദേവിക്കും ഉണ്ടായ ആനന്ദത്തിന് അളവില്ലായിരുന്നു. കൊട്ടാരത്തിലെ അന്തേവാസികളുടെയെല്ലാം ഹൃദയത്തിൽ പറഞ്ഞറിയിക്കാനാകാത്ത പ്രതീക്ഷയും ആഹ്ലാദവും അലയടിച്ചു. പൗർണമി നിലാവുപോലെ കുളിർമയുള്ള ഒരു സവിശേഷ പ്രകാശം കൊട്ടാരന്തരീക്ഷത്തിലെങ്ങും നിറഞ്ഞുനിന്നു.



വര: സന്തോഷ് വെല്ലിയന്നൂർ

കാലങ്ങളായി കാത്തുനിന്ന ശാക്യരാജവംശത്തിനു കൈവന്ന ഈശ്വരാനുഗ്രഹമായിരുന്നു ആ ഉണ്ണിപ്പിറവി. സ്വപ്നങ്ങളുടേയും പ്രത്യാശയുടെയും ഒരു മഴവില്ല് ആകാശമണ്ഡലത്തിൽ തെളിഞ്ഞിരുന്നു.

ഈ വിശേഷങ്ങൾക്കൊരു പശ്ചാത്തലമുണ്ട്. ശുദ്ധോദന രാജാവും മായാദേവിയും വിവാഹം കഴിഞ്ഞ് പതിറ്റാണ്ടു പിന്നിട്ടിട്ടും അവർക്ക് ഒരു കുഞ്ഞുണ്ടായില്ല. ഉണ്ണിയുണ്ടാകാതിരുന്നാൽ രാജാവിനു പിന്തുടർച്ചാവകാശിയില്ലാതെ രാജ്യം അനാഥമായിപ്പോകുമല്ലോ എന്ന് അവർ ദുഃഖിച്ചു. അങ്ങനെ സംഭവിക്കാതിരിക്കാൻ രാജാവ് മായാദേവിയുടെ ഇളയ സഹോദരി പ്രജാപതിയെക്കൂടി കല്യാണം കഴിച്ചു. പിന്നെയും ഒരുപതിറ്റാണ്ടു കാത്തിരുന്നിട്ടും അവർക്കു കുഞ്ഞുണ്ടായില്ല. അവസാനം രാജാവും രണ്ടു ഭാര്യമാരും കൂടി പുത്രലാഭത്തിനുവേണ്ടി പരമശിവനോടു പ്രാർഥിച്ചു. ഈശ്വരാനുഗ്രഹ

മെന്നു പറയാതെവയ്യല്ലോ, അങ്ങനെ മായാദേവിയുടെ അമ്പതാം വയസ്സിൽ ജനിച്ചതാണ് ആ ഉണ്ണി. എങ്ങനെ അളവറ്റു സന്തോഷിക്കാതിരിക്കും? എന്നാൽ അപ്രതീക്ഷിതമായി, ജ്ഞാനിയായ ഒരു യോഗി രാജകൊട്ടാരത്തിലെത്തി ഇങ്ങനെ പ്രവചിച്ചു.

''ഈ ഉണ്ണി വളർന്നു രാജകുമാരനാകുമ്പോൾ സർവവും ഉപേക്ഷിച്ച് ലോകരക്ഷയ്ക്കായി കൊട്ടാരം വിട്ടിറങ്ങിപ്പോകും. അതല്ലെങ്കിൽ കീർത്തിമാനായ മഹാചക്രവർത്തിയായിത്തീരും.''

ആ വാക്കുകൾ ഇടിവെട്ടുപോലെയാണ് രാജാവിന്റെ ഹൃദയത്തെ ഞടുക്കിയത്. അദ്ദേഹം വലിയ ചിന്താക്കുഴപ്പത്തിലായി. അസ്വസ്ഥനായി അദ്ദേഹം യോഗിയോടു ചോദിച്ചു.

''കുമാരൻ അങ്ങനെ കൊട്ടാരമുപേക്ഷിച്ചുപോകാൻ കാരണമെന്താകാം; സ്വാമിൻ?''

ഏതാനും നിമിഷം കണ്ണടച്ചു ധ്യാനിച്ചിട്ട് ശാന്തസ്വരത്തിൽ യോഗി പറഞ്ഞു:

''ലോകദുഃഖങ്ങൾ കണ്ടുകൊണ്ടിരിക്കാൻ കുമാരനാവില്ല. മനുഷ്യന്റെ വാർധക്യം, രോഗം, മരണം, നിലവിളി തുടങ്ങിയവ കാണുമ്പോൾ രാജകീയ ജീവിതം നിരർഥകമായിത്തോന്നാം.''

അതുകേട്ട് ശുദ്ധോദനരാജാവ് ഏറെ അസ്വസ്ഥനായി. അദ്ദേഹം തന്നോടുതന്നെയെന്നപോലെ പറഞ്ഞു.

''ഇല്ല, രാജ്യം ഭരിക്കേണ്ട രാജകുമാരൻ താപസനാകാൻ ഞാൻ അനുവദിക്കില്ല. ലോകദുഃഖങ്ങൾ കാണാനും അറിയാനും ഞാൻ കുമാരന് അവസരം നൽകില്ല.''

അത് അദ്ദേഹത്തിന്റെ തീരുമാനമായിരുന്നു. പക്ഷേ, ലോകദുഃഖങ്ങളറിയാതെ ആർക്കാണ് ഈ ഭൂമിയിൽ ജീവിക്കാനാവുക? നിർഭാഗ്യമെന്നു പറയട്ടെ, കുമാരൻ പിറന്ന് ഏഴാംദിവസം പെട്ടെന്നുണ്ടായ ഒരസുഖംമൂലം മായാദേവി മരിച്ചു. ജീവിതം മനുഷ്യന്റെ നിശ്ചയത്തിലൊതുങ്ങുന്നതല്ല എന്നതിന്റെ സൂചനയായിരുന്നു അത്.

**ശുദ്ധോദനരാജാവ് മകന് സിദ്ധാർഥൻ എന്നു പേരിട്ടു. എല്ലാവിധ രാജകീയ സുഖസൗകര്യങ്ങളോടെയും ദുഃഖമേതുമറിയാതെയും സൗഭാഗ്യവാനായി രാജാവ് ഏറെ ശ്രദ്ധയോടെ രാജകുമാരനെ വളർത്തി. അസാമാന്യ ബുദ്ധിശക്തിയും ശാരീരികശേഷിയും സൗന്ദര്യവുമുള്ള രാജകുമാരനായിമാറി, സിദ്ധാർഥൻ.**

ഇളയമ്മയായ പ്രജാപതി ഉണ്ണിയുടെ മാതൃചുമതലകൾ സർവാത്മനാ ഏറ്റെടുത്തു. അവർ സ്നേഹവാത്സല്യങ്ങളോടെ കുഞ്ഞിനെ പരിചരിച്ചു സംരക്ഷിച്ചുവളർത്തി.

ശുദ്ധോദനരാജാവ് മകന് സിദ്ധാർഥൻ എന്നു പേരിട്ടു. എല്ലാവിധ രാജകീയ സുഖസൗകര്യങ്ങളോടെയും ദുഃഖമേതുമറിയാതെയും സൗഭാഗ്യവാനായി രാജാവ് ഏറെ ശ്രദ്ധയോടെ രാജകുമാരനെ വളർത്തി. അസാമാന്യ ബുദ്ധിശക്തിയും ശാരീരികശേഷിയും സൗന്ദര്യവുമുള്ള രാജകുമാരനായിമാറി, സിദ്ധാർഥൻ. വിദ്യാഭ്യാസത്തിലും വിജ്ഞാനസമ്പാദനത്തിലും ആയോധനവിദ്യയിലുമെല്ലാം അവൻ അസാമാന്യ സാമർഥ്യം പ്രകടിപ്പിച്ചു. കപിലവസ്തുവിലെ മികവുറ്റ രാജാവാകാനുള്ള യോഗ്യതകളെല്ലാം സിദ്ധാർഥനിൽ വിളങ്ങുന്നതു കണ്ട് രാജാവു സന്തോഷിക്കുകയും അഭിമാനം കൊള്ളുകയും ചെയ്തു.

രാജകുമാരന് കൗമാരപ്രായം കഴിഞ്ഞപ്പോൾത്തന്നെ രാജാവും രാജ്ഞിയും മകന്റെ വിവാഹം നടത്താൻ തിടുക്കം കാട്ടി. സിദ്ധാർഥന്റെ അമ്മാവന്റെ മകളും സുന്ദരിയും സുശീലയുമായ യശോധരയായിരുന്നു വധു. കപിലവസ്തുവിലെ ഒരു മഹോത്സവമായിരുന്നു ആ വിവാഹം. രണ്ടുവർഷമായപ്പോൾ അവർക്ക് ഓരോമനക്കുഞ്ഞു ജനിച്ചു. രാഹുൽ!

പണ്ട് യോഗി പ്രവചിച്ചതുപോലെ ഇനി രാജകുമാരൻ കൊട്ടാരം വിട്ടുപോയി സന്ന്യാസിയൊന്നുമാകില്ലെന്ന് രാജാവു സമാധാനിച്ചു. രാജ്യഭാരം ഏറ്റെടുക്കാൻ സമയമായെന്നു രാജാവ് സിദ്ധാർഥനെ അറിയിച്ചു. എന്നാൽ സ്ഥാനാരോഹണത്തിന് സിദ്ധാർഥൻ വിമുഖനായിരുന്നു. രാജാവു നിർബന്ധിക്കാൻ തുടങ്ങിയപ്പോൾ രാജ്യകാര്യങ്ങളും ജനജീവിതവും കണ്ടു മനസ്സിലാക്കാൻ തനിക്കു പുറത്തിറങ്ങി സഞ്ചരിക്കേണ്ടതുണ്ടെന്നു രാജകുമാരൻ പറഞ്ഞു. ഉള്ളിലൊരാശങ്ക തോന്നിയെങ്കിലും ശുദ്ധോദനരാജാവിന് അത് നിഷേധിക്കാൻ കഴിഞ്ഞില്ല. സിദ്ധാർഥരാജകുമാരന് പുറത്തു സഞ്ചരിച്ച് രാജ്യം കാണാനുള്ള എല്ലാ ഏർപ്പാടുകളും രാജാവു ചെയ്തു.

പ്രജകൾ ദാരിദ്ര്യവും ക്ലേശങ്ങളും അനുഭവിക്കുന്ന യാതൊരുവിധ കാഴ്ചകളും രാജകുമാരന്റെ ദൃഷ്ടിയിൽപ്പെടാതിരിക്കാൻ വേണ്ട മുൻകരുതലുകളെല്ലാം രാജാവു ചെയ്തു. മന്ത്രിമാർക്കും രാജസേവകർക്കുമെല്ലാം വേണ്ട മാർഗനിർദേശങ്ങൾ നൽകി.

രാജപാതകൾക്കിരുവശവും കൊടിതോരണങ്ങൾ ചാർത്തി മനോഹരമായി അലങ്കരിക്കപ്പെട്ടു. ജനങ്ങൾ നല്ല വസ്ത്ര



ങ്ങൾ ധരിച്ച് സന്തോഷം പ്രകടിപ്പിച്ചേ പുറത്തിറങ്ങാവൂ എന്നും വൃദ്ധരും രോഗികളുമായ ആരും വീടിനു പുറത്തിറങ്ങരുതെന്നും കർശന നിർദേശം നൽകപ്പെട്ടു. യാതൊരു കാരണവശാലും മരിച്ചവരുടെ ദൃശ്യങ്ങൾ പുറത്തു കാണാനിടയാകരുതെന്നും നിലവിളിശബ്ദം ഉണ്ടാകരുതെന്നും പ്രത്യേകം നിർദേശിച്ചു.

പട്ടുവിരിപ്പുചാർത്തി കഴുത്തിൽ തിളങ്ങുന്ന മണിമാലകെട്ടിയ രണ്ടു വെളുത്തു കൊഴുത്ത കാളകൾ വലിക്കുന്ന മനോഹരമായ രഥത്തിലായിരുന്നു സിദ്ധാർഥ രാജകുമാരന്റെ യാത്ര. സാവധാനം കാഴ്ച കാണാനുള്ള ഉദ്ദേശ്യത്തോടെ കുതിരകളെ ഒഴിവാക്കിയതാണ്. പൂത്താലങ്ങളുമായി രാജപാതകൾക്കിരുവശവും നിന്ന് യുവതികളും കുമാരിമാരും രഥത്തിനു മുന്നിലേക്കു പൂക്കൾ വാരിയെറിഞ്ഞു. നർത്തകിമാരും ഗായകരും വാദ്യഘോഷങ്ങളോടെ പലേടത്തും ഹൃദ്യമായ സ്വീകരണങ്ങൾ നൽകി.

രാജകുമാരൻ എല്ലാം സകൗതുകം വീക്ഷിച്ചെങ്കിലും കൂടുതലൊന്നും സന്തോഷം പ്രകടിപ്പിച്ചില്ല. അങ്ങനെ ഒരു ഭാഗത്തേക്കു സഞ്ചരിച്ച് കാഴ്ചകൾ കണ്ട് അദ്ദേഹം മടങ്ങി.

“കണ്ടില്ലേ, രാജ്യത്ത് ജനങ്ങൾക്കെല്ലാം എന്തൊരു സന്തോഷമാണ്. രാജകുമാരന് ജയ് വിളിക്കുന്നതിൽ എന്തൊരാവേശമായിരുന്നു.” മന്ത്രി ചിരിച്ചുകൊണ്ട് സിദ്ധാർഥന്റെ നേരെ നോക്കിപ്പറഞ്ഞു.

സിദ്ധാർഥരാജകുമാരൻ അഭിപ്രായമൊന്നും പറഞ്ഞില്ല. ജനങ്ങളുടെ സന്തോഷനാട്യങ്ങൾക്കും ആഘോഷപ്രകടനങ്ങൾക്കും പിന്നിൽ എന്തൊക്കെയോ മറയ്ക്കപ്പെടുന്ന യാഥാർഥ്യങ്ങളുണ്ടെന്ന ഒരു തോന്നൽ അദ്ദേഹത്തെ ചിന്താകുലനാക്കി.

മറ്റൊരുദിവസം രാജ്യത്തിന്റെ മറ്റൊരു ഭാഗത്തേക്കു പുറപ്പെടാൻ സിദ്ധാർഥൻ തീരുമാനിച്ചു. പരിവാരസമേതമായിരുന്നു യാത്ര. അലങ്കരിക്കപ്പെട്ട രാജപാതയുടെ ഇരുവശങ്ങളിൽ അണിഞ്ഞൊരുങ്ങി ആളുകൾ നിന്നിരുന്നു. അപ്പുറം കാണപ്പെട്ട കുടിലുകളും ചെറുവീടുകളുമെല്ലാം നിശ്ശബ്ദവും നിശ്ചലവുമായിരുന്നു. കുറേ സഞ്ചരിച്ചപ്പോൾ ഒരു ചെറ്റക്കുടിലിൽ നിന്ന് ക്ഷീണിച്ച് അവശനായ ഒരു വൃദ്ധൻ കൈയിലൊരു ഭിക്ഷാപാത്രവുമായി വടിയും കുത്തി റോഡിലേക്കിറങ്ങി.

മുഷിഞ്ഞതും കീറിയതുമായ ഒരു തുണിക്കഷണമാണ് ധരിച്ചിരുന്നത്. എന്താണിവിടെ നടക്കുന്നതെന്ന് ചെവികേൾക്കാത്ത ആ വൃദ്ധൻ അറിഞ്ഞിരുന്നില്ല. അയാൾ ആളുകൾക്കു മുമ്പിൽ ഭിക്ഷാപാത്രം നീട്ടുന്ന ദയനീയ ചിത്രം രാജകുമാരൻ ദൂരെ വച്ചേ കണ്ടു. അകമ്പടി ഉദ്യോഗസ്ഥനായ ഒരാൾ പെട്ടെന്ന് ആ വൃദ്ധനെ ശകാരിച്ചുകൊണ്ട് പിടിച്ചു തള്ളിക്കൊണ്ടുപോയി ഒരു കുടിലിനകത്താക്കി തിരിച്ചുപോന്നു.

അരോചകമായ ആ കാഴ്ച കണ്ട് സിദ്ധാർഥരാജകുമാരൻ മനോവേദനയോടെ യാത്ര മതിയാക്കി കൊട്ടാരത്തിലേക്കു മടങ്ങി. അതിനിടയ്ക്ക് ഒരു മനുഷ്യന്റെ പൊതിഞ്ഞുകെട്ടിയ ശവം ഏതാനും പേർ ശ്മശാനത്തിലേക്കു ചുമന്നു കൊണ്ടുപോകുന്ന ദുഃഖകരമായ കാഴ്ചയും കാണാനിടയായി. അതോടെ സിദ്ധാർഥ രാജകുമാരന്റെ മനസ്സു തളർന്നു.

വിഭവസമൃദ്ധമായ ഭക്ഷ

ണമോ സുന്ദരിമാരുടെ നൃത്തമോ കൊട്ടാരസംഗീതജ്ഞരുടെ മനം മയക്കുന്ന പാട്ടുകൾക്കോ രാജ കുമാരനെ വിഷാദമുക്തനാക്കാൻ കഴിഞ്ഞില്ല. ആ രാത്രിയിൽ അദ്ദേ ഹത്തിന് സുഖനിദ്ര അസാധ്യ മായി. നിരാലംബരായ വൃദ്ധ ജനങ്ങളുടെ പൊള്ളുന്ന നെടു വീർപ്പുകളും രോഗികളുടെ ഞരക്ക ങ്ങളും വിശക്കുന്ന കുഞ്ഞുങ്ങ ളുടെ കരച്ചിലും അവരുടെ അമ്മ മാരുടെ നിസ്സഹായതയുടെ തേങ്ങലുകളും കാറ്റിലൂടെ സിദ്ധാർഥന്റെ കരുണ നിറഞ്ഞ കാതിൽ വന്നലച്ചു.

അപ്പോഴും കൊട്ടാരത്തി ലുള്ള മറ്റെല്ലാവരും സുഖനിദ്ര യിൽ മയങ്ങിക്കിടക്കുകയാണ്. ഈ ജീവിതവൈരുധ്യം കണ്ടുക ഴിയാൻ വയ്യെന്നു സിദ്ധാർഥനു തോന്നി. ദുഃഖമാണു സത്യ മെന്നും സന്തോഷം പറവയെ പ്പോലെ പറന്നകലുമെന്നും അദ്ദേഹം മനസ്സിലാക്കി. ലോക ത്തിന്റെ രോഗാവസ്ഥ കരുണാർ ദ്രമായിത്തന്നെ പുറത്തേക്കു മാടി വിളിക്കുന്നുവെന്ന് അദ്ദേഹ ത്തിനു തോന്നി. ഏറെനേരം ചിന്താ വിഷ്ടനായി അദ്ദേഹം കിടന്നു.

സുന്ദരിയായ യശോധരയും പൊന്നോമനമകൻ രാഹുലും സുഖനിദ്രയിലായിരുന്നു. വളരെ മനപ്രയാസത്തോടെയാണെ ങ്കിലും അവരോടു നിശ്ശബ്ദം യാത്രപറഞ്ഞ് സിദ്ധാർഥൻ പെട്ടെന്നു കൊട്ടാരവാതിൽ തുറന്ന് പുറത്തേക്കിറങ്ങി. മാന വരാശിയുടെ സമാധാനത്തിനും രക്ഷയ്ക്കും വേണ്ടിയുള്ള ഒരു വലിയ സത്യാന്വേഷണയാത്ര യുടെ തുടക്കമായിരുന്നു അത്.

ഗ്രാമങ്ങളിലൂടെ, പട്ടണങ്ങ ളിലൂടെ, നദീതീരങ്ങളിലൂടെ, മലഞ്ചരിവിലൂടെ, വനാന്തര ങ്ങളിലൂടെ, മരുഭൂമിയിലൂടെ, സമുദ്രതീരങ്ങളിലൂടെ അദ്ദേഹം സഞ്ചരിച്ചു. ഇടയ്ക്കു ചില സന്ന്യാസാശ്രമങ്ങളിൽ തങ്ങി. അവസാനം മുപ്പതാമത്തെ വയ സ്സിൽ നിരഞ്ജനാനദീതീരത്ത്

**സ്വാർഥ ജീവിതസുഖങ്ങൾക്കായുള്ള അടങ്ങാത്ത തൃഷ്ണയാണ് മനുഷ്യന്റെ എല്ലാ ദുഃഖങ്ങൾക്കും മൂലകാരണം എന്ന സത്യം ശ്രീബുദ്ധൻ മനസ്സിലാക്കി. സത്യത്തിന്റെയും സ്നേഹത്തിന്റെയും വിളക്കാകണം മനുഷ്യഹൃദയം. നീ നിന്റെ വിളക്കാകണം എന്ന് അദ്ദേഹം നമ്മോടു പറഞ്ഞു. അവനവനെയല്ലാതെ മറ്റാരെയും ആശ്രയിക്കരുത് എന്നാണ് അതിനർഥം.**

ഒരു ആൽമരച്ചുവട്ടിലിരുന്ന് ധ്യാനിക്കാൻ തുടങ്ങി. ആറു വർഷം കഴിഞ്ഞ് ഒരു വൈശാഖ പൗർണമിനാളിൽ അദ്ദേഹം ധ്യാനത്തിൽ നിന്നുണർന്ന് ശ്രീബുദ്ധനായി. ആ സ്ഥലം ബുദ്ധഗയ എന്നും ആ ആൽമരം ബോധിവൃക്ഷം എന്നും പ്രകീർ ത്തിതമായി.

യുക്തിബോധമുള്ള ആദ്യ തത്ത്വചിന്തകനാണ് ശ്രീബുദ്ധൻ. ജാതിവ്യവസ്ഥയെയും അന്ധ വിശ്വാസങ്ങളെയും അദ്ദേഹം എതിർത്തു.

ഈശ്വരപ്രീതിക്കുവേണ്ടി യാഗങ്ങളും ഹോമങ്ങളും നടത്തുന്നത് നിരർഥകമാണെന്ന് അദ്ദേഹം പറഞ്ഞു.

സ്വാർഥ ജീവിതസുഖങ്ങൾ ക്കായുള്ള അടങ്ങാത്ത തൃഷ്ണ യാണ് മനുഷ്യന്റെ എല്ലാ ദുഃഖ ങ്ങൾക്കും മൂലകാരണം എന്ന സത്യം അദ്ദേഹം മനസ്സിലാക്കി. സത്യത്തിന്റെയും സ്നേഹ ത്തിന്റെയും വിളക്കാകണം മനുഷ്യഹൃദയം. നീ നിന്റെ വിളക്കാകണം എന്ന് അദ്ദേഹം നമ്മോടു പറഞ്ഞു. അവനവനെ യല്ലാതെ മറ്റാരെയും ആശ്രയി ക്കരുത് എന്നാണ് അതിനർഥം.

പാരമ്പര്യത്തെയും മാമൂ ലുകളെയും കണ്ണടച്ച് അംഗീ കരിക്കുന്നത് ശരിയാവില്ല. സ്വതന്ത്രമായി ചിന്തിച്ചും ബുദ്ധി പൂർവം പരിശോധിച്ചും ശരിയും നല്ലതെന്നും ബോധ്യപ്പെടുന്ന കാര്യങ്ങൾ മാത്രമേ സ്വീക രിക്കാവൂ എന്നും അദ്ദേഹം ഉപദേശിച്ചു.

സാമൂഹികജീവിതം സന്തോ ഷപ്രദവും സമാധാനപരവുമാ കണമെങ്കിൽ അഷ്ടാംഗമാർഗം സ്വീകരിക്കണമെന്ന് അദ്ദേഹം വിധിച്ചു. എട്ട് സന്മാർഗിക നിയമങ്ങളാണവ. ഭക്തിയല്ല, ശരിയായ സദാചാരനിഷ്ഠ യാണ് മനുഷ്യ സംസ്കാരത്തി നുവേണ്ടതെന്നും അദ്ദേഹം നിഷ്കർഷിച്ചു.

ലോകസമാധാനത്തിന്റെ നാരായവേര് അഹിംസയാ ണെന്നതാണ് അദ്ദേഹത്തിന്റെ കാതലായ തത്ത്വം. യാതൊന്നി നെയും കൊല്ലരുതെന്നും എല്ലാ ജീവികളോടും സ്നേഹവും ദയയും പാലിക്കണമെന്നുമാണ് അഹിംസയുടെ ചുരുക്കം.

വിപ്ലവകരങ്ങളായിരുന്നു ബുദ്ധന്റെ ദർശനങ്ങൾ. കൊല്ലും കൊലയും വീരവാദങ്ങളായി രുന്ന ഒരു ജീർണിച്ച ലോക സംസ്കാരത്തെ സ്നേഹത്തി ന്റെയും അഹിംസയുടെയും സമാധാനയുഗത്തിലേക്ക് തിരി ച്ചുവിടാൻ ബുദ്ധദർശനങ്ങൾ വഴിതെളിച്ചു. താൻ ഒരു ദിവ്യ ജ്ഞാനിയാണെന്നോ പ്രവാചക നാണെന്നോ അദ്ദേഹം പറ ഞ്ഞില്ല. താൻ പറയുന്നതെല്ലാം അനുസരിച്ചുകൊള്ളണമെന്ന് അദ്ദേഹം ആരെയും നിർബന്ധി ച്ചുമില്ല. തന്നെ ആരാധിക്കയോ പൂജിക്കയോ ചെയ്യണമെന്ന് അദ്ദേഹം തന്റെ ശിഷ്യന്മാരോ ടുപോലും ആവശ്യപ്പെട്ടില്ല. അദ്ദേഹം തത്ത്വചിന്തകൾ എഴുതിവയ്ക്കുകയോ മതം സ്ഥാപിക്കുകയോ ചെയ്തില്ല. ശിഷ്യന്മാരാണ് അതൊക്കെ ചെയ്തത്.

വിപ്ലവകാരിയായ ആ നവോ ത്ഥാന തത്ത്വചിന്തകൻ ബി സി 480-ൽ എൺപതാം വയസ്സിൽ നിർവാണം പ്രാപിച്ചു.



# വാഴപ്പെരുമ

അസുരമംഗലം വിജയകുമാർ

വര: ആശ ആർ

കേരത്തെപ്പോലെ, ഗുണങ്ങളേറും
വാഴയും മറ്റൊരു കല്പവൃക്ഷം!
കേരം സമൂലം നന്നെന്നപോലെ
കേമനാം വാഴയുമേറെ മെച്ചം!

വാഴപ്പഴത്തിനുണ്ടേറെ മേന്മ,
വാനോളമെത്തുമതിൻ പെരുമ!
പോഷകസമ്പുഷ്ടമായതിനാൽ
ഓജസ്സു നൽകുന്നു വാഴപ്പഴം!

വാഴക്കുടപ്പൻ കറിക്കുത്തമം,
പിണ്ടിയും സ്വാദുള്ള തോരനാക്കാം.
മെഴുക്കുപുരട്ടിക്കു കായ നന്ന്,
വറുത്തെടുത്താലുപ്പേരി കേമം!

സദ്യ വിളമ്പുവാൻ നാക്കിലയായ്,
അട ചുട്ടെടുക്കാൻ കീറ്റിലയായ്,
വേറെയും നാനാചടങ്ങുകൾക്കായ്
ചേരുമൊന്നാന്തരം വാഴയില!

വാഴയിലയിൽ പൊതിഞ്ഞെടുക്കും
ചോറിൻ രുചിയൊന്നു വേറെതന്നെ!
വാഴക്കൈ വെട്ടി കുടപിടിക്കാം,
ചാറ്റമഴയത്തുപകരിക്കും!

വാടിയുണങ്ങിയ വാഴക്കയ്യും,
പോളയും നല്ലൊരു കെട്ടുവള്ളി!
നാരുകൾ കൊണ്ടിന്നു നെയ്ത്തുകാരും
സാരിയും മറ്റും ചമച്ചിടുന്നു!

വാഴമാണത്തിന്റെ നീരുപോലും
രോഗചികിത്സയ്ക്കുതകുമത്രെ!
വാഴ നമുക്കൊരു ശ്രേഷ്ഠസസ്യം
വാഴ്ത്തിടാം വാഴപ്പെരുമ നിത്യം!

# ശ്രീനിവാസ രാമാനുജൻ

**പള്ളിയറ ശ്രീധരൻ**

ആധുനിക ഭാരതത്തിലെ ഏറ്റവും പ്രശസ്തനായ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമാണ് ഡിസംബർ 22. 1887ലാണ് അദ്ദേഹം ഇപ്പോഴത്തെ തമിഴ്നാട് സംസ്ഥാനത്തിലുള്ള ഈറോഡ് എന്ന സ്ഥലത്ത് ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസകാലത്തു തന്നെ കണക്കിൽ കഴിവു തെളിയിച്ചിരുന്നു. പഠിക്കാൻ മറ്റു വിഷയങ്ങളിൽ മോശവുമായിരുന്നു.

കൗമാരകാലത്ത് നടത്തിയ ഗണിതപരമായ കണ്ടുപിടിത്തങ്ങൾ ചില സുഹൃത്തുക്കളുടെ ശ്രദ്ധയിൽപ്പെട്ടു. അക്കാലത്ത് ഇന്ത്യ ഭരിച്ചിരുന്നത് ബ്രിട്ടീഷുകാരായിരുന്നു. സുഹൃത്തുക്കൾ രാമാനുജന്റെ കണ്ടുപിടിത്തങ്ങൾ ഇവിടെയുള്ള ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തി. ഈ കണ്ടുപിടിത്തങ്ങൾ അവരെ അത്ഭുതപ്പെടുത്തി. അവർ അവ അക്കാലത്തെ പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ ജി എച്ച് ഹാർഡിക്ക് അയച്ചുകൊടുത്തു. അദ്ദേഹം രാമാനുജനെ ഇംഗ്ലണ്ടിലേക്ക് ക്ഷണിച്ചു ഇംഗ്ലണ്ടിലെത്തിയ രാമാനുജൻ ധാരാളം കണ്ടുപിടിത്തങ്ങൾ നടത്തി. പക്ഷെ അസുഖം ബാധിച്ച രാമാനുജന് അവിടെ ദീർഘകാലം തുടരാൻ കഴിഞ്ഞില്ല. താമസിയാതെ ഇന്ത്യയിലേക്കു മടങ്ങി. 1920 ഏപ്രിൽ 26ന് അന്തരിച്ചു.

വെറും 33 വർഷക്കാലം മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുവെങ്കിലും അക്കാലത്തെ ഏറ്റവും പ്രശസ്തരായ ഗണിതശാസ്ത്ര പണ്ഡിതന്മാരിൽ ഒരാളായി വളരാൻ അദ്ദേഹത്തിനു സാധിച്ചു. സംഖ്യകളുടെ അത്ഭുതകരമായ പ്രത്യേകതകൾ അദ്ദേഹത്തെ വളരെയധികം ആകർഷിച്ചിരുന്നു. രണ്ട് ക്യൂബുകളുടെ തുകയായി രണ്ട് വ്യത്യസ്ത രീതിയിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയായ 1729 രാമാനുജൻ സംഖ്യ ആയി അറിയപ്പെടുന്നു.

ഭാരതത്തിന്റെ എക്കാലത്തെയും അഭിമാനമായ രാമാനുജന്റെ ജന്മദിനം 2012 മുതൽ ഇന്ത്യയിൽ ദേശീയ ഗണിതദിനമായി ആചരിക്കുന്നു.



ശ്രീനിവാസ രാമാനുജൻ

**1729**

$$1^3 + 12^3 = 9^3 + 10^3$$

രാമാനുജൻ സംഖ്യ

palliyarasreedharan@gmail.com

# വെള്ളപ്പൊക്കത്തിൽ

വിജയൻ കോതമ്പത്ത്

**മലയാളികളും മറുനാട്ടുകാരുമായ വിനോദസഞ്ചാരികൾക്ക് ഇപ്പോഴും ഏറെ പ്രിയപ്പെട്ട നഗരമാണ് മൂന്നാർ. ഈ നഗരം 1924 ലെ മലവെള്ളത്തിൽ ഒലിച്ചുപോയി. ഒരു വലിയ വെള്ള പ്പൊക്കത്തിൽ നശിച്ച ഒരു മികച്ച നഗരത്തിന്റെ അവശിഷ്ട മാണ് നാം ഇപ്പോൾ കാണുന്ന മൂന്നാർ. പശ്ചിമഘട്ടത്തെ നന്നായി സംരക്ഷിച്ചാലേ കേരളത്തിന് നിലനിൽപ്പ് സാധ്യ മാകൂ എന്ന ഒരു സന്ദേശം കൂടി മൂന്നാർ നൽകുന്നുണ്ട്.**



ജ്ഞാനപീഠ പുരസ്കാരം നേടിയ തകഴി ശിവശങ്കരപ്പിള്ള രചിച്ച 'വെള്ളപ്പൊക്കത്തിൽ' എന്ന മനോഹരമായ ഒരു ചെറുകഥയുണ്ട്. കുട്ടനാട്ടിലുണ്ടായ ഒരു വെള്ളപ്പൊക്കവും അതുണ്ടാക്കിയ ദുരിതങ്ങളുമാണ് കഥ യുടെ ഇതിവൃത്തം. കഥ മനോഹരമാണെങ്കിലും അതിലെ സംഭവങ്ങൾ നമ്മളുടെ കരളലിയിക്കും.

2018, 2019 കാലങ്ങളിൽ കേരളം അനുഭവിച്ച മഴക്കെടുതികൾ ഓർമ്മയു ണ്ടാകുമല്ലോ. അനേകം ആളുകൾ മരിച്ചു. ഒട്ടനവധി ആളുകൾക്ക് കിടപ്പാടം നഷ്ടപ്പെട്ടു. ആയിരക്കണക്കിന് വളർത്തുമൃഗങ്ങൾ ഒലിച്ചുപോയി. വലിയ കൃഷിനാശമുണ്ടായി. റോഡുകളും പാലങ്ങളും തകർന്നു. തുടർച്ചയായി പെയ്ത മഴ ജനജീവിതം താറുമാറാക്കി. അഭയാർത്ഥിക്യാമ്പുകളിൽ ലക്ഷക്കണക്കിന് ആളു കൾക്ക് ആഴ്ചകളോളം കഴിയേണ്ടി വന്നു. കോടികളുടെ നാശനഷ്ടങ്ങൾ ഉണ്ടായി.

കേരളം കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കമായിരുന്നില്ല നാം അപ്പോൾ കണ്ടത്. അത് 99ലെ വെള്ളപ്പൊക്കം എന്ന പേരിലറിയപ്പെടുന്ന 1924 ജൂലൈ



മാസത്തിൽ (കൊല്ലവർഷം 1099) ഉണ്ടായ മഹാപ്രളയമായിരുന്നു. തുടർച്ചയായി മൂന്ന് ആഴ്ചയോളം പെയ്ത മഴ ആലപ്പുഴ, ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങളെ അക്ഷരാർഥത്തിൽ വെള്ളത്തിൽ മുക്കി. തിരുവിതാംകൂറിലും മലബാറിലും സമാനമായ അവസ്ഥയുണ്ടായി. റോഡ്, റെയിൽ ഗതാഗതം സ്തംഭിച്ചു. ഭക്ഷണം കിട്ടാതെ ആളുകൾ വലഞ്ഞു. മലവെള്ളത്തോടൊപ്പം വർധിച്ച കടലാക്രമണം കൂടിയായപ്പോൾ കേരളം മൊത്തത്തിൽ വിറങ്ങലിച്ചുനിന്നു.

നാണ്യവിളകളുടെ നാടായ ഇടുക്കി ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ സമാനതകളില്ലാത്തതായിരുന്നു. മലയാളികളും മറുനാട്ടുകാരുമായ വിനോദ സഞ്ചാരികൾക്ക് ഇപ്പോഴും ഏറെ പ്രിയപ്പെട്ട മൂന്നാർ നഗരം 1924 ലെ മലവെള്ളത്തിൽ ഒലിച്ചുപോയി. പെരിയാറിന്റെ കൈവഴിയായ മുതിരപ്പുഴയാറിലുണ്ടായ വെള്ളപ്പൊക്കമായിരുന്നു അതിന് കാരണം. മാട്ടുപ്പെട്ടിയിൽ തടംകെട്ടി നിന്ന ജലം കുത്തിയൊഴുകി മൂന്നാറിന്റെ കഥ കഴിച്ചു എന്നു പറയാം.

ആറായിരത്തിലധികം അടി ഉയരത്തിലുള്ള മലകളിൽ സ്ഥിതി ചെയ്യുന്ന മൂന്നാർ അടക്കം മഴയിൽ ഒലിച്ചുപോയെങ്കിൽ അടിവാരങ്ങളിലുള്ള പ്രദേശങ്ങളുടെ അവസ്ഥ എന്തായിരിക്കും എന്ന് ഊഹിക്കാമല്ലോ?

ബ്രിട്ടീഷുകാർക്ക് ഏറെ പ്രിയപ്പെട്ട നഗരമായിരുന്നു മൂന്നാർ. തങ്ങളുടെ പൗരന്മാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും അന്ന് രാജ്യം ഭരിച്ചിരുന്ന ബ്രിട്ടീഷുകാർ മൂന്നാറിൽ മികച്ച രീതിയിൽ സജ്ജമാക്കിയിരുന്നു. മാതൃകാ വിദ്യാലയങ്ങൾ, ആശുപത്രികൾ, പോസ്റ്റൽ



മറയൂർ മുനിയറ

മൂന്നാറിൽ 1902 ലാണ് ബ്രിട്ടീഷുകാർ റെയിൽവേ സ്ഥാപിച്ചത്. അവിടെ സമൃദ്ധമായി വിളഞ്ഞിരുന്ന തേയിലയും ഏലവുമടക്കമുള്ള വിഭവങ്ങൾ തമിഴ്നാട്ടിലെ തൂത്തുക്കുടി വഴി കടൽമാർഗം ബ്രിട്ടനിലേക്ക് കൊണ്ടുപോകുന്നതിനായി നിർമ്മിച്ച റെയിൽപ്പാത പിന്നീട് ഇതുവരേയും പുനർനിർമ്മിക്കാനായിട്ടില്ല. വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട റെയിൽവേ ലൈനിന്റെ അവശിഷ്ടങ്ങൾ മൂന്നാറിൽ ഇപ്പോഴുമുണ്ട്.





രാമക്കൽ മേട് കാറ്റാടിപ്പാടം



സംവിധാനങ്ങൾ, നല്ല റോഡുകൾ, വിനോദസഞ്ചാരികൾക്കായി റോപ് വേകൾ എന്നിവയെല്ലാം മൂന്നാറിൽ ഉണ്ടായിരുന്നു. ആ കാലത്ത് മൂന്നാറിൽ റെയിൽവേ പോലും ഉണ്ടായിരുന്നു എന്നത് അതിശയകരമല്ലേ? ഇന്ന് മൂന്നാറിൽ റെയിൽ ഗതാഗതമില്ല.

മൂന്നാറിൽ 1902 ലാണ് ബ്രിട്ടീഷുകാർ റെയിൽവേ സ്ഥാപിച്ചത്. അവിടെ സമൃദ്ധമായി വിളഞ്ഞിരുന്ന തേയിലയും ഏലവുമടക്കമുള്ള വിഭവങ്ങൾ തമിഴ്നാട്ടിലെ തൂത്തുക്കുടി വഴി കടൽമാർഗം ബ്രിട്ടനിലേക്ക് കൊണ്ടുപോകുന്നതിനായി നിർമ്മിച്ച റെയിൽപ്പാത പിന്നീട് ഇതുവരേയും പുനർനിർമ്മിക്കാനായിട്ടില്ല. വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട റെയിൽവേ ലൈനിന്റെ അവശിഷ്ടങ്ങൾ മൂന്നാറിൽ ഇപ്പോഴുമുണ്ട്. ആ റെയിൽപാളങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച വൈദ്യുതിക്കാലുകൾ നഗരത്തിൽ കാണാം. ഒരു വലിയ വെള്ളപ്പൊക്കത്തിൽ നശിച്ച ഒരു മികച്ച നഗരത്തിന്റെ അവശിഷ്ടമാണ് നാം ഇപ്പോൾ കാണുന്ന മൂന്നാർ. പശ്ചിമ



രാജമലയിലെ വരയാടുകൾ



ഇടുക്കി ആർച്ച് ഡാം

Credit : kseb

ഘട്ടത്തെ നന്നായി സംരക്ഷിച്ചാലേ കേരളത്തിന് നിലനിൽപ്പ് സാധ്യമാകൂ എന്ന ഒരു സന്ദേശം കൂടി മൂന്നാർ നൽകുന്നുണ്ട്.

ദുര മൂത്ത മനുഷ്യന്റെ കടന്നുകയറ്റങ്ങളോടുള്ള പ്രകൃതിയുടെ പ്രതിഷേധങ്ങളാണ് കാലാവസ്ഥാവ്യതിയാനങ്ങളായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന വെള്ളപ്പൊക്കവും വരൾച്ചയുമെല്ലാം എന്ന തിരിച്ചറിവുണ്ടാകണം.

ഇടുക്കി ജില്ലയിലെ മനോഹരമായ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ് മൂന്നാർ. കേരളത്തിലെ ആദ്യ വൈദ്യുതി നിലയമായ പള്ളിവാസൽ മൂന്നാറിനു സമീപത്താണ്. അധികം അകലെയല്ലാതെ കേരളത്തിലെ ഏക ചന്ദനത്തോട്ടം സ്ഥിതി ചെയ്യുന്ന മറയൂർ ഉണ്ട്. പ്രകൃത്യാലുള്ള ഈ ചന്ദനത്തോട്ടത്തിന് നടുവിലൂടെ തമിഴ്നാട്ടിലേക്ക് റോഡുണ്ട്. ആ റോഡിന് അരികിലുള്ള ചന്ദനമരത്തണലിലിരുന്ന് ഞങ്ങൾ ഭക്ഷണം കഴിച്ചത് നല്ല ഒരു അനുഭവമായിരുന്നു. മറയൂർ ചന്ദനത്തൈലം, ചന്ദനക്ഷണങ്ങൾ എന്നിവയുടെ ഒരു വില്പനകേന്ദ്രം മറയൂരിൽ പ്രവർത്തിക്കുന്നുണ്ട്.

മറയൂർ ശർക്കര പ്രശസ്തമായ ഒന്നാണ്. ശർക്കര നിർമ്മാണം ഇവിടെ ഒരു കുടിൽ വ്യവസായമാണ്.

ചന്ദനത്തിനും ശർക്കരക്കും പുറമേ ഇവിടെ നിലനിന്ന ശിലായുഗസംസ്ക്കാരത്തിന്റെ ശേഷിപ്പുകളായ മറയൂർ മുനിയറകളും പ്രശസ്തങ്ങളാണ്. പുരാതന ശിലായുഗത്തിന്റെ അവസാനഘട്ടമായ 'മഹാശിലായുഗ'ത്തിലെ ആളുകളെ മറവു ചെയ്ത കല്ലറകളാണ് ഇവയെന്ന് പുരാവസ്തുശാസ്ത്രജ്ഞർ പറയുന്നു. മറയൂരിൽ അതിന്റെ ചരിത്രാവശേഷിപ്പുകൾ ഇപ്പോഴുമുണ്ട്.

മൂന്നാറിന് ചുറ്റുഭാഗങ്ങളിലായി ഒട്ടേറേ അണക്കെട്ടുകളും വൈദ്യുതി ഉല്പാദന കേന്ദ്രങ്ങളുമുണ്ട്. മാട്ടുപ്പെട്ടി, കുണ്ടള, പന്നിയാർ, ചെങ്കുളം എന്നിവ അവയിൽ ചിലതാണ്. ഡാമുകളിൽ ബോട്ട് യാത്രയ്ക്കുള്ള സൗകര്യങ്ങളുമുണ്ട്.

മൂന്നാറിന് തൊട്ടടുത്താണ് രാജമല. ഇവിടെയാണ് ഇരവികുളം നാഷണൽ പാർക്ക്. നാഷണൽ പാർക്കിലെ മുഖ്യ ആകർഷണം നീലഗിരി താർ എന്ന വിഭാഗത്തിൽ പെട്ട വരയാടുകളാണ്. വരയാടുകളെ കാണാനായി മാത്രം എത്തുന്ന സഞ്ചാരികളുമുണ്ട്.

തേയിലത്തോട്ടങ്ങളുടെ ഒരു പറുദീസ കൂടിയാണ് മൂന്നാർ. തേയിലത്തോട്ടങ്ങൾ നിരന്ന പച്ചപ്പട്ട് വിരിച്ച മലനിരകൾ കണ്ടുകൊണ്ടുള്ള യാത്രയെ വിശേഷിപ്പിക്കാൻ വാക്കുകൾ മതിയാവില്ല.

നീലക്കുറിഞ്ഞികൾ പൂക്കുന്ന കാലത്ത് ഇടുക്കി മലനിരകൾ



നീലക്കുറുഞ്ഞി പൂത്തപ്പോൾ



പള്ളിവാസൽ പെൻസ്റ്റോക്ക് പൈപ്പ്

ഇടുക്കി അണക്കെട്ടും മൂലമറ്റം പവർ ഹൗസും എഞ്ചിനീയറിംഗും സാങ്കേതികവിദ്യയും കൊണ്ട് തീർത്ത ഒരു മഹാത്ഭുതമാണ്. കാനഡ സർക്കാറിന്റെ സാങ്കേതിക സഹായത്തോടെ പെരിയാർ നദിയിൽ നിർമ്മിച്ച ഏഷ്യയിലെ തന്നെ ആദ്യ ആർച്ച് ഡാമാണ് ഇടുക്കി. ഒരു കമാനത്തിന്റെ ആകൃതിയിലുള്ള ഇടുക്കി ഡാമിന് 555 അടിയാണ് ഉയരം.

കണ്ടാലും കണ്ടാലും കൊതി തീരില്ല. നാണ്യവിളകൾക്കു പുറമെ ഇടുക്കി ജില്ലയാണ് കേരളത്തിന് ഏറ്റവും കൂടുതൽ വൈദ്യുതിയും തരുന്നത്.

കാറ്റിൽ നിന്നും വൈദ്യുതിയുണ്ടാക്കുന്ന കാറ്റാടിയന്ത്രങ്ങളുടെ വലിയ ഒരു നിര രാമക്കൽ മേട്ടിലുണ്ട്. തേക്കടിയിൽ നിന്നും മുല്ലപ്പെരിയാർ ഡാം വരെയുള്ള ബോട്ടുയാത്ര ഒരു നല്ല അനുഭവമാണ്. കടുവകളും ആനകളും കാട്ടുപോത്തുകളും തുടങ്ങി ഒട്ടേറെ വന്യമൃഗങ്ങൾ പെരിയാർ നദിയിൽ നിന്നും വെള്ളം കുടിക്കുന്നത് കാണാനും ചിലപ്പോൾ കഴിയാറുണ്ട്.

ഇടുക്കി അണക്കെട്ടും മൂലമറ്റം പവർ ഹൗസും എഞ്ചിനീയറിംഗും സാങ്കേതികവിദ്യയും കൊണ്ട് തീർത്ത ഒരു മഹാത്ഭുതമാണ്. കാനഡ സർക്കാരിന്റെ സാങ്കേതിക സഹായത്തോടെ പെരിയാർ നദിയിൽ നിർമ്മിച്ച ഏഷ്യയിലെ തന്നെ ആദ്യ ആർച്ച് ഡാമാണ് ഇടുക്കി. ഒരു കമാനത്തിന്റെ ആകൃതിയിലുള്ള ഇടുക്കി ഡാമിന് 555 അടിയാണ് ഉയരം. ഡാമിന്റെ മുകളറ്റത്തെ നീളം 365.85 മീറ്ററും വീതി 7.62 മീറ്ററുമാണ്. ഡാമിന്റെ അടിയിലെ വീതി 19.81 മീറ്ററാണ്. വാഴത്തോപ്പ് പഞ്ചായത്തിലെ ചെറുതോണിയിലുള്ള കുറവൻ, കുറത്തി മലകളെ ബന്ധിപ്പി

ച്ചാണ് അണക്കെട്ട് നിർമ്മിച്ചിട്ടുള്ളത്.

മറ്റു ഡാമുകൾക്കുള്ളതുപോലെ വെള്ളം നിറഞ്ഞു കഴിഞ്ഞാൽ അധികജലം പുറത്തേക്ക് ഒഴുക്കിവിടാനുള്ള ഷട്ടറുകൾ ഇടുക്കി ഡാമിന് ഇല്ല. ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായുള്ള ചെറുതോണി, കുളമാവ് ഡാമുകളാണ് ആ കർത്തവ്യം നിർവഹിക്കുന്നത്.

1976ൽ പ്രവർത്തനം ആരംഭിച്ച ഇടുക്കി ജലവൈദ്യുത പദ്ധതിയാണ് കേരളത്തിന്റെ വൈദ്യുതി ഉല്പാദനത്തിന്റെ നട്ടെല്ല്. ആകെ 3000 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിൽ വിവിധ മാർഗങ്ങളിലൂടെ ഉല്പാദിപ്പിക്കുന്നത്. അതിൽ വലിയ പങ്ക് 2108 മെഗാവാട്ട് തരുന്ന ജലവൈദ്യുത പദ്ധതികൾക്കാണ്. അതിൽത്തന്നെ 780 മെഗാവാട്ടും ഇടുക്കി എന്ന ഒറ്റ പദ്ധതിയിൽ നിന്നും ബാക്കിയുള്ള 1328 മെഗാവാട്ട്മറ്റ് 38 പദ്ധതികളിൽ നിന്നുമാണ് എന്നത് ഈ പദ്ധതിയുടെ വലിപ്പവും പ്രാധാന്യവുമാണ് കാണിക്കുന്നത്.

ഇടുക്കി അണക്കെട്ടിന്റെ അടിയിലേക്ക് ഇറങ്ങുവാൻ മുകളിൽ നിന്നും ഒരു ലിഫ്റ്റുണ്ട്. അണക്കെട്ടിന്റെ ഉള്ളിലൂടെയാണ് ലിഫ്റ്റ് താഴേക്ക് ഇറങ്ങുന്നത്.

അണക്കെട്ടിന്റെ ഉള്ളിൽ, അണക്കെട്ടിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ പോകുവാൻ ഗുഹപോലെയുള്ള ഗാലറികളുമുണ്ട്. വൈദ്യുതി ബോർഡ് ജീവനക്കാർ ലിഫ്റ്റിലൂടെ അണക്കെട്ടിന്റെ ഉള്ളിലേക്കിറങ്ങി, ഗാലറിയിലൂടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നടന്ന് ഡാമിന്റെ സുരക്ഷ, ചോർച്ച എന്നിവയെല്ലാം നിരന്തരം പരിശോധിക്കാറുണ്ട്.

ലിഫ്റ്റിലൂടെ ഡാംഭിത്തിയുടെ ഉള്ളിലേക്കിറങ്ങി, ഗാലറിയിലൂടെ അണക്കെട്ടിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നടക്കുവാനുള്ള ഒരു അസുലഭ സൗഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. ഡാമിന്റെ ഉള്ളിലൂടെ നടക്കുമ്പോൾ, ഭിത്തിക്ക് തൊട്ടപ്പുറത്ത് തടഞ്ഞുനിറുത്തപ്പെട്ട കോടിക്കണക്കിന് ലിറ്റർ ജലത്തിന്റെ അദൃശ്യസാന്നിധ്യം നമ്മളെ ഭയവിഹ്വലരാക്കും.

കുളമാവ് അണക്കെട്ടിനു സമീപത്ത് നിന്നും വലിയ ഭൂഗർഭ കുഴലുകളിലൂടെ (Penstock Pipes) ജലമെത്തിച്ച് മൂലമറ്റത്താണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. ഇടുക്കി അണക്കെട്ടിൽ നിന്നും 46 കി.മീ. അകലെയാണ് മൂലമറ്റം പവർഹൗസ്.

നാടുകാണി മലയ്ക്കുള്ളിൽ, ഒരു ഭൂഗർഭ അറയിലാണ് മൂലമറ്റം പവർ ഹൗസ് പ്രവർത്തിക്കുന്നത്. ഒരു വലിയ മലയുടെ ഉള്ളിലാണ് പവർ ഹൗസ് പണിതിട്ടുള്ളത്. പുറമെ നിന്നും നോക്കിയാൽ ഇങ്ങനെയൊരു വൈദ്യുതിനിലയം ഈ മലയുടെ ഉള്ളിലുണ്ടെന്ന് ആർക്കും തോന്നുകപോലുമില്ല.

പൊതുജനങ്ങൾക്ക് പവർ ഹൗസിലേക്കുള്ള പ്രവേശനം കർശനമായ നിയന്ത്രണത്തിന് വിധേയമാണ്. പലപ്പോഴും പ്രവേശനം അസാധ്യവുമാണ്.

വൈദ്യുതി ബോർഡിൽ ജോലി ചെയ്തിരുന്ന കാലത്ത് പരിശീലന പരിപാടികളുടെ ഭാഗമായി രണ്ടു തവണ മൂലമറ്റം പവർഹൗസ് സന്ദർശിക്കാനുള്ള അവസരം എനിക്കു ലഭിച്ചിട്ടുണ്ട്. പവർഹൗസിലേക്കുള്ള പ്രവേശന കവാടത്തിൽ എല്ലാവിധ പരിശോധനയും കഴിഞ്ഞശേഷം ഹെൽമറ്റ് മുതലായ സുരക്ഷാ ഉപകരണങ്ങൾ ധരിപ്പിച്ച്, വൈദ്യുതി ബോർഡിന്റെ പ്രത്യേക വാഹനത്തിലാണ് ഉള്ളിലേക്ക് കടത്തിവിടുക. ഒരു ഭൂഗർഭ തുരങ്കത്തിലൂടെ അര കിലോ മീറ്ററോളം ഉള്ളിലേക്ക് സഞ്ചരിച്ചു വേണം പവർ ഹൗസിലെത്താൻ. അവിടെ കാണുന്ന കാഴ്ച നമ്മെ വിസ്മയിപ്പിക്കുന്നതാണ്.

ഭൂമിക്കടിയിൽ, ഒരു ഏഴു നില കെട്ടിടത്തിന്റെ വലിപ്പത്തിലുള്ള അറയിലാണ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പ്രൊപ്പല്ലറുകൾ സ്ഥാപിച്ചിട്ടുള്ളത്. ഈ പ്രൊപ്പല്ലറുകളിലേക്കാണ് ഏതാണ്ട് കുത്തനെയുള്ള പെൻസ്റ്റോക്ക് പൈപ്പിലൂടെ ഇടുക്കി അണക്കെട്ടിൽ നിന്നുമുള്ള ജലം പ്രവഹിക്കുന്നത്. കുഴലുകളിലൂടെ ഒഴുകുന്ന വെള്ളത്തിന്റെ ശക്തിയിൽ പ്രൊപ്പല്ലറുകൾ വലിയ മുഴക്കത്തോടെ കറങ്ങുന്നതു കാണുമ്പോൾ ആരും ഭയന്നുപോകും.

വൈദ്യുതിയുടെ ആവശ്യത്തിന് അനുസരിച്ചാണ് പ്രൊപ്പല്ലറുകൾ പ്രവർത്തിക്കുന്നത്. പവർ ഹൗസിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ഭൂഗർഭ അറയുടെ ഏറ്റവും മുകളിലുള്ള കൺട്രോൾ റൂമിലെ സാങ്കേതിക വിദഗ്ധരാണ്.

എറണാകുളത്തുള്ള ലോഡ് ഡെസ്പാച് സെന്ററാണ് വൈദ്യുതിയുടെ ആവശ്യത്തിന് അനുസരിച്ച് വൈദ്യുതിയുടെ ഉല്പാദനം വർധിപ്പിക്കാനോ കുറയ്ക്കുവാനോ ഉള്ള നിർദേശങ്ങൾ പവർ ഹൗസിന് നൽകുന്നത്.

നാം ഉറങ്ങുമ്പോഴും മൂലമറ്റത്തെ അതീവ അപകടസാധ്യതയുള്ള ഒരു ഭൂഗർഭ അറയിലിരുന്ന് കുറേയാളുകൾ നമുക്കുവേണ്ടി വൈദ്യുതി ഉല്പാദിപ്പിക്കുകയായിരിക്കും എന്നത് എത്ര പേർക്കറിയാം? ശാസ്ത്ര സാങ്കേതികവിദ്യകളുടെ സഹായത്തോടെയുള്ള മനുഷ്യനിർമ്മിതികളുടെ വൈചിത്ര്യങ്ങൾ എത്ര വിസ്മയാവഹങ്ങളാണ്!

നോവൽ–17

## ടോം സോയറുടെ

# സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

തകർന്ന ഹൃദയത്തോടെയാണ് ടോം വീട്ടിലെത്തിയത്.

പക്ഷേ ആന്റി ആദ്യം പറഞ്ഞ വാചകത്തിൽ നിന്ന് തന്റെ ദുഃഖത്തിന് ഇവിടെ സ്ഥാനമില്ലെന്ന് ടോം മനസ്സിലാക്കി.

‘‘നിന്നെ ജീവനോടെ തൊലിയുരിക്കാനുള്ള ദേഷ്യം എനിക്കുണ്ട്.’’

‘‘ഞാൻ എന്തു തെറ്റാണ് ചെയ്തത്?’’

‘‘നീ ചെയ്തതെല്ലാം ആവശ്യത്തിലധികമാണ്. നീ പറഞ്ഞതെല്ലാം സ്വപ്നത്തിൽ കണ്ടതാണെന്ന് വിശ്വസിച്ച്, സെറീനി ഹാർപ്പറോട് നിന്റെ സ്വപ്നത്തിന്റെ കഥപറയാൻ പോയ ഞാൻ ഒന്നാന്തരമൊരു വിഡ്ഢിയായി. ജോയ് പറഞ്ഞു നീ ഇവിടെ വന്നതായും ഇവിടെ നടന്നതെല്ലാം നേരിട്ട് കാണുകയും കേൾക്കുകയും ചെയ്തതാണെന്ന് അവർക്കറിയാമായിരുന്നുവെന്നും. ഇങ്ങനെയൊക്കെ പെരുമാറുന്ന ഒരു കുട്ടിക്ക് എന്ത് സംഭവിക്കുമെന്ന് എനിക്കറിയില്ല. സെറീനി ഹാർപ്പറിന്റെ അടുത്തേക്ക് ഒരു കള്ളക്കഥയുമായി എന്നെ അയച്ച്, നീ എന്നെ മണ്ടിയാക്കി എന്ന് ഓർക്കുമ്പോൾ എനിക്ക് സങ്കടം സഹിക്കാനാകുന്നില്ല.’’

രാവിലെ നല്ല ഒരു അത്ഭുത കഥയായി അവതരിപ്പിക്കപ്പെട്ട സ്വപ്നവും തന്റെ ഭാവനാവിലാസവും ഇപ്പോൾ നിലവാരം കുറഞ്ഞ ഒരു കള്ളക്കഥയായി മാറിയിരിക്കുന്നു. ആന്റിയോട് എന്തു പറയണമെന്ന് അറിയാതെ അവൻ വിഷമിച്ചു.

‘‘ആന്റീ... ഞാൻ അങ്ങനെ ചെയ്യരുതായിരുന്നു. അപ്പോൾ അതൊന്നും ഓർത്തില്ല.’’

‘‘എന്റെ മോനെ, നീ എന്നും





വര: റോണി ദേവസ്യ

നിന്റെ സ്വാർഥ താത്പര്യങ്ങൾ മാത്രമാണ് ചിന്തിക്കുന്നത്. മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാറേയില്ല. ജാക്സൺസ് ദ്വീപിൽ നിന്ന് പാതിരാത്രി ഞങ്ങളെ പരിഹസിക്കാനായി മാത്രം ഇവിടെ വരിക, എന്നിട്ട് അതൊരു സ്വപ്നമായിരുന്നെന്ന് കള്ളം പറഞ്ഞ് എന്നെ മണ്ടിയാക്കുക. എന്റെ സങ്കടത്തെക്കുറിച്ച് നിനക്ക് ലേശംപോലും കാരുണ്യം ഉണ്ടായിരുന്നില്ല.''

''ആന്റീ... തെറ്റിപ്പോയി. പക്ഷേ സത്യമായിട്ടും ആന്റിയെ പരിഹസിക്കാനല്ല ഞാൻ ഇവിടെ വന്നത്.''

''പിന്നെ എന്തിനാണ് വന്നത്?''

''ഞങ്ങളെ ഓർത്തു വിഷമിക്കരുത്. ഞങ്ങൾ മുങ്ങിമരിച്ചിട്ടില്ല എന്ന് അറിയിക്കാനാണ് വന്നത്.''

''നിനക്ക് അങ്ങനെയൊരു നല്ല ചിന്ത ഉണ്ടായിരുന്നതായി വിശ്വസിക്കാനായാൽ ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവതി ഞാൻ ആയിരിക്കും. പക്ഷേ അത് സത്യമല്ല, എനിക്കറിയാം. അതിനാണ് വന്നതെങ്കിൽ പിന്നെ എന്താ പറയാതെ പോയത്?''

''നിങ്ങൾ ശവസംസ്കാരത്തെക്കുറിച്ച് പറയുന്നതു കേട്ടപ്പോൾ ഞങ്ങളുടെ ശവസംസ്കാര ശുശ്രൂഷ പള്ളിയിൽ ഒളിച്ചിരുന്ന് കാണണമെന്നും പിന്നീട് പെട്ടെന്ന് പ്രത്യക്ഷപ്പെട്ട് എല്ലാവരെയും അത്ഭുതപ്പെടുത്തണമെന്നുമുള്ള ആഗ്രഹം ഉണ്ടായി. ആ അത്ഭുതം നഷ്ടപ്പെടുത്താനുള്ള മനസ്സില്ലായിരുന്നതുകൊണ്ട് ഞാൻ ആ മരത്തൊലി എന്റെ ജായ്ക്കറ്റ് പോക്കറ്റിൽ തിരികെ ഇട്ടു.''

''ഏത് മരത്തൊലി?''

''ഞങ്ങൾ മരിച്ചിട്ടില്ലെന്നും കടൽ കൊള്ളക്കാരായി ജീവിക്കുകയാണെന്നും എഴുതിയ മരത്തൊലി. ഞാൻ ആന്റിയെ ചുംബിച്ചപ്പോൾ ആന്റി ഉണർന്നിരുന്നെങ്കിൽ എന്ന് ഞാൻ ഇപ്പോൾ ആശിക്കുന്നു.''

ആന്റിയുടെ വലിഞ്ഞുമുറുകിയ മുഖഭാവം ഒന്ന് അയഞ്ഞു. അവിടെ വാത്സല്യത്തിന്റെ തിളക്കം.

''നീ സത്യമായിട്ടും എന്നെ ചുംബിച്ചോ?''

''സത്യം''

''നീ എന്തിനാ എന്നെ ചുംബിച്ചത്?''

''ഞാൻ ആന്റിയെ ഒരുപാട് സ്നേഹിക്കുന്നു. ആന്റി ഉറക്കത്തിൽ ഞരങ്ങുകയും കരയുകയും ചെയ്യുന്നത് കേട്ടപ്പോൾ എനിക്ക് സങ്കടം സഹിക്കാനായില്ല.''

ആ വാക്കുകൾക്ക് സത്യത്തിന്റെ ചുവയുണ്ടായിരുന്നു. പാവം ആന്റിയുടെ ശബ്ദത്തിൽ ഒരു വിറയൽ.

''ഒരിക്കൽക്കൂടി എന്നെ ചുംബിക്കൂ... എന്നിട്ട് സ്കൂളിലേക്കു പൊയ്ക്കൊള്ളൂ!''

**ടോം പുറത്തിറങ്ങിയ നിമിഷം, ആന്റി ഓടിച്ചെന്ന് അലമാരി തുറന്നു. കടൽക്കൊള്ളക്കാരനായി ജീവിച്ചപ്പോൾ അവൻ ധരിച്ചിരുന്ന പഴയ ജാക്കറ്റ് പുറത്തെടുത്തു. അതിനുള്ളിൽ പരിശോധിക്കാൻ ധൈര്യമില്ലാതെ ആന്റി അറച്ചുനിന്നു. അതും കള്ളമാണെങ്കിൽ എങ്ങനെ സഹിക്കും. രണ്ടുതവണ ആന്റി ജാക്കറ്റ് തിരികെ വയ്ക്കുകയും വീണ്ടും എടുക്കുകയും ചെയ്തു.**

ടോം പുറത്തിറങ്ങിയ നിമിഷം, ആന്റി ഓടിച്ചെന്ന് അലമാരി തുറന്നു. കടൽക്കൊള്ളക്കാരനായി ജീവിച്ചപ്പോൾ അവൻ ധരിച്ചിരുന്ന പഴയ ജാക്കറ്റ് പുറത്തെടുത്തു. അതിനുള്ളിൽ പരിശോധിക്കാൻ ധൈര്യമില്ലാതെ ആന്റി അറച്ചുനിന്നു. അതും കള്ളമാണെങ്കിൽ എങ്ങനെ സഹിക്കും. രണ്ടുതവണ ആന്റി ജാക്കറ്റ് തിരികെ വയ്ക്കുകയും വീണ്ടും എടുക്കുകയും ചെയ്തു. അവസാനം ധൈര്യം സംഭരിച്ച് പോക്കറ്റിൽ പരിശോധിച്ചു. അതിൽ നിന്ന് കിട്ടിയ ചുരുൾ എടുത്ത് അവർ കണ്ണീരോടെ വായിച്ചു.

''അവൻ കോടി പാപങ്ങൾ ചെയ്താലും ഇപ്പോൾ എനിക്ക് ക്ഷമിക്കാനാകും.''

പോളി ആന്റി അവനെ ചുംബിച്ച് യാത്രയാക്കിയപ്പോഴത്തെ സ്നേഹവാത്സല്യം അവനെ സ്പർശിച്ചു. ഉല്ലാസവാനും ഉത്സാഹിയുമായിട്ടാണ് സ്കൂളിലേക്കു നടന്നത്. മെഡോ തെരുവിന്റെ പ്രധാനഭാഗത്ത് ബെക്കിയെ കണ്ടുമുട്ടാനുള്ള ഭാഗ്യവും ഉണ്ടായി. അവന്റെ മാനസിക ഭാവങ്ങളാണ് എപ്പോഴും അവന്റെ പ്രവൃത്തികളെ നിയന്ത്രിച്ചിരുന്നത്. അതുകൊണ്ട് ഒന്നും ഓർക്കാതെ ഒരു മടിയുമില്ലാതെ അവൻ അവളുടെ അടുത്തേക്ക് ഓടി.

''ഇന്നുരാവിലെ ഞാൻ നിന്നോട് വളരെ മോശമായിട്ടാണ് പെരുമാറിയത്. ക്ഷമിക്കണം. സോറീ... ബെക്കീ... ഇനി ഒരിക്കലും അങ്ങനെ ഉണ്ടാകില്ല. നമുക്ക് വീണ്ടും സ്നേഹിതരാകാം. നിനക്ക് സമ്മതമല്ലേ?''

അവൾ അവിടെ നിന്നു. എന്നിട്ട് അവനെ പുച്ഛത്തോടെ നോക്കി.

''നീ നിന്റെ കാര്യം നോക്കി നടന്നാൽ ഞാൻ അതിന് നിന്നോട് പ്രത്യേകം നന്ദി പറയും മിസ്റ്റർ തോമസ് സോയർ. ഇനി ഒരിക്കലും ഞാൻ നിന്നോട് മിണ്ടില്ല.''

അവൾ തലയും വെട്ടിച്ച് നടന്നുപോയി. ടോം ഞെട്ടിപ്പോയി. അവന് എന്തെങ്കിലും പറയാനുള്ള മനഃസാന്നിധ്യം പോലും ഇല്ലാതായി. അവൾ ഒരു ആൺകുട്ടി ആയിരുന്നെങ്കിൽ മര്യാദ പഠിപ്പിക്കാമായിരുന്നു എന്നു ചിന്തിച്ചുകൊണ്ടാണ് അവൻ സ്കൂൾവളപ്പിൽ കാലുകുത്തിയത്. അവിടെ അവളെ

**അന്ന് ബെക്കി മേശയ്ക്കരികിലൂടെ കടന്നുപോയപ്പോൾ താക്കോൽ, മേശയുടെ പൂട്ടിൽ തന്നെ ഇരിക്കുന്നു. ചുറ്റും നോക്കി. ആരുമില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം അവൾ മേശതുറന്ന് പുസ്തകം എടുത്തു. 'പ്രൊഫസർ സംബൊഡിയുടെ ശരീരശാസ്ത്രം' എന്ന ശീർഷകം അവൾക്ക് മനസ്സിലായില്ല.**

വീണ്ടും കണ്ടപ്പോൾ ടോം വേദനിപ്പിക്കുന്ന ഒരു കുത്തുവാക്ക് പറഞ്ഞു. അവൾ അതിലും ഭയങ്കരമായ ഒരു കുത്തു തിരികെ കൊടുത്തു. അങ്ങനെ വഴക്കും പിണക്കവും അതിന്റെ പൂർണതയിലെത്തി. അവളുടെ അപമാനത്തിന്റെയും അരിശത്തിന്റെയും നിമിഷത്തിൽ സ്കൂൾ സമയം ആയിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചു. മഷി വീണ സ്പെല്ലിങ് പുസ്തകത്തിന്റെ പേരിൽ ടോം അടി വാങ്ങുന്നത് കാണാനുള്ള കൊതി അവൾക്ക് അടക്കാനായില്ല. ആൽഫ്രഡ് ടെംപിളിനെക്കുറിച്ച് പറയാനുണ്ടായിരുന്ന ആഗ്രഹം ടോമിന്റെ കുത്തുവാക്കോടെ അസ്തമിച്ചു.

അവരുടെ അധ്യാപകൻ മിസ്റ്റർ ഡോബിൻസ് ജീവിത സ്വപ്നം നേടിയെടുക്കാനാകാത്തതിന്റെ അസംതൃപ്തി കടിച്ചിറക്കി ജീവിക്കുന്ന ഒരു മധ്യവയസ്കനായിരുന്നു. ഒരു ഡോക്ടറാകണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം കുടുംബത്തിന്റെ സാമ്പത്തിക പരാധീനത നിമിത്തം പൂർത്തീകരിക്കാനാകാതെ വന്നു. ഒരു സാധാരണ ഗ്രാമത്തിലെ സ്കൂൾ അധ്യാപകനായി ജീവിക്കാനായിരുന്നു അദ്ദേഹത്തിന്റെ വിധി. കുട്ടികൾ അവരുടെ പാഠപുസ്തകം വായിക്കുന്നതിൽ വ്യാപൃതരാകുമ്പോൾ അദ്ദേഹം മേശയ്ക്കുള്ളിൽ നിന്ന് രഹസ്യങ്ങൾ ഉറങ്ങുന്ന ഒരു പുസ്തകം എടുത്തു വായിക്കും. മേശയ്ക്കുള്ളിൽ അദ്ദേഹം ഭദ്രമായി പൂട്ടിവച്ചിരിക്കുന്ന ആ പുസ്തകത്തെക്കുറിച്ച് കുട്ടികൾ ഓരോരുത്തരും തങ്ങളുടെ ഭാവനയ്ക്കനുസൃതമായ നിറം നൽകി. പക്ഷേ അതൊന്ന് കാണാനുള്ള ഭാഗ്യം അവർക്കാർക്കും ലഭിച്ചില്ല. അന്ന് ബെക്കി മേശയ്ക്കരികിലൂടെ കടന്നുപോയപ്പോൾ താക്കോൽ, മേശയുടെ പൂട്ടിൽതന്നെ ഇരിക്കുന്നു. ചുറ്റും നോക്കി. ആരുമില്ലെന്ന് ഉറപ്പു വരുത്തിയതിനുശേഷം അവൾ മേശതുറന്ന് പുസ്തകം എടുത്തു. 'പ്രൊഫസർ സംബൊഡിയുടെ ശരീരശാസ്ത്രം' എന്ന ശീർഷകം അവൾക്ക് മനസ്സിലായില്ല. അവൾ പുസ്തകതാളുകൾ മറിച്ചു. ഒരു മനുഷ്യശരീരത്തിന്റെ പൂർണ നഗ്നചിത്രം!

കൃത്യം ആ സമയത്തു തന്നെ ടോം ക്ലാസ് മുറിയിൽ പ്രവേശിക്കുകയും തുറന്ന പുസ്തകം കാണുകയും ചെയ്തു. ബെക്കി, പെട്ടെന്ന്



പുസ്തകം അടച്ചുവയ്ക്കാൻ ശ്രമിച്ചപ്പോൾ ആ പടം നെടുകെ താഴെവരെ രണ്ടായി കീറി പ്പോയി. അവൾ പുസ്തകം മേശയ്ക്കകത്തുവച്ച് മേശ പൂട്ടി. എന്നിട്ട് നാണക്കേടും കോപവും സഹിക്കാനാകാതെ പൊട്ടിത്തെറിച്ചു.

''ടോം സോയർ, നീ മര്യാദ കെട്ടവനാണ്. ഒളിഞ്ഞു നോക്കുന്ന മര്യാദ ഇല്ലാത്തവൻ''

''നീ എന്തെങ്കിലും കാണുകയായിരുന്നെന്ന് ഞാൻ എങ്ങനെ അറിയും?''

അവൾ അരിശത്തോടെ ചോദിച്ചു.

''എന്നെ ഒറ്റുകൊടുക്കാനുള്ള ശ്രമം അല്ലേ? ഞാൻ ഇനി എന്തു ചെയ്യും? എനിക്ക് ഇന്നുവരെ സ്കൂളിൽ അടികിട്ടിയിട്ടില്ല.''

''എന്റെ മര്യാദകേട് പറഞ്ഞുകൊടുക്ക്. എനിക്ക് അടി കിട്ടട്ടെ. പക്ഷേ നമുക്ക് കാണാം എന്താ സംഭവിക്കാൻ പോകുന്നതെന്ന്.''

''നിന്നെ എനിക്ക് വെറുപ്പാണ്... വെറുപ്പാണ്...'' അവൾ വീണ്ടും പൊട്ടിക്കരഞ്ഞു. പുറത്തേക്കു കുതിച്ചു. *(തുടരും)*

**പഴമൊഴിപ്പത്തായം**

# അടിതെറ്റിയാൽ ആനയും വീഴും

**രേഖ ആർ താങ്കൾ**

## കവിത

കാൽവയ്പിൽ ഒന്നു പിഴച്ചാൽ
നിലനിൽപ്പുകളൊക്കെതെറ്റും
അതുവരെ നാം കെട്ടിയുയർത്തിയ
മണിമേടകളൊക്കെത്തകരും
പണ്ഡിതനോ പാമരനെന്നോ
സമ്പത്തിനിരിപ്പിടമെന്നോ
ആകാരവലിപ്പം കൊണ്ടോ
അധികാരസ്ഥാനം കൊണ്ടോ
അടിതെറ്റി ചുവടുപിഴച്ചാൽ
ആഘാതം കുറയില്ലല്ലോ!



വര: ആശ ആർ

## കുറിപ്പ്

ചുവടുവെയ്പുകൾ തെറ്റിയാൽ എത്ര വമ്പനായാലും നിലംപതിക്കുമെന്നാണ് ഈ ചൊല്ലിന്റെ സൂചന. ജീവിതത്തിന്റെ ഏതുമേഖലയിൽ എത്ര ഉയർന്ന വ്യക്തിയായാലും ചുവടുകളിൽ നല്ല ശ്രദ്ധയുണ്ടാവണം. അടിതെറ്റിയാൽ വളരെക്കുറച്ചു സമയം മതി നില തെറ്റിവീഴാൻ. അതിന് വലിപ്പച്ചെറുപ്പങ്ങളില്ല.

# ഡിജിറ്റൽ ഗാഡ്ജറ്റുകൾ കുട്ടികൾക്ക് ഭീഷണിയാകുമോ?

**ഡോ. അജീഷ് പി ടി**





കുട്ടികൾ ഡിജിറ്റൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കടുത്ത നിയന്ത്രണം പാലിച്ചിരുന്ന സാഹചര്യം തികച്ചും മാറിയിരിക്കുന്നു. ലോക്ഡൗൺ ആയതിനാൽ വിദ്യാലയങ്ങൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആരംഭിക്കേണ്ടി വന്ന ഓൺലൈൻ ക്ലാസുകൾ സജീവമായതോടെ മുഴുവൻ കുട്ടികൾക്കും യഥേഷ്ടം സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങൾ സ്വതന്ത്രമായി ഉപയോഗിക്കുവാൻ സാധിക്കുന്നു. വീടുകൾക്കുള്ളിലകപ്പെട്ട കുട്ടികൾ രക്ഷിതാക്കൾക്ക് നിയന്ത്രിക്കുവാൻ പോലും കഴിയാത്തവിധം ഇത്തരം ഉപകരണങ്ങൾ അനായാസം കൈകാര്യം ചെയ്യുന്നുണ്ട്. ഏഴു മാസത്തിലധികമായി ലോകം അഭിമുഖീകരിക്കുന്ന ഈ പ്രത്യേക സ്ഥിതിവിശേഷത്തിൽ കുട്ടികളുടെ ദൈനംദിന പ്രവർത്തനങ്ങളെ നേരിട്ട് നിയന്ത്രിക്കുന്ന പ്രധാന ഉപാധിയായി സ്മാർട്ട് ഫോണുകൾ മാറിക്കഴിഞ്ഞ വിചിത്രമായ അവസ്ഥയാണ് നിലനിൽക്കുന്നത്. മുഴുവൻ കുടുംബാംഗങ്ങളും ഇതിനോടൊപ്പം ഇഴചേർന്ന് 'ഡിജിറ്റൽ ടെക്നോ ഫാമിലി' എന്ന നവീന കാഴ്ചപ്പാടിലേക്ക് എത്തിയിരിക്കുന്നു.

മാതാപിതാക്കൾ തങ്ങൾക്ക് ഏറെ പ്രധാനപ്പെട്ട ഒന്നായി മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതു കണ്ടുവളർന്നവരാണ് ഓരോ കുട്ടിയും. സ്മാർട്ട്ഫോൺ ഉപയോഗം കുട്ടികൾക്ക് ദോഷകരമാണെന്ന് കൃത്യമായ അറിവും ധാരണയുമുണ്ടെങ്കിലും വീടിനുള്ളിൽ കുറച്ചു സമയമെങ്കിലും കുട്ടികൾ വികൃതികൾ മാറ്റി വച്ച് മിണ്ടാതിരിക്കട്ടെ എന്നു കരുതി വിമുഖതയോടെ ഫോൺ കൈമാറുന്നവരാണ് രക്ഷിതാക്കളിൽ ഭൂരിഭാഗവും. ഇത്തരം സാഹചര്യങ്ങൾ വർധിച്ചതിലൂടെ സ്മാർട്ട്ഫോൺ ഉപയോഗിക്കുവാൻ കഴിയാത്ത സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ കുട്ടികൾ അസ്വസ്ഥരും അക്രമാസക്തരുമാകുന്നുണ്ട്.

പഠനത്തിന്റെ ഭാഗമായി മാത്രം കുട്ടികൾക്ക് നൽകിയിരുന്ന സ്മാർട്ട് ഫോണുകൾ പിന്നീട് തിരികെ വാങ്ങുന്നതിന് മാതാപിതാക്കൾക്ക് പലപ്പോഴും കഴിയാറില്ല. ഇതു ക്രമേണ രക്ഷിതാക്കളോട് നീരസവും വാശിയും രൂപപ്പെടുന്നതിനും അവരുമായുള്ള ആത്മബന്ധം കുറയുന്നതിനും കാരണമാകും. കുടുംബാന്തരീക്ഷത്തിലെ



സ്വാഭാവിക സന്തുലനാവസ്ഥയും ഇക്കാരണത്താൽ തകിടം മറിയുന്നു.

മൊബൈൽഫോൺ നൽകാത്തതിന്റെ പേരിൽ മാത്രം കുട്ടികൾ ആത്മഹത്യ ചെയ്ത നിരവധി സംഭവങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. മനോനില താളംതെറ്റിയ കുട്ടികളെ കൈകാര്യം ചെയ്യുന്ന കേസുകളുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണെന്ന് മനഃശാസ്ത്രജ്ഞരും കൗൺസിലർമാരും സാക്ഷ്യപ്പെടുത്തുന്നു.

നിലവിൽ ഓൺലൈൻ ക്ലാസുകൾ ദിവസവും നിശ്ചിത സമയം മാത്രമാണ് സംപ്രേഷണം ചെയ്തു വരുന്നത്. എന്നാൽ ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലേയും അധ്യാപകർ നൽകുന്ന തുടർപ്രവർത്തനങ്ങളും അസൈൻമെന്റുകളും ചെയ്യേണ്ടി വരുന്നതിലൂടെ ദിവസത്തിൽ ഏറിയ സമയവും സ്മാർട്ട് ഫോണിനോടൊപ്പം കുട്ടി ചെലവഴിക്കുന്നു. രക്ഷിതാക്കളിൽ രണ്ടുപേർക്കും ജോലിയുള്ള പ്രവൃത്തിദിനങ്ങളിൽ അവരുടെ അസാന്നിധ്യത്തിൽ കുട്ടികൾ ഇന്റർനെറ്റിലെ





**പുതുമ മാത്രം ഇഷ്ടപ്പെടുന്നവരും അറിയാൻ അതിയായ ആഗ്രഹമുള്ളവരുമായ കുട്ടികൾ ശരിതെറ്റുകളുടെ ഗൗരവം മനസ്സിലാക്കാതെ കുരുക്കുകളിലേക്ക് വീണുപോകാനുള്ള സാധ്യത കൂടുതലാണ്. ഇത് നിരവധി സൈബർ കുറ്റകൃത്യങ്ങളിലേക്കും ഇന്റർനെറ്റ് ദുരുപയോഗ സാധ്യതകളിലേക്കും നയിച്ചേക്കാം.**

തെറ്റായ ഇടങ്ങളിലേക്ക് വഴിതിരിയുമോ എന്നതും ആശങ്കയോടെ കാണേണ്ടതുണ്ട്.

പുതുമ മാത്രം ഇഷ്ടപ്പെടുന്നവരും അറിയാൻ അതിയായ ആഗ്രഹമുള്ളവരുമായ കുട്ടികൾ ശരിതെറ്റുകളുടെ ഗൗരവം മനസ്സിലാക്കാതെ കുരുക്കുകളിലേക്ക് വീണുപോകാനുള്ള സാധ്യത കൂടുതലാണ്. ഇത് നിരവധി സൈബർ കുറ്റകൃത്യങ്ങളിലേക്കും ഇന്റർനെറ്റ് ദുരുപയോഗ സാധ്യതകളിലേക്കും നയിച്ചേക്കാം.

ഡിജിറ്റൽ ആശയവിനിമയരീതി നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞ ഈ സാഹചര്യത്തിൽ വീഡിയോ ഗെയിമുകൾ, സോഷ്യൽ മീഡിയ, പോണോഗ്രഫി എന്നിവയുടെ ഉപയോഗം കുട്ടികൾക്കിടയിലും ഭയാനകമാകും വിധം വർധിക്കുന്നുണ്ടെന്ന് രക്ഷിതാക്കളും സമ്മതിക്കുന്നു. ബ്ലൂവെയിൽ, പബ്ജി, കില്ലർ ഗെയിമുകൾ തുടങ്ങിയ ചതിക്കുഴികളിൽ അകപ്പെട്ട് ജീവിതം ഹോമിക്കേണ്ടി വന്ന നിരവധി കുട്ടികളുടെ ദുരവസ്ഥ മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിച്ചതാണ്. അടിസ്ഥാന വിദ്യാഭ്യാസമില്ലാത്തവർപോലും യാതൊരുവിധ പരിശീലനവും ലഭിക്കാതെ തന്നെ സ്മാർട്ട് ഫോണുകൾ അനായാസം ഉപയോഗിക്കുന്നതും സാധാരണമാണ്. ഇതിന്റെ സ്വാധീനം സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലും എത്തിക്കഴിഞ്ഞു എന്നതാണ് വസ്തുത.

ഭക്ഷണം കഴിക്കുന്ന സമയത്തുപോലും സ്മാർട്ട്ഫോൺ ഉപയോഗിക്കുന്നതിൽ താത്പര്യം കാട്ടുന്ന നിരവധി കുട്ടികളുണ്ടെന്ന് രക്ഷിതാക്കളും സമ്മതിക്കുന്നു. കളികളിലോ കായിക പ്രവർത്തനങ്ങളിലോ ഏർപ്പെടേണ്ട കുരുന്നുപ്രായ

ത്തിൽ ചലനരഹിതമായി ഡിജിറ്റൽ ഗാഡ്ജറ്റുകളിൽ സമയം ചെലവഴിക്കുന്നു. തുടർച്ചയായി സ്ക്രീനിൽ നോക്കിയിരിക്കുന്നതുമൂലം ഹ്രസ്വദൃഷ്ടി പ്രശ്നങ്ങൾ, ഡിജിറ്റൽ ഐ സ്ട്രെയിൻ തുടങ്ങിയ നേത്രരോഗങ്ങൾ ക്രമേണ വന്നു ഭവിക്കുവാൻ കാരണമാകുമെന്ന് നേത്ര രോഗ വിദഗ്ദധർ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

ഓൺലൈൻ ക്ലാസുകൾക്കാണെങ്കിൽപ്പോലും സ്മാർട്ട് ഫോണിന്റെ നിരന്തരമായ ഉപയോഗം കുട്ടികളുടെ നിത്യ ജീവിതത്തെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ഏകാഗ്രതക്കുറവ്, ഓർമക്കുറവ് തുടങ്ങിയ പ്രശ്നങ്ങളും ദേഷ്യം, ആക്രമണോത്സുകത എന്നിവ കുട്ടികളിൽ രൂപപ്പെടുവാനും കാരണമാകുന്നു. കുട്ടികളുടെ മൃദുവായ ചർമ്മകോശങ്ങളിൽ മൊബൈൽ റേഡിയേഷൻ വളരെപ്പെട്ടെന്ന് ഏൽക്കും എന്നതാണ് മറ്റൊരു ദോഷം. സ്ക്രീനിനോടുള്ള അമിതമായ ആസക്തി 'ഡിജിറ്റൽ സ്ക്രീൻ അഡിക്ഷൻ' എന്ന പ്രത്യേക മാനസികാവസ്ഥയിലേക്ക് കുട്ടികളെ എത്തിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള സൗഹൃദത്തിലും സഹകരണ മനോഭാവത്തിലും വൈകാരിക ബന്ധത്തിലും വിള്ളൽ ഉണ്ടാക്കുന്നതിനും ഇതു കാരണമാകുന്നു.



**ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഉപയോഗിക്കുന്നത് പൂർണമായും രക്ഷിതാവിന്റെ നിയന്ത്രണത്തിലും സാമീപ്യത്തിലും പഠനപ്രവർത്തനങ്ങൾക്കു വേണ്ടിയും മാത്രം ക്രമീകരിക്കുക. ദിവസവും ലഭ്യമാകുന്ന പരമാവധി സമയം കുട്ടികളോടൊത്ത് ചെലവഴിക്കാൻ രക്ഷകർത്താക്കൾ ശ്രദ്ധിക്കുക.**

## പരിഹാരമാർഗങ്ങൾ

ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഉപയോഗിക്കുന്നത് പൂർണമായും രക്ഷിതാവിന്റെ നിയന്ത്രണത്തിലും സാമീപ്യത്തിലും പഠനപ്രവർത്തനങ്ങൾക്കു വേണ്ടിയും മാത്രം ക്രമീകരിക്കുക. ദിവസവും ലഭ്യമാകുന്ന പരമാവധി സമയം കുട്ടികളോടൊത്ത് ചെലവഴിക്കാൻ രക്ഷകർത്താക്കൾ ശ്രദ്ധിക്കുക. തെറ്റായ ഉപയോഗരീതി ശ്രദ്ധയിൽപ്പെട്ടാൽ കുട്ടികളെ ശാസിക്കാതെ ശരിയായ രീതി പറഞ്ഞു ബോധ്യപ്പെടുത്തുവാൻ ശ്രമിക്കണം. സ്മാർട്ട് ഫോൺ ഉപയോഗത്തെ സംബന്ധിച്ച് കുട്ടിക്കാലം മുതൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരികയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം. പ്രൈമറി ക്ലാസുകൾ മുതൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ശരിയായ രീതിശാസ്ത്രം വികസിപ്പിച്ച് പഠനത്തിന്റെ ഭാഗമാക്കണം. സ്ഥിരമായി സ്ക്രീനിൽ നോക്കിയിരിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഓരോ അരമണിക്കൂർ കഴിയുമ്പോഴും കണ്ണിന് വിശ്രമം അനുവദിക്കണം. രാജ്യത്ത് വിദ്യാഭ്യാസ പ്രക്രിയയ്ക്കു മാത്രമായ സെർച്ച് എൻജിൻ വികസിപ്പിക്കുകയും അതിന് അനുയോജ്യമായ ഡിജിറ്റൽ ഗാഡ്ജറ്റുകൾ വിപണിയിൽ ലഭ്യമാക്കി ഇന്റർനെറ്റ് ദുരുപയോഗ സാധ്യത ഒഴിവാക്കുവാൻ സാധിക്കണം.

നാടൻ കളികളിലും വിനോദങ്ങളിലും പങ്കെടുത്തിരുന്ന പുത്തൻതലമുറയുടെ ബാല്യകാലം പൂർണമായും ഡിജിറ്റൽ ഗാഡ്ജറ്റുകൾ കൈയടക്കുന്ന രീതിയിലേക്ക് വഴിമാറി. ഇന്നല്ലെങ്കിൽ നാളെ നിരോധിക്കേണ്ടവയുടെ പട്ടികയിലോ നിയന്ത്രിക്കേണ്ടവയുടെ പട്ടികയിലോ ഗുരുതരമായ മുന്നറിയിപ്പ് നൽകേണ്ടവയുടെ പട്ടികയിലോ ഇവയെല്ലാം ഉൾപ്പെടുത്തേണ്ടി വരുമോ എന്നത് കാത്തിരുന്നു കാണാം.



# പാതാള തവള

വി യു രാധാകൃഷ്ണൻ

ഭൂമിയിലുള്ള ജീവികളിൽ രൂപംകൊണ്ടും പ്രവൃത്തികൊണ്ടും നമ്മെ ആശ്ചര്യപ്പെടുത്തുന്ന പല ജീവികളുണ്ട്. അതിൽ എടുത്തുപറയേണ്ട ഒന്നാണ് പാതാള തവളകൾ എന്ന Purple frog. ഉഭയജീവി വർഗത്തിൽവരുന്ന ഇവർ പശ്ചിമഘട്ടമലനിരകളുടെ തനതുജീവിയും കൂടിയാണ്. ഇനി ഇവയുടെ സവിശേഷതകൾ നമുക്കു നോക്കാം.

ശാസ്ത്രനാമം – Nasikabatrachus sahyadrensis

പന്നിമൂക്കൻ, പാറമീൻ, കുറവൻ – കുറത്തി, കൊട്രാൻ എന്നൊക്കെ വിളിപ്പേരുകളുണ്ട്. ഇവയുടെ ജനിതക ബന്ധുക്കൾ ആഫ്രിക്കയിൽ കണ്ടുവരുന്നു. ഇന്ത്യയും ആഫിക്കയും ഒന്നായിരുന്നു എന്ന ഗോണ്ട്വാന സിദ്ധാന്തത്തിന്റെ ജീവിച്ചിരിക്കുന്ന തെളിവുകളിൽ ഒന്നായി പാതാള തവളയെ കണക്കാക്കുന്നു. പുകയുടെ നിറം, പന്നിയുടേതുപോലുള്ള കൂർത്ത മൂക്ക്, ആനക്കുട്ടിയുടെ ആകൃതി, ബലമേറിയ കൈകാലുകൾ ഇവയൊക്കെയാണ് ഇതിന്റെ പ്രത്യേകതകൾ. മൂക്കും കൈകളും കൊണ്ടും മണ്ണ് തുരന്ന് താഴേക്കു പോകാനുള്ള കഴിവുണ്ട്. മണ്ണിരകൾ, ചിതലുകൾ, ചെറുപ്രാണികൾ എന്നിവയാണ് ഭക്ഷണം. ആൺ തവളകളേക്കാൾ വലിപ്പം കൂടുതലാണ് പെൺ തവളകൾക്ക്.

മണ്ണിനടിയിലാണ് വാസമെങ്കിലും, മഴയുടെ അളവും ജലത്തിന്റെ അളവും കാര്യമായി മനസ്സിലാക്കാനാകും. കുത്തൊഴുക്കുള്ള ചാലുകളും വരണ്ട മണ്ണും ഇവ ആവാസ കേന്ദ്രമായി മാറ്റുന്നു. മുട്ടയിടാനായി മാത്രം മണ്ണിനു പുറത്തുവരുന്നു. തവളയുടെ വാൽമാക്രി ഘട്ടം കഴിഞ്ഞാൽ പാതാള തവള മണ്ണിനടിയിലേക്കു പോകും. പിന്നീട് വർഷത്തിൽ ഒരിക്കൽ മാത്രമാണ് പുറത്തേക്കു വരുന്നത്. അതുകൊണ്ട് ഇതിന് മാവേലിത്തവള എന്നും വിളിപ്പേരുണ്ട്. പാതാള തവളയെ സംസ്ഥാനത്തിന്റെ ഔദ്യോഗിക തവളയാക്കാൻ ശ്രമം നടക്കുന്നുണ്ട്. സംസ്ഥാന വന്യജീവിസംരക്ഷണ ബോർഡ് ഇക്കാര്യത്തിൽ ഉടൻ തീരുമാനമെടുക്കും എന്ന് കരുതപ്പെടുന്നു. പാതാള തവളകൾ പുറത്തുവരുന്ന ദിവസം മഴ പെയ്യുന്നു എന്നത് ഗവേഷകരെ ഇന്നും അത്ഭുതപ്പെടുത്തുന്നു.

IUCN പട്ടികപ്രകാരം വംശനാശ ഭീഷണി നേരിടുന്ന ജീവികളായാണ് ഇവയെ കണക്കാക്കിവരുന്നത്. ആവാസവ്യവസ്ഥകളുടെ നാശം, റോഡുകളും വാഹനങ്ങളും, മലിനീകരണം, വേട്ട, കാലാവസ്ഥാവ്യതിയാനം ഇവയെല്ലാം ഇതിനു ഭീഷണികളാണ്.

സുഗതകുമാരി

# യുധിഷ്ഠിര ശകാരം

മറ്റൊരിടത്ത് യുധിഷ്ഠിരനോട് ധാർത്തരാഷ്ട്രന്മാർ വാശിയോടെ പൊരുതുകയാണ്. ദുര്യോധനൻ പടക്കൂട്ടത്തോടും സോദരന്മാരോടും ചേർന്ന് യുധിഷ്ഠിരനെ കൊല്ലാൻ കഠിനശ്രമം നടത്തുന്നു. സാത്യകിയും ഭീമനും അവരെ തടഞ്ഞുനിർത്തുന്നു. എന്നാൽ കർണ്ണൻ സേനാസമേതം യുധിഷ്ഠിരനെ ആക്രമിക്കുകയായി. 'യുധിഷ്ഠിരനെ കൊല്ലുവിൻ! കൊല്ലുവിൻ!' എന്ന് കർണ്ണൻ കൗരവപടനായകന്മാരെ പ്രോത്സാഹിപ്പിക്കുന്നു. ശ്രീകൃഷ്ണൻ പാർഥനോടു പറഞ്ഞു. 'നോക്കൂ, യുധിഷ്ഠിരന്റെ കൊടി കാണ്മാനില്ല. കർണ്ണന്റെ അമ്പുകൊണ്ട് കൊടിമരം മുറിഞ്ഞുവീണു. അതാ, ജ്യേഷ്ഠൻ വിവശനായി തേർത്തട്ടിൽ ഇരുന്നുപോയി. ആന പൊയ്കയെന്ന മട്ടിൽ, കർണ്ണൻ നമ്മുടെ സൈന്യത്തെ കലക്കിമറിക്കുന്നു. പാർഥ, നമ്മുടെ തേരാളികൾ പാഞ്ഞുപോകുന്നു. ആനകൾ വിരണ്ടു പായുന്നു. കർണ്ണന്റെ പൊന്നാനച്ചങ്ങലയാർന്ന കൊടിയതാ ഉയർന്നുപാറുന്നു. പാഞ്ചാലന്മാരെ ഓടിച്ചകറ്റുന്നു. ശിഖണ്ഡിയും സാത്യകിയും നകുലസഹദേവന്മാരുമൊന്നും അവനോടെതിർക്കാൻ ആളാകുന്നില്ല. അവരെയൊക്കെ ചിതറിച്ചിട്ട് കർണ്ണൻ അതാ ചുറ്റുംനോക്കുന്നു! പാർഥ, നിന്നെയാണവൻ തേടുന്നത്! അവന്റെ മുകളിലെ വെളുത്ത മുത്തുക്കുട പൂർണചന്ദ്രനെപ്പോലെ വിളങ്ങുന്നു. വില്ലുലച്ചുകൊണ്ട് അവൻ നിന്റെ കപിധ്വജത്തിലേക്കു നോക്കുന്നു. അതാ നമ്മുടെ നേർക്കു വരുന്നുണ്ട്, അർജ്ജുന, എതിർക്കൂ അവനെ!...' രണ്ടു സിംഹങ്ങളെപ്പോലെ രണ്ടു മഹാമേഘങ്ങളെപ്പോലെ ആ വീരന്മാർ ഏറ്റുമുട്ടി. ബാണങ്ങൾ അഗ്നി ചിതറി. ഭീമന്റെ ഗദാഘാതങ്ങളേറ്റ് കൗരവപ്പട ചോരയൊലിച്ച് പിടഞ്ഞുവീഴുന്നു, ഓടി രക്ഷപ്പെടുന്നു. ധൃഷ്ടദ്യുമ്നനും ഭീമനും ഒന്നിച്ചേറ്റ് ശത്രുക്കളെ ഉടയ്ക്കുകയാണ്. പാഞ്ചാലർ സിംഹനാദം മുഴക്കിക്കൊണ്ട് മുന്നേറി പൊരുതുന്നു. ദുശ്ശാസനൻ ഉഗ്രവീര്യത്തോടെ ധൃഷ്ടദ്യുമ്നനോടു പൊരുതി. കൊടുംശരങ്ങൾ ധൃഷ്ടദ്യുമ്നന്റെ മാറിലും കൈയിലും തറപ്പിച്ചു- ഇതുകണ്ട് കൗരവന്മാർ ആർത്തുവിളിച്ചു. ആനയെ സിംഹം തടുത്തുനിർത്തുംപോലെ ധൃഷ്ടദ്യുമ്നനെ ക്ലേശിപ്പിക്കുന്ന ദുശ്ശാസനനെക്കണ്ട് പാഞ്ചാലർ സേനാപതിയുടെ രക്ഷയ്ക്കു പാഞ്ഞടുത്തു. നകുലന്റെ അമ്പുകളേറ്റ് കുരുസൈന്യം ഒടുങ്ങുന്നു, സഹദേവനും ഉലുകനും തമ്മിൽ ഉഗ്രയുദ്ധം നടക്കുന്നു. ശകുനിയും സാത്യകിയും തമ്മിലേറ്റ് കൂരമ്പുകൾ ചൊരിഞ്ഞു- ശകുനിയുടെ പൊൻചട്ട സാത്യകിയുടെ ബാണത്താൽ പൊട്ടിപ്പിളർന്നപ്പോൾ ശകുനി ഉലൂകന്റെ തേരിലേറി രക്ഷപ്പെടുന്നു. അകിലും ചന്ദനവും പൂശിയ ഭീമന്റെ മഹാബാഹുക്കൾ വില്ലുലയ്ക്കുന്ന ഘോരശബ്ദംകേട്ട് ആനകൾ വിരണ്ടോടി- യുധിഷ്ഠിരനെ പിടിച്ചുകെട്ടുക എന്ന ലക്ഷ്യത്തോടെ കൗരവന്മാർ സർവശക്തിയും ഉപയോഗിക്കുന്നു. കർണ്ണന്റെ അസ്ത്രങ്ങളേറ്റു മുറിഞ്ഞുതളർന്നുപോയ യുധിഷ്ഠിരനെ സൂതൻ പോർക്കളത്തിൽനിന്നു മാറ്റിയിരുന്നു; ജ്യേഷ്ഠനെ കാണാഞ്ഞുഴന്ന് അദ്ദേഹം എവിടെയെന്ന് അന്വേഷിച്ചറിഞ്ഞ് പാർഥൻ കർണനോടുള്ള ഉഗ്രയുദ്ധം മതിയാക്കി ശിബിരത്തിലേക്കു പോയി.

കൃഷ്ണാർജ്ജുനന്മാരെ കണ്ട ധർമപുത്രർ സന്തോഷാശ്രുക്കളോടെ സ്വാഗതമോതി കർണവധം കഴിഞ്ഞ് അവർ വന്നതാണെന്നു ധരിച്ച രാജാവ്, കർണ്ണൻ ജീവിച്ചിരിക്കുന്നു എന്നുകേട്ട് ഖിന്നനായി. പതിമൂന്നുവർഷമായി കർണഭയത്താൽ തനിക്ക് ഉറക്കമില്ലായിരുന്നുവെന്ന് അദ്ദേഹം ചൊടിച്ചുകൊണ്ടു പറഞ്ഞു. 'പാർഥ, ഇത്രയായിട്ടും നീയവനെ കൊല്ലാതെ ഭയന്നു പോന്നുവെന്നോ? ഭീമനെ ഒറ്റയ്ക്കാക്കി നീ എന്തിനു വന്നു! അർജ്ജുന, നീ കർണനെ വധിക്കുമെന്ന് എത്രവർഷമായി വീമ്പുപറയുന്നു! സാധ്യമല്ലെന്നു കണ്ടുവോ അത്! കുന്തീദേവിയുടെ വയറ്റിൽ കിടന്നെന്നുള്ള പെരുമ നീ ഇല്ലാതാക്കിയെന്നോ? നിന്നെ വിശ്വസിച്ചും ആശ്രയിച്ചും ഞങ്ങൾ ഇന്നോളം എല്ലാ ദു:ഖവും സഹിച്ചു. അർജ്ജുന, കൃഷ്ണൻ ഒപ്പമുണ്ടായിട്ടും നീ ഓടിപ്പോന്നോ? കൊള്ളരുതാത്തവനേ, നീയാ ഗാണ്ഡീവം മറ്റാർക്കെങ്കിലും കൊടുക്ക്. നിന്റെ കപിക്കൊടിയും അഗ്നിതന്ന തേരും നിന്റെ ഗാണ്ഡീവവുമെല്ലാം മോശം, അർജ്ജുന, മോശം മോശം!'

ക്രുദ്ധനായ അർജുനൻ ഈ ദുർവാക്കുകൾകേട്ട് സ്വയംമറന്ന് ഉറയിൽനിന്നു വാളൂരി. ശ്രീകൃഷ്ണൻ അവന്റെ കൈപിടിച്ചു തടുത്തു. 'വാളൂരുന്നോ പാർഥ? ഇവിടെ ആരോടേൽക്കാനാണ് നീ വാളെടുത്തത്! അവധ്യനായ നിന്റെ ജ്യേഷ്ഠനെയോ? ചിത്തഭ്രമമോ നിനക്ക്?'

പാർഥൻ തലകുനിച്ചു പറഞ്ഞു. 'ഹേ കൃഷ്ണാ, അങ്ങു ഞങ്ങൾക്ക് അമ്മയും അച്ഛനുമാണ്; ഞങ്ങളുടെ രക്ഷയും ഗതിയും അങ്ങാണ്. അവധ്യനാണ് ജ്യേഷ്ഠനെന്നും ഞാനറിയുന്നു, പക്ഷേ ഗാണ്ഡീവം മറ്റൊരുവനു കൊടുക്കെന്നു പറയുന്നവനെ ഞാൻ വധിക്കുമെന്നു സത്യം ചെയ്തിട്ടുണ്ട്. എന്തു ചെയ്യണം കൃഷ്ണാ! ഈ ധർമസങ്കടത്തിൽ നിന്നു കരകയറ്റിയാലും.'

വാസുദേവൻ ചിരിച്ചുകൊണ്ടു പറഞ്ഞു. 'അർജുന, യുധിഷ്ഠിരൻ നിനക്കു ഗുരുവാണ്. ഗുരുനിന്ദ ഗുരുവധത്തെപ്പോലെ തന്നെയാണ്. അതിനാൽ 'നീ' യെന്നു വിളിച്ച് നിന്ദിക്കുക. വധത്തിനു സമാനമാകും അത്.'

ഇതുകേട്ട പാർഥൻ ജ്യേഷ്ഠന്റെ മുഖത്തുനോക്കി ഉഗ്രവാക്യങ്ങൾ പറഞ്ഞു. 'നീ എന്നെ നിന്ദിക്കേണ്ടാ രാജാവേ, നീ നിഷ്ഠുരനാണ്, ചൂതുകളിച്ച് എല്ലാം മുടിച്ചവൻ. ആയിരക്കണക്കിനു യോദ്ധാക്കൾ യുദ്ധക്കളത്തിൽ ചത്തുകിടക്കുന്നു. ഭാഗ്യംകെട്ട നീ നിമിത്തം, നിന്റെ ചൂതുകളി നിമിത്തം ഈ ആപത്തെല്ലാം വന്നു. എന്നിട്ട് കഷ്ടം! നീയെന്നെ നിന്ദിക്കുകയും ചെയ്യുന്നുവോ?'

ഇങ്ങനെ ഗുരുവിനെ ശകാരിച്ചിട്ട് പാർഥൻ ദു:ഖത്തോടെ വീണ്ടും വാളൂരി. 'ജ്യേഷ്ഠനെ നിന്ദിച്ച ഞാൻ എന്നെത്തന്നെ കൊല്ലുന്നു.'

'ആത്മഹത്യയോ പാർഥ?' ശ്രീകൃഷ്ണൻ വീണ്ടും അവന്റെ കൈ പിടിച്ചു. 'നോക്കൂ, പശ്ചാത്തപിച്ചുള്ള ആത്മഹത്യയ്ക്കു



വര: ജയേന്ദ്രൻ

പകരം വേറെ മാർഗമുണ്ട്. നീ സ്വയം പുകഴ്ത്തുക. അത് ആത്മഹത്യയ്ക്കു തുല്യമത്രേ...'

അർജുനൻ ലജ്ജയോടെ സ്വന്തം വീരത്വങ്ങൾ പറഞ്ഞു. 'ഞാൻ ശിവനോടു പോരാടി അസ്ത്രം നേടിയവനാണ്. ഞാൻ ഭൂമിയെല്ലാം ജയിച്ച് രാജസൂയം നടത്താൻ ജ്യേഷ്ഠനെ സഹായിച്ചവനാണ്.'

എന്നെല്ലാം സ്വയം പുകഴ്ത്തി വാക്കുപാലിച്ച് മുന്നിൽ ചെന്നു തലതാഴ്ത്തി ലജ്ജയോടെ മാപ്പുചോദിച്ചു നിൽക്കുന്ന അർജുനനോട് യുധിഷ്ഠിരൻ ദു:ഖത്തോടെ പറഞ്ഞു. 'ഉണ്ണീ, ഞാൻ നിന്നോടു കടുത്തവാക്കുകൾ പറഞ്ഞു. നിന്നെ വ്യസനിപ്പിച്ചു. ഞാനീസ്ഥാനത്തിനു യോഗ്യനല്ല– കാട്ടിൽ വസിക്കേണ്ടവനാണു ഞാൻ.'

നയവും സ്നേഹവുംനിറഞ്ഞ വാക്കുകളാൽ ഗോവിന്ദൻ അവരെ ഇരുവരെയും ആശ്വസിപ്പിച്ചു. വീണ്ടും ജ്യേഷ്ഠപാദത്തിൽ നമസ്കരിച്ചു മാപ്പുചോദിച്ചുകരഞ്ഞ അനുജനെ മാറോടണച്ചു പുണർന്ന് നെറുകയിൽ ചുംബിച്ച് ധർമപുത്രരും പൊട്ടിക്കരഞ്ഞു. വീണ്ടും ജ്യേഷ്ഠന്റെ കാൽപിടിച്ച് കർണനെ കൊല്ലാൻ അനുമതിവാങ്ങി മുഖംതെളിഞ്ഞ അർജുനൻ, ഈ ചാപല്യങ്ങൾകണ്ട് മന്ദസ്മിതം തൂകുന്ന ശ്രീവാസുദേവന്റെ തൃകൈയും പിടിച്ച് പോർക്കളത്തിലേക്കു പുറപ്പെട്ടു. *(തുടരും)*

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

ആസ്വാദനക്കുറിപ്പ്

## കൊന്നപ്പൂവിൽ വിരിയുന്ന ജീവിതം

**റംസ റഷീദ്, ക്ലാസ് 9, ജി വി എച്ച് എസ് എസ്**
**ചാത്തന്നൂർ**



കുട്ടികളുടെ മനസ്സിന്റെ ആഴങ്ങളിൽ ചലനമുണ്ടാക്കുന്ന ഒട്ടേറെ അനുഭൂതികൾ നിറയ്ക്കുന്നതാണ് അയ്യപ്പപണിക്കരുടെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിത. സ്ഥലകാലബദ്ധനായ മനുഷ്യൻ അവന്റെ പരിമിതിക്കകത്തുനിന്നുകൊണ്ട് സ്വന്തം ധർമം നിറവേറ്റാൻ നിയുക്തനാണ് എന്ന ആശയമാണ് ഈ കവിതയുടെ കേന്ദ്ര സ്ഥാനത്ത് കവി പ്രതിഷ്ഠിച്ചിരിക്കുന്നത്.

വിഷുക്കാലമായാൽ ഞാൻ ഞെട്ടിയുണരും. ആ സമയത്ത് ഇരുട്ടിന്റെ തൊപ്പിമാറ്റി പതുക്കെ പ്രഭാതം ചിരിക്കാൻ ശ്രമിക്കും. പുലർച്ചയിൽ കുളിർക്കാറ്റ് എവിടെയും വീശിയടിക്കും. വിഷുപ്പക്ഷി ഇതെല്ലാം ശ്രദ്ധിക്കും. ഞരമ്പുകൾ കോരിത്തരിച്ച് അലുക്കിട്ട മേനിയുടെ തുടിപ്പിന് പൂവെല്ലാം എത്തിച്ച് ഒരുക്കി കൊടുക്കാൻ തിടുക്കം. വീണ്ടും ഉണങ്ങിപ്പോയെന്നു തോന്നിച്ച കൊമ്പിന്റെ അറ്റത്ത് ഇതാ തിളങ്ങുന്നു പൊന്നിന്റെ പതക്കങ്ങൾ. എന്റെ കൊമ്പുകളിൽ നിറഞ്ഞുനിന്ന പച്ചപ്പ് എല്ലാം മറഞ്ഞു പോയി



രിക്കുന്നു. എന്റെ ദുരിതങ്ങൾ കൊടുംവേനലിൽ കത്തിയെരിയുന്ന ദുഃഖങ്ങൾ, കടുത്ത മഞ്ഞിലുറഞ്ഞുപോയ എന്റെ നിലവിളികൾ, മഴവന്ന് ഒടിച്ചിട്ട ചെറിയ ശാഖകൾ. എന്നെ കണികാണാൻ കാത്തുനിൽക്കുന്ന എത്രയോ പേർ? അത് ഭാവികാലത്തിന് ഗുണമാണെന്നാണ് വിശ്വാസം. കണികാണാനായി കുഞ്ഞുങ്ങൾ അവരുടെ നയനങ്ങൾ പൂട്ടി നിൽക്കുന്നു. അവർ ഉണർന്നിട്ടും മിഴി തുറക്കാതിരിക്കുന്നു. അല്പം തുറന്നാലും അത് ആരെയും അറിയിക്കാതെ അടയ്ക്കും.

''എവിടെന്റെ ഹരിതങ്ങൾ എല്ലാം മറഞ്ഞു
എവിടെന്റെ ദുരിതങ്ങൾ കൊടും വേനലിൽ
കത്തിയെരിയുന്ന താപങ്ങൾ കടുംമഞ്ഞി

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd, Thiruvananthapuram.

ലുറയുന്ന വനരോദനങ്ങൾ മഴ
വന്നൊടിച്ചിട്ട
മൃദുശാഖകൾ സർവമെവി
ടെയോ'' എന്ന വരികൾ എന്നെ ഏറെ ആകർഷിച്ചു. കണിക്കൊന്നയുടെ ദുഃഖങ്ങൾ കേട്ട് ഞാൻ വളരെ ദുഃഖിതയായി.

കാലം ഏൽപ്പിക്കുന്ന എല്ലാ വേദനകളും സഹിച്ച് കണിക്കൊന്ന പൂക്കുന്നത് തന്റെ ഗുണത്തിനു വേണ്ടിയല്ല. മനുഷ്യരാശിക്ക് മുഴുവൻ ഗുണത്തിനായാണ്. എല്ലാവർക്കും തങ്ങളുടെ ഭാവികാലത്തെ കുറിച്ചോർത്ത് പുതിയ നാളുകൾ തുടങ്ങാനാണ് കണിക്കൊന്ന പൂക്കുന്നത്. കണിക്കൊന്നയുടെ ദുഃഖങ്ങൾ നമ്മുടെ ഓരോരുത്തരുടെയും ദുഃഖങ്ങളാണ്.

നമുക്കുവേണ്ടി പൂക്കുന്ന കണിക്കൊന്നയുടെ ദുഃഖങ്ങളിൽ നമ്മളും പങ്കുചേരുക. കണിക്കൊന്നയുടെ കർത്തവ്യങ്ങൾ കണിക്കൊന്ന ചെയ്യുന്നു. അങ്ങനെ ഓരോരുത്തർക്കും ഓരോ കർത്തവ്യം. എല്ലാവരും അവരവരുടെ കർത്തവ്യങ്ങൾ നിറവേറ്റി ജീവിതത്തിൽ മുന്നോട്ടു പോവുക.



## വര

**ഐശ്വര്യലക്ഷമി എം ആർ,**
**ക്ലാസ്: 8, ഡി ബി എച്ച് എസ്,**
**തൃക്കാരിയൂർ**



# ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2020ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.**

## പാലാ കെ എം മാത്യു പുരസ്കാരം



2020 ലെ പാലാ കെ എം മാത്യു പുരസ്കാരത്തിന് ശ്രീജിത് പെരുന്തച്ചൻ അർഹനായി. കുഞ്ഞുവിനുണ്ടൊരു കഥ പറയാൻ എന്ന നോവലിനാണ് പുരസ്കാരം ലഭിച്ചത്.

## മറ്റു വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ

കഥ/നോവൽ



**മൈന ഉമൈബാൻ**
(ഹൈഹറേഞ്ച് തീവണ്ടി)

കവിത



**പകൽക്കുറി വിശ്വൻ**
(ചക്കരക്കിണ്ണം)

വൈജ്ഞാനികം



**സന്ധ്യ ആർ**
(നമ്മുടെ ബാപ്പു)

പുനരാഖ്യാനം



**ഇ എൻ ഷീജ**
(അങ്ങനെയാണ് മുതിര ഉണ്ടായത്)

ശാസ്ത്രം





**ഡോ. ടി ആർ ജയകുമാരി** **ആർ വിനോദ്കുമാർ**
(കുറിഞ്ഞികൾ കഥ പറയുന്നു)

ജീവചരിത്രം/ആത്മകഥ



**ഡോ. വിളക്കുടി രാജേന്ദ്രൻ**
(കുട്ടികളുടെ വൈലോപ്പിള്ളി)

ചിത്രീകരണം



**എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി**
(ബീർബൽ കഥകൾ)


നാടകം





**കെ കെ അശോക്കുമാർ** **കെ ശശികുമാർ**
(കുഞ്ഞുണ്ണിയുടെ യാത്രാപുസ്തകം)

പ്രൊഡക്ഷൻ



**മാതൃഭൂമി ബുക്സ്**
(ടോൾസ്റ്റോയ് പറഞ്ഞ ഈസോപ്പ് കഥകൾ)

**2017,18,19 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച ബാലസാഹിത്യ പുസ്തകങ്ങളാണ് പുരസ്കാരത്തിനായി പരിഗണിച്ചത്. 60,001/ രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങിയതാണ് പാലാ കെ എം മാത്യു പുരസ്കാരം. 20,000/ രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് മറ്റു വിഭാഗങ്ങളിലെ പുരസ്കാരങ്ങൾ. പുരസ്കാര സമർപ്പണത്തിനുള്ള തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.**

# പിൻഹോൾ ക്യാമറ

അരവിന്ദ് ഗുപ്ത

ഒരു കാർഡ്ബോർഡ് പെട്ടിയും ബട്ടർപേപ്പറും ഉപയോഗിച്ച് ഒരു പിൻഹോൾ ക്യാമറ ഉണ്ടാക്കിയാലോ?



**ആവശ്യമുള്ള സാധനങ്ങൾ**

- കട്ടികടലാസുപെട്ടി (25 x 15 x 10cm)
- ബട്ടർപേപ്പർ
- കറുത്ത കടലാസ്
- സൂചി
- തീപ്പെട്ടി
- മെഴുകുതിരി


നടുക്കുനിന്നും മാറി ഇടുന്ന ദ്വാരത്തിനനുസരിച്ച് പ്രതിബിംബം എവിടെയാണ് രൂപപ്പെടുന്നത്? കൂടുതൽ പരീക്ഷണങ്ങൾ നടത്തി ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ. എന്നിട്ട് തളിരിനെഴുതൂ.



**1** ചിത്രത്തിൽ കാണുന്ന പോലെ പെട്ടിയിൽ വലിയ ഒരു ഭാഗം മുറിച്ചുമാറ്റുക. ഈ ദ്വാരത്തിനു മുകളിൽ ബട്ടർപേപ്പർ ഒട്ടിച്ചുവയ്ക്കുക.




**2** ബട്ടർപേപ്പറിന്റെ ഭാഗം ഒഴിച്ച് പെട്ടി മുഴുവനും കറുത്ത പേപ്പർ ഉയോഗിച്ച് പൊതിയുക.




**3** ബട്ടർപേപ്പർ ഒട്ടിച്ചതിന്റെ എതിർവശത്ത് കൃത്യം നടുക്കായി സൂചി ഉപയോഗിച്ച് ഒരു ദ്വാരമിടുക. ദ്വാരത്തിനു പുറകിലായി ഒരു മെഴുകുതിരി കത്തിച്ചു വയ്ക്കുക.



**4** കാർഡ്ബോർഡ് പെട്ടി മുന്നോട്ടുംപിന്നോട്ടും അല്പം മാറ്റിനോക്കൂ. ബട്ടർപേപ്പറിൽ മെഴുകുതിരിയുടെ തലകീഴായ പ്രതിബിംബം കാണാം.



**5** കൂടുതൽ പിൻഹോളുകൾ ഉണ്ടായാൽ കൂടുതൽ പ്രതിബിംബങ്ങളും ഉണ്ടാവും.



**6** ഈ പ്രതിബിംബം രൂപപ്പെടുന്നത് എങ്ങനെയായിരിക്കും? എന്തുകൊണ്ടായിരിക്കും പ്രതിബിംബം തലകീഴായി കാണപ്പെടുന്നത്?

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 February 2021
Regd KL/TV (N)/399/2021-2023 Published on 29-01-2021 Vol:27, Issue:02, ₹20

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

**കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം**

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276,
Mob : 8547971483
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം, സാഹിതി തിരുവനന്തപുരം തുടങ്ങിയ ഇടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ACCOUNT NUMBER : 67178297569. IFSC : SBIN0000941

ഈ അക്കൗണ്ട് നമ്പരിലേക്ക് പണം അയച്ചാലും പുസ്തകങ്ങൾഅയച്ചുതരുന്നതാണ്.



**തളിര്**

**കുട്ടികളുടെ മാസിക**
**വില 20രൂപ**
**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: **8547971483.**

ACCOUNT NUMBER : **30583524448**. IFSC : **SBIN0004360**